www.malankaralibrary.com



# ആത്മാവിൽ ജനനം

(വി. മാമോദീസായെക്കുറിച്ചുള്ള പഠനം)

*ഗ്രന്ഥകർത്താക്കൾ*

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ

നവവൈദികർ - 2023

www.malankaralibrary.com

| | | |
|---|---|---|
| *Title* | : | **Aathmavil Jananam**<br>(Malayalam) |
| *Contributors* | : | Puthenvila Johnson<br>Thekkumvila Tom<br>Mylamoottil Titus<br>Malayil Varghese |
| *Published by* | : | **Malankara Seminary Publications**<br>St. Mary's Malankara Major Seminary<br>Nalanchira, Thiruvananthapuram-695 015 |
| *Printed at* | : | St. Mary's Press<br>Pattom, Thiruvananthapuram-695 004 |
| *Copyright to* | : | The Publisher |
| *Published on* | : | 26th December 2023 |
| *Copies* | : | 200 |
| *Price* | : | ₹ 150/- |

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
THE SYRO-MALANKARA CATHOLIC CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA

22-12-2023

# അനുഗ്രഹാശംസ

'ഞാൻ ജലംകൊണ്ട് സ്നാനം നൽകുന്നു, എന്നാൽ എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു... അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നൽകും' (ലൂക്കാ 3:16). വിശുദ്ധ സ്നാപകയോഹന്നാന്റെ ഈ വാക്കുകൾ മാമോദീസായുടെ അർത്ഥവും ആഴവും വിശദമാക്കുന്നു. 'ആത്മാവിൽ ജനനം' എന്ന മാമോദീസായുടെ അർത്ഥവും വിശദീകരണവും വ്യക്തമാക്കുന്ന ഈ പഠന സഹായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി 2023–ൽ വൈദികരാകുന്ന ബഹുമാനപ്പെട്ട പുത്തൻവിളയിൽ ജോൺസൺ, തെക്കുംവിളയിൽ ടോം, മൈലമൂട്ടിൽ ടൈറ്റസ്, മലയിൽ വർഗീസ് എന്നീ ശെമ്മാശന്മാരുടെ പഠനത്തിൽ നിന്നും ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നു. ഇവരുടെ പരിശ്രമങ്ങളെയും പഠനത്തെയും അഭിനന്ദിക്കുന്നതിനോടൊപ്പം ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ചരിത്രപശ്ചാത്തലം അപഗ്രന്ഥിച്ചും വി. വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയും മലങ്കര സുറിയാനി കത്തോലിക്കാ ആരാധനാക്രമത്തിലെ മനോഹാരിതയും ദൈവശാസ്ത്രവും വിശകലനം ചെയ്തും മാമോദീസ എന്ന വിശുദ്ധ കൂദാശയുടെ പ്രാധാന്യം ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിന്റെ ആത്മീകതയുടെ വിവിധ തലങ്ങളെ വിശകലനം ചെയ്യുന്നതിനും അപഗ്രന്ഥിക്കുന്നതിനും

www.malankaralibrary.com

ഗ്രന്ഥകർത്താക്കൾ സ്വീകരിച്ചിരിക്കുന്ന അനുയോജ്യമായ ആഖ്യാനശൈലി ഏവർക്കും ഗ്രഹിക്കത്തക്കവിധം അഭികാമ്യമാണ് എന്നതിൽ സംശയമില്ല. നമ്മുടെ പാരമ്പര്യവുമായി ബന്ധപ്പെട്ട കാനോനിക വിശദീകരണം ഉൾപ്പെടുത്തി വിശുദ്ധ മാമോദീസായെ കുറിച്ച് ആഴത്തിൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഈ ലഘു ഗ്രന്ഥം സഹായിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

നവവൈദീകർക്കു ആശംസകളും അനുഗ്രഹങ്ങളും നേരുന്നതോടൊപ്പം ദൈവാനുഗ്രഹം നിറഞ്ഞുനിൽക്കുന്നതും ദൈവവരപ്രസാദം പകർന്നുകൊടുക്കുന്നതുമായ പൗരോഹിത്യജീവിതവും ഹൃദയപൂർവ്വം ഞാൻ നേരുന്നു.

ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്–കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

www.malankaralibrary.com

# മുഖമൊഴി

ക്രിസ്തു തന്റെ ദൗത്യം ശിഷ്യന്മാരെ ഭരമേൽപ്പിക്കുമ്പോൾ അവരോട് ഇപ്രകാരം കൽപ്പിച്ചു: നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ (മത്താ.28:19-20). ഇങ്ങനെ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട മാമോദീസ എന്ന കൂദാശയിലൂടെ ഒരു വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമായി മാറുന്നു. ഈ ഭൂമിയിൽ ജനിക്കുന്ന ഓരോ വ്യക്തിയും ക്രിസ്തുവിന്റെ മൗതീക ശരീരത്തിന്റെ ഭാഗമായി മാറുന്നത് മാമോദീസ എന്ന കൂദാശ സ്വീകരിക്കുന്നതിലൂടെയാണ്. മറ്റൊരർത്ഥത്തിൽ, മാമോദീസ ഒരു വ്യക്തിയുടെ ജീവിതത്തിൽ ആത്മീക ജീവനിലേക്ക് പ്രവേശിക്കാനുള്ള കവാടവും മറ്റ് കൂദാശകളെ സമീപിക്കാനുള്ള വാതിലുമായി വർത്തിക്കുന്നു. ഇങ്ങനെ മാമോദീസ എന്ന കൂദാശയിലൂടെ നാം ക്രിസ്തുവിൽ വീണ്ടും ജനിക്കുകയും തിരുസഭയുടെ ദൗത്യത്തിൽ പങ്കുകാരാവുകയും ചെയ്യുന്നു.

മാമോദീസ എന്ന കൂദാശയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാനുള്ള ഒരു ശ്രമമാണ് ഈ ഗ്രന്ഥം. അഞ്ച് ഭാഗങ്ങളായാണ് ഈ ഗ്രന്ഥം ക്രമീകരിച്ചിരിക്കുന്നത്. ഒന്നാമതായി മാമോദീസയുടെ ചരിത്ര പശ്ചാത്തലവും, രണ്ടാമതായി മാമോദീസയുടെ

www.malankaralibrary.com

വേദഗ്രന്ഥാടിസ്ഥാനവും മൂന്നാമതായി മാമോദീസ എന്ന കൂദാശ യെക്കുറിച്ചും നാലാമതായി മാമോദീസ എന്ന കൂദാശ മലങ്കര ശുശ്രൂഷാക്രമത്തിൽ എന്നതിനെക്കുറിച്ചും അഞ്ചാമതായി മാമോ ദീസയുടെ സഭാനിയമങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു.

ഞങ്ങളുടെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് ഈ പുസ്തകം പ്രകാശനം ചെയ്യാൻ സാധിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ ഗ്രന്ഥ രചനയിൽ ഞങ്ങളെ സഹായിച്ച ഏവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച്, ഈ ഗ്രന്ഥത്തിന്റെ രചനയിൽ ആദ്യാവസാനം ഞങ്ങൾക്ക് കരുതലും, സഹായവും, പ്രചോദനവും, മാർഗ്ഗനിർ ദ്ദേശവും നൽകിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയോ ടുള്ള നിസീമമായ നന്ദി അറിയിക്കുന്നു. ഈ ഗ്രന്ഥ രചനയിൽ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകി ഞങ്ങളെ സഹായിച്ച ഞങ്ങളുടെ അധ്യാപകരായ ബഹുമാന്യരായ ജോസഫ് വള്ളി യാട്ടച്ചനെയും, ജോളി കരിമ്പിൽ അച്ചനെയും, തോമസ് പുന്ന ത്താനത്ത് അച്ചനെയും, ജോസഫ് പൂവത്തുംതറയിലച്ചനെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. മലങ്കര മേജർ സെമിനാരിയിലെ ഞങ്ങളുടെ അധ്യാപകർക്കും സഹപാഠികൾക്കും ഹൃദയം നിറഞ്ഞ നന്ദി... ഈ പുസ്തകം തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ച ബഹുമാനപ്പെട്ട ഫാ. ജോസഫ് പുളിമൂട്ടിൽ, ബ്രദർ മണലുശ്ശേരി സാം, ബ്രദർ പൂച്ചെടിവിളയിൽ സെബാസ്റ്റ്യൻ, ബ്രദർ പള്ളിപ്പറമ്പിൽ റൂബൻ, എന്നിവരെയും നന്ദിയോടുകൂടി ഓർക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത എം. എസ്. പബ്ലിക്കേ ഷനും പ്രിന്റിംഗ് നിർവ്വഹിച്ചുതന്ന പട്ടം സെന്റ്

www.malankaralibrary.com

മേരീസ് പ്രസ്സിന്റെ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് കയ്യാലയ്ക്കൽ അച്ചനേയും സെന്റ് മേരീസ് പ്രസ്സിലെ ജീവനക്കാരേയും ഹൃദയം നിറഞ്ഞ നന്ദിയോടുകൂടി ഓർക്കുന്നു.

വായിക്കുന്നവരുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ഇത് കാരണമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം ഞങ്ങൾ സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താക്കൾ

www.malankaralibrary.com



# ഉള്ളടക്കം

**അനുഗ്രഹാശംസ: കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**

**മുഖമൊഴി**

അദ്ധ്യായം 1 : **മാമോദീസ: ചരിത്രതാളുകളിലൂടെ** **13**

അദ്ധ്യായം 2 : **മാമോദീസ: വേദഗ്രന്ഥ അടിസ്ഥാനം** **27**

അദ്ധ്യായം 3 : **മാമോദീസ: ഒരു കൂദാശ** **40**

അദ്ധ്യായം 4 : **മാമോദീസ: ഒരു മലങ്കര ക്രമത്തിൽ** **63**

അദ്ധ്യായം 5 : **സഭാനിയമങ്ങൾ: പൗരസ്ത്യസഭകളുടെ കാനോനുകൾ (CCEO)** **91**

www.malankaralibrary.com

# ആമുഖം

അനന്തകാരുണ്യവാനായ ദൈവം ആകാശവും ഭൂമിയും സകലചരാചരങ്ങളും സൃഷ്ടിച്ചു. സൃഷ്ടിയുടെ മകുടമായി തന്റെ ഛായയിലും സാദൃശ്യത്തിലും അവിടുന്ന് മനുഷ്യനെയും സൃഷ്ടിച്ചു. താൻ കാണുന്നതുപോലെ ഈ പ്രപഞ്ചത്തെയും സൃഷ്ടികളേയും കാണുവാൻ വിളിക്കപ്പെട്ട ആദിമ മനുഷ്യൻ സ്വന്തം കണ്ണുകളിലൂടെ പ്രപഞ്ചത്തെ കാണുവാൻ ശ്രമിക്കുകയും പാപത്തിന്റെ ഫലം ഭക്ഷിച്ച് ദൈവസ്നേഹത്തിൽ നിന്നും ദൈവികകൃപയിൽ നിന്നും അകന്നു. പാപത്തിന്റെ ബന്ധന ത്തിൽ അകപ്പെട്ട അവർക്ക് ദൈവികബന്ധത്തിലേക്കു തിരിച്ചു വരാനുള്ള അതിയായ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ഏദൻ തോട്ടം നഷ്ടമായതുപോലെത്തന്നെ അതും അവർക്കു വിദൂരസ്ഥമായി കഴിഞ്ഞിരുന്നു. പക്ഷേ അവിടുന്ന് അവരെ കൈയൊഴിഞ്ഞില്ല. ദൈവിക ബന്ധത്തിൽ നിന്നകന്നുപോയ മനുഷ്യന്റെ ജീവിതത്തിൽ പല രൂപത്തിലും ഭാവത്തിലും ഇടപെട്ടുകൊണ്ട് പലരിലൂടെ രക്ഷാകരമായ വെളിപാടുകൾ യഹോവയായ ദൈവം അവർക്കു നൽകികൊണ്ടിരുന്നു. അടിമത്വത്തിന്റെ ചങ്ങലകൾ പൊട്ടിച്ചു സ്വാതന്ത്ര്യത്തിന്റെ കാനാനിലേക്കു തന്റെ ജനത്തെ നയിച്ചുകൊണ്ട് അനശ്വരനായ ദൈവം തന്റെ കൃപ അവരിലേക്ക് വർഷിച്ചു കൊണ്ടേയിരുന്നു. തന്റെ ആലയിലേക്ക് ജനത്തെ അടുപ്പിക്കാൻ അവൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. ഇതിന്റെ പൂർത്തീക രണത്തിനായി താൻ അത്രമാത്രം സ്നേഹിച്ചിരുന്ന തന്റെ

www.malankaralibrary.com



ഏകജാതനെ അവിടുന്ന് ലോകത്തിലേക്കയച്ചു (യോഹ.3:16). പാപമൊഴികെ എല്ലാ കാര്യങ്ങളിലും മനുഷ്യനായി തീർന്ന ദൈവപുത്രനായ മിശിഹാ മാനവകുലത്തിന്റെ പാപങ്ങൾക്കായി പീഡസഹിച്ചു, ഗോഗുൽത്തായുടെ വിരിമാറിൽ സ്വയം ബലിയായിത്തീർന്നു. ഇപ്രകാരം, ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി ബലിയായി മാറി തന്റെ സ്നേഹം നമുക്കായി ദൈവം പകർന്നു തന്നു. അങ്ങനെ തന്റെ ഇഹലോക ദൗത്യം താൻ തന്റെ ശിഷ്യന്മാരെ ഭരമേല്പിക്കുകയും, മണവാട്ടിയായ സഭയോട് തന്റെ രക്തത്താൽ വിവാഹ ഉടമ്പടി നടത്തുകയും ചെയ്തതിനുശേഷം അവൻ സ്വർഗത്തി ലേക്ക് ആരോഹിതനായി. ഇപ്രകാരം പാപത്തിന്റെ നശ്വരതയിൽ മനുഷ്യൻ നഷ്ടപ്പെടുത്തിയ ശാശ്വത മായ ദൈവിക കൃപ ദൈവം തന്റെ മക്കൾക്ക് സഭയിലൂടെ സംജാതമാക്കി. ഈ അദൃശ്യമായ ദൈവീക കൃപയുടെ ദൃശ്യമായ അടയാളങ്ങളായി അവൻ സഭയിൽ കൂദാശകൾ സ്ഥാപിച്ചു. സഭയിലെ ഓരോ കൂദാശകളിലൂ ടെയും അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തി. അവന്റെ വെളിപാടുകൾ ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. ഇതിനാൽ നഷ്ടപ്പെട്ടുപോയ ദൈവിക ബന്ധത്തെ ഊട്ടി ഉറപ്പിക്കാൻ ഓരോ കൂദാശകൾക്കും സാധിക്കുന്നു.

ദൈവകൃപയുടെ അടയാളങ്ങളാണ് കൂദാശകൾ. 'കാദേശ്' എന്ന സുറിയാനി വാക്കിൽ നിന്നാണ് കൂദാശ എന്ന വാക്കുണ്ടാ യത്. **'ശുദ്ധീകരിക്കുക, വിശുദ്ധീകരിക്കുക'** എന്നാണിതിന്റെ അർത്ഥം. അദൃശ്യമായ ദൈവത്തിന്റെ കൃപ ദൃശ്യമായ അടയാള ങ്ങളിലൂടെ മനുഷ്യൻ സ്വീകരിക്കുന്നത് കൂദാശകളിലൂടെയാണ്. പാപത്താൽ മലിനമായ മനുഷ്യനിൽ ദൈവകൃപ നൽകുന്ന വിശുദ്ധീകരണ പ്രക്രിയകളാണ് വിശുദ്ധ കൂദാശകൾ. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ജനനം മുതൽ ഉത്ഥാനം വരെ ഈ ഭൂമിയിൽ ദൃശ്യനായി വിശുദ്ധീകരണ പ്രക്രിയ നടത്തുകയും ഉത്ഥാനത്തിനുശേഷം അദൃശ്യനായി അവൻ

www.malankaralibrary.com



സഭയിൽ ദൃശ്യമായ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂ ടെയും മനുഷ്യവംശത്തിന് തന്റെ രക്ഷാകര കൃപകളും ദാനങ്ങളും നല്കുകയും അവളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം സഭയിൽ കൂദാശകളിലൂടെ അവൻ ഈ വർത്തമാന കാലത്തും മനുഷ്യനുമായി പൂർണ്ണ സംസർഗത്തിലാകുന്നു.

അനാദി മുതൽ പ്രപഞ്ചസൃഷ്ടികളിലൂടെ മനുഷ്യനെ സ്നേഹിച്ച ദൈവം, തന്റെ മനുഷ്യാവതാരത്തിലൂടെ അതിന്റെ പ്രകടമായ യാഥാർത്ഥ്യത്തിലേക്ക് നമ്മെ എത്തിച്ചു. "തന്റെ ഏകജാതനെ നൽകാൻ തക്കവണ്ണം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചു" (യോഹ. 3:16). കൂദാശകളുടെ അടിസ്ഥാനം ദൈവത്തിന്റെ അളവറ്റ മനുഷ്യസ്നേഹവും അതുമൂലമുണ്ടായ മനുഷ്യാവതാരവുമാണ്. ദൈവികത ഭൗതികതയുമായി ഒന്നിക്കുന്ന യാഥാർത്ഥ്യമാണ് കൂദാശ. പൂർണ്ണദൈവവും, പൂർണ്ണമനുഷ്യനുമായ യേശുക്രിസ്തുവാണ് പരമമായ കൂദാശയും എല്ലാ കൂദാശകളുടെയും അടിസ്ഥാനവും.

തന്റെ പീഡാസഹനങ്ങളുടെ അന്ത്യത്തിൽ അവൻ തന്റെ പാർശ്വം തുറന്ന് രക്തവും ജലവും നമുക്കായി ഒഴുക്കി. അതിലൂടെ വിശുദ്ധ മാമോദീസയും വിശുദ്ധ കുർബാനയും നമുക്കേകി. നിക്കേദിമോസിന്റെ സംശയത്തിന് ജലത്താൽ ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം അവകാശമാക്കുകയില്ലെന്ന് തന്റെ പരസ്യ ജീവിത കാലത്ത് പറഞ്ഞവൻ തന്റെ ഇഹലോകവാസം കഴിഞ്ഞ്, ഉത്ഥാനാനന്തരം ജലത്താലുള്ള ഈ ജീവൻ നൽകുവാൻ തന്റെ അപ്പസ്തോലന്മാരെ അധികാരപ്പെടുത്തി; സഭയുടെ വാതിലായി മാമോദീസ എന്ന കൂദാശയെ ഉറപ്പിച്ചു. ഇതിനാൽ ഒരുവൻ ദൈവ രാജ്യത്തിലെ അംഗവും ദൈവമകനുമായിത്തീരുന്നു.

മാമോദീസായിൽ നാം ക്രിസ്തുവിനോടൊപ്പം മരിക്കുകയും അവനോടുകൂടെ ഉയർക്കുകയും ചെയ്യുന്നുവെന്ന് സെരൂഗിലെ വി. യാക്കോബ് പറഞ്ഞുവയ്ക്കുന്നു. "On the Mystery of the Holy

www.malankaralibrary.com



Baptism: Baptism is the mystery of the death and resurrection of Christ. In baptism, we die to sin and are raised to new life in Christ. It is the washing away of our sins and the birth of the new man."-Jacob of Serug

വി. അപ്രേം മാമോദീസായിലൂടെ വ്യക്തികൾക്ക് പാപമോചനം ലഭിക്കുന്നുവെന്ന് പഠിപ്പിക്കുന്നുണ്ട്. "Blessed is the One who called us to birth by water and Spirit, and who has given us forgiveness in our Baptism." -Mar Ephrem.

'മാമോദീസ' എന്നാൽ 'ജ്ഞാനസ്നാനം' എന്നാണ് അർത്ഥമാക്കുക. ഒരു വ്യക്തിയെ ജലത്താലും ആത്മാവിനാലും ശുദ്ധീകരിച്ച് ദൈവാത്മാവിനെ പ്രദാനം ചെയ്യുന്ന അടിസ്ഥാന കൂദാശയാണിത്. ക്രൈസ്തവ ജീവിതത്തിന്റെ മുഴുവൻ അടിസ്ഥാനമായി ഇത് നിലകൊള്ളുന്നു. ഇപ്രകാരം ആത്മിക ജീവനിലേക്ക് പ്രവേശിക്കാനുള്ള കവാടമായും മറ്റു കൂദാശകളെ സമീപിക്കാനുമുള്ള വാതിലായും മാമോദീസ വർത്തിക്കുന്നു. 'മുക്കുക, അഥവാ താഴ്ത്തുക' എന്നർത്ഥമുള്ള ജ്ഞാനസ്നാനം എന്ന കൂദാശ ക്രിസ്തുവിന്റെ മരണത്തോട് സ്നാനാർത്ഥിയെ ഐക്യപ്പെടുത്തുന്നതിനെയാണ് (റോമ 6:3–5) സൂചിപ്പിക്കുന്നത്. അവിടെനിന്ന് ഒരു വ്യക്തി ക്രിസ്തുവിനോടൊപ്പം പുതിയ സൃഷ്ടിയായി ഉയർത്തെഴുന്നേൽ ക്കും. ക്രിസ്തുവിൽ ഒരു വ്യക്തിയെ പുതിയ ജീവനിലേക്ക് നയിക്കുന്ന ഈ കൂദാശയുടെ വിവിധ വശങ്ങളെക്കുറിച്ചാണ് ഈ പുസ്തകം വിചിന്തനം നടത്തുന്നത്.

വിശുദ്ധ മാമോദീസയുടെ ചരിത്രം, വേദഗ്രന്ഥാടിസ്ഥാനം, ദൈവശാസ്ത്രം, മലങ്കര ആരാധനാക്രമത്തിലെ മാമോദീസ, കാനോനിക നിയമങ്ങൾ എന്നിവ ഉൾപ്പെടുത്തി മാമോദീസയുടെ വിവിധ വശങ്ങളെ വ്യക്തമായും ആധികാരികമായും സ്പഷ്ടമാക്കുകയാണ് ഈ പുസ്തകം.

www.malankaralibrary.com

## അധ്യായം 1

# മാമോദീസ - ചരിത്രതാളുകളിലൂടെ

എല്ലാ മതവിഭാഗങ്ങളിലും വിശുദ്ധീകരണത്തിന്റെ ഒരു കഴുകൽ നാം കാണുന്നുണ്ട്. ഹൈന്ദവ ആചാരപ്രകാരം അതിരാവിലെ എഴുന്നേറ്റ് കുളത്തിൽപോയി മുങ്ങി സ്വയം വിശുദ്ധീകരിച്ചിട്ടാണ് ഒരാൾ നടയിലേക്ക് നടന്നുനീങ്ങുന്നത്. അതുപോലെ മുസ്ലീം മതവിഭാഗക്കാർ പ്രാർത്ഥനയ്ക്ക് മുൻപ് തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിന്റെ അടയാളമായി കൈയ്യും കാലും മുഖവും കഴുകുന്നു. ഇങ്ങനെ നോക്കുകയാണെങ്കിൽ എല്ലാ മതങ്ങളിലും വിശുദ്ധീകരണത്തിന്റെ പ്രതീകമായിട്ടാണ് ജലത്തെ കണക്കാക്കുന്നത്. യഹൂദമതത്തിന്റെ ചരിത്രത്തിലും ഇങ്ങനെ ഒരു കഴുകൽ നമുക്ക് കാണാൻ കഴിയും. വിജാതീയരായ മനുഷ്യർ യഹൂദരുടെ കൂട്ടായ്മയിൽ ചേരുമ്പോൾ പരിച്ഛേദനത്തിനുശേഷം ഏതെങ്കിലും ഒരു നദിയിൽ സ്വയം മുങ്ങികുളിക്കണം എന്നൊരു പാരമ്പര്യം നിലനിന്നിരുന്നു. ഇത് പാപങ്ങളുടെ മോചനത്തിനല്ല, പിന്നെയോ കാഴ്ചകളും ബലികളും അർപ്പിക്കുന്നതിന് മുൻപ് തങ്ങളെത്തന്നെ ഒരുക്കുന്നതിനായിട്ടാണ്. യഹൂദമതത്തിൽ ചേരുന്നതിന്റെ ഭാഗമായി ഒരിക്കൽ മാത്രം സ്വയം ചെയ്യേണ്ടിയിരുന്ന ഒന്നായിരുന്നു ഇത്. യഹൂദരുടെ ഇടയിലെന്നതുപോലെ തന്നെ ക്രിസ്ത്യാനികളുടെ ഇടയിലും സഭയിൽ ചേരുന്നതിന്റെ ഭാഗമായി ഒരിക്കൽ മാത്രം നടത്തപ്പെടുന്ന കഴുകൽ നാം കാണുന്നു. ഇതിനെയാണ് ജ്ഞാനസ്നാനാം അഥവാ മാമോദീസ

www.malankaralibrary.com



എന്ന് വിശേഷിപ്പിക്കുന്നത്. യേശുക്രിസ്തുവിനോടും അവന്റെ രക്ഷാകര രഹസ്യങ്ങളോടും അവന്റെ ശരീരമായ സഭയോടും ഒരു വ്യക്തിയെ സംസർഗ്ഗത്തിലാക്കുന്ന കൂദാശയാണ് മാമോദീസാ. മാമോദീസ എന്ന ഈ കൂദാശയുടെ ചരിത്രവശങ്ങൾ വിശദമാക്കുകയാണ് ഈ അധ്യായത്തിന്റെ ലക്ഷ്യം.

## മാമോദീസാ – ആദിമ നൂറ്റാണ്ട്

'യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ' (അപ്പ. 2:37–41) എന്ന വിശുദ്ധ പത്രോസിന്റെ വാക്കുകളിലാണ് ആദിമ സഭയിൽ നടന്ന മാമോദീസായെക്കുറിച്ചുള്ള വിവരണം നാം കാണുന്നത്. എന്നാൽ അത് എങ്ങനെയാണ് നടത്തിയത് എന്ന് മതിയായ തെളിവുകൾ നമുക്കില്ല. ഒരു പക്ഷേ വെള്ളത്തിൽ മുങ്ങി തന്നെയാവാം. വീണ്ടും താളുകൾ മുന്നോട്ട് മറിയുമ്പോൾ അപ്പ. പ്രവ. 8–ാം അധ്യായം 26 മുതൽ 40 വരെയുള്ള വാക്യങ്ങളിൽ ജലത്താൽ നൽകപ്പെട്ട മാമോദീസ നാം കാണുന്നുണ്ട്. കർത്താവിന്റെ ആത്മാവിനാൽ പ്രേരിതനായ ഫീലിപ്പോസ് എത്യോപ്യക്കാരൻ ഷണ്ഡന് മാമോദീസ നൽകിയതാണ് സംഭവം. 38–ാം വാക്യത്തിൽ 'വെള്ളത്തിലിറങ്ങി സ്നാനം നല്കിയെന്ന്' നാം വായിക്കുന്നു. വി. പൗലോസ് റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?" (റോമ 6:4). പുതിയ നിയമത്തിൽ പലയിടങ്ങളിലും ഈ കഴുകലിനെക്കുറിച്ച് നാം കാണുന്നുണ്ട്. ജലത്താലുള്ള സ്നാനത്താലും, ആത്മാവിന്റെ നിശ്വാസത്താലുമാണ് അന്ന് അപ്പോസ്തലന്മാർ സ്നാനം നല്കിയിരുന്നതെന്ന് പറയപ്പെടുന്നു. അപ്പസ്തോലിക പ്രബോധനം 'Didache' എന്ന ഗ്രന്ഥത്തിൽ എങ്ങനെയാണ് സ്നാനം

www.malankaralibrary.com



നല്കേണ്ടതെന്ന് പ്രതിപാദിച്ചിട്ടുണ്ട്. വിവിധ യഹൂദ– ക്രിസ്ത്യൻ രേഖകളിലും ഇപ്രകാരമുള്ള സ്നാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സഭയുടെ അംഗമായിതീരുന്നതും പാപങ്ങളുടെ മോചനം ലഭിക്കുന്നതും മാമോദീസയിലൂടെയാണെന്ന് 'Shepherd of Hermas' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മൂന്നാം നൂറ്റാണ്ടിൽ, നിലവിലിരുന്ന അപ്പസ്തോലിക പാരമ്പര്യത്തിൽ (Apostolic Tradition) മാമോദീസ രീതികളെക്കുറിച്ച് ഇപ്രകാരമാണ് പറയുന്നത്. മാമോദീസ സ്വീകരിക്കാൻ തീരുമാനിച്ച അർത്ഥികളുടെ വിശ്വാസം പരിശോധിക്കുകയും, ശേഷം അവരിൽ നിന്ന് അശുദ്ധാത്മാവിനെ ഒഴിപ്പിച്ച് വീണ്ടും അവരുടെ ജീവിതം പുണ്യം നിറഞ്ഞതും സഹോദരസ്നേഹം ഉള്ളതുമാണോയെന്ന് വീക്ഷിക്കുകയും ചെയ്യുന്നു. ശരിയായ പരിശോധനക്കുശേഷം യോഗ്യരായവരെ മാമോദീസ സ്വീകരണത്തിനായി ഒരുക്കുന്നു. തുടർന്ന്, മാമോദീസ സ്വീകരിക്കുന്നതുവരെ എല്ലാ ദിവസവും കൈവെയ്പ്പും, പ്രാർത്ഥനയും നടത്തും. മാമോദീസ ദിവസം മെത്രാൻ തന്നെ അവരിൽ നിന്ന് അശുദ്ധാത്മാവിനെ പുറത്താക്കുകയും (Exorcism) കൈവെയ്പ് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. ദു:ഖവെള്ളിയാഴ്ചയും ദു:ഖശനിയും ഉപവസിച്ചശേഷം ദു:ഖശനിയാഴ്ച അവരിൽ നിന്ന് വീണ്ടും അശുദ്ധാത്മാവിനെ പുറത്താക്കി. മെത്രാൻ അവരുടെ മുഖത്തും, നെറ്റിയിലും, മൂക്കിലും ചെവികളിലുമെല്ലാം നിശ്വസിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ അശുദ്ധാത്മാവിനെ പുറത്താക്കിയതായും നിത്യജീവനെ സ്വീകരിക്കുന്നതായും കണക്കാക്കപ്പെടുന്നു. ആ രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിച്ച ശേഷം പ്രഭാതത്തിൽ നദീതടത്തിലോ, ഒഴുകുന്ന ജലാശയത്തിലോ പോയി മൂന്നു പ്രാവശ്യം മുക്കി സ്നാനപ്പെടുത്തുന്നു. ത്രിത്വനാമത്തിലായിരുന്നു സ്നാനം നല്കിയിരുന്നത്.

www.malankaralibrary.com



## മാമോദീസ നാലാം നൂറ്റാണ്ടിലെ സഭയിൽ

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ കൂദാശകളെക്കുറിച്ചും അതിന്റെ പരികർമ്മത്തെക്കുറിച്ചും സഭയിൽ ചോദ്യങ്ങൾ ഉയർന്നുവന്നു. ഈ കാലഘട്ടത്തിൽ സഭയിൽ ഉണ്ടായിരുന്ന നിലപാടുകൾ പല സഭാപിതാക്കന്മാരിലും വ്യത്യസ്തമായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വി. സിപ്രിയനെ പോലുള്ള സഭാപിതാക്കന്മാർ അവകാശപ്പെട്ടിരുന്നത് സത്യവിശ്വാസം ഏറ്റുപറയുന്ന സത്യസഭ തങ്ങളുടേത് മാത്രമാണെന്നാണ്. അതുകൊണ്ടുതന്നെ പുറത്ത് ഒരു സഭയിൽ നിന്ന് മാമോദീസ സ്വീകരിച്ചിട്ട് സത്യസഭയിലേക്ക് വരുന്നവരെ അവർ വീണ്ടും മാമോദീസമുക്കിയിരുന്നു. മറ്റു സഭകളിലെ മാമോദീസ ശരിയായ മാമോദീസയല്ലെന്നാണ് അവർ വിശ്വസിച്ചിരുന്നത്. എന്നാൽ പിന്നീട് വന്ന വി. അംബ്രോസിനെയും അഗസ്തിനോസിനെയും പോലുള്ള സഭാപിതാക്കന്മാർ ഇതിനൊരു പരിഹാരം കണ്ടെത്താൻ തീരുമാനിച്ചു. നാലാം നൂറ്റാണ്ടിൽ നിലവിലിരുന്ന ഈ പ്രശ്നത്തിനു പരിഹാരമായി വി. അഗസ്തിനോസ് മാമോദീസയുടെ സ്വഭാവത്തെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മാമോദീസയുടെ അടയാളം അതിനുപയോഗിക്കുന്ന ‘ജലവും’ ‘വചനവുമാണ്’ (ത്രിത്വനാമത്തിൽ മുദ്രയിടുന്നത് - ത്രിത്വനാമത്തിലുള്ള വിശ്വാസം ഏറ്റുപറയുന്നത്). അതുകൊണ്ടുതന്നെ, മാമോദീസായിൽ കാർമ്മികന്റെ വചനത്തെക്കാൾ മാമോദീസ വചനമാണ് പ്രാധാന്യമർഹിക്കുന്നത്. ആയതിനാൽ മാമോദീസയുടെ അംഗീകാരം (validity) അതിന്റെ വാക്കുകളിലും ത്രിത്വത്തിലുള്ള വിശ്വാസ ഏറ്റുപറച്ചിലിന്റെയും അടിസ്ഥാനത്തിലാണ് നിശ്ചയിക്കുക. ഇതിനാൽത്തന്നെ പുറത്തു മാമോദീസ സ്വീകരിച്ചവരുടെ മാമോദീസ ശരിയായ മാമോദീസയാണെന്നും, മാമോദീസ ഒരു മായാത്ത മുദ്രയാണെന്നും (indelible mark), അത് ഒരിക്കലും നശിക്കാത്ത അടയാളമാണെന്നും അദ്ദേഹം പഠിപ്പിച്ചു.

www.malankaralibrary.com



ഓരോ കൂദാശയുടെയും മൂല്യം അത് നിർവഹിക്കുന്ന കാർമ്മികന്റെ പരിശുദ്ധിയിലല്ല പിന്നെയോ അതിന്റെ അടിസ്ഥാനമായ ക്രിസ്തുവിലാണ്. ക്രിസ്തുവിന്റെ നാമത്തിൽ നല്കുന്ന മാമോദീസ എല്ലാതരത്തിലും അംഗീകരിക്കപ്പെടുന്നതാണെന്ന് വി. അഗസ്തിനോസ് പഠിപ്പിച്ചു. മാമോദീസയുടെയും മറ്റെല്ലാ കൂദാശകളുടെയും അടിസ്ഥാനവും അവകാശവും ക്രിസ്തുവിലായിരിക്കുന്നതിനാൽ അവയെല്ലാം സത്യവും അംഗീകൃതവുമാണ്. ശിശു മാമോദീസായെക്കുറിച്ചുള്ള പരാമർശങ്ങളും വി. അഗസ്തിനോസിൽ നമുക്ക് കാണാം. അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "തല തൊടുന്ന മാതാപിതാക്കളുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലല്ല പിന്നെയോ പരിശുദ്ധാത്മാവിന്റെ കൃപയാലാണ് ഒരു കുഞ്ഞ് മാമോദീസയിലൂടെ സഭയുടെ അംഗമാകുന്നത്."

ശിശുക്കളുടെ മാമോദീസയെക്കുറിച്ചും, അവർക്ക് വിശ്വാസം പ്രഖ്യാപിക്കാൻ കഴിയുന്നില്ലായെങ്കിൽ അവരുടെ കുടുംബത്തിലുള്ള മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ അവർക്ക് പകരമായി വിശ്വാസം ഏറ്റുപറയാൻ സാധിക്കും എന്ന് ആദിമ നൂറ്റാണ്ടിൽ തന്നെ ഒരിജനും തെർത്തുല്യനും തങ്ങളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## മാമോദീസ ആറാം നൂറ്റാണ്ട് മുതൽ

ആറാം നൂറ്റാണ്ടുമുതലായിരുന്നു 'മാമോദീസയുടെ' പ്രാധാന്യവും ആചാരക്രമവും അതിന്റെ ദൈവശാസ്ത്രവും കൂടുതലായി ശ്രദ്ധിക്കുകയും വിശദീകരിക്കുകയും ചെയ്തു തുടങ്ങിയത്. ഈ കാലയളവിൽ വിശുദ്ധ ഡയനീഷ്യസ്, വിശുദ്ധ ജോൺ ഡമഷീൻ തുടങ്ങിയവർ മാമോദീസയെ കൂടുതൽ ദൈവശാസ്ത്രപരമായി വിവരിക്കാൻ തുടങ്ങി. വിശുദ്ധ ജോൺ ഡമഷീനാണ് മാമോദീസയെ ക്രിസ്തുവിന്റെ മരണമായി

www.malankaralibrary.com



ബന്ധപ്പെടുത്തുകയും, ക്രിസ്തുവിന്റെ വിലാവിൽ നിന്നൊഴുകിയ ജലമാണ് മാമോദീസയിലൂടെ നമ്മെ ശുദ്ധീകരിക്കുന്നതുമെന്നുള്ള വിവരണങ്ങൾ നല്കിയത്. മാമോദീസയെന്നത് അവന്റെ മരണത്തിൽ മരിക്കുകയും, അവന്റെ പുതുജീവൻ പ്രാപിക്കുന്ന തുമായ കൂദാശയാണ്.

ശിശു-മാമോദിസ ആദ്യകാലങ്ങളിൽ തന്നെ സഭാപിതാക്കന്മാർ മുന്നോട്ട് വച്ച ആശയങ്ങളിൽ ഒന്നായിരുന്നു. ആദ്യകാലങ്ങളിൽ 'മാമോദീസയും മൂറോനഭിഷേകവും ഒന്നായിട്ടായിരുന്നു നടത്തിയിരുന്നത്. എന്നാൽ ആറാം നൂറ്റാണ്ടിലെത്തിയപ്പോൾ അവ രണ്ടായി നടത്താനാരംഭിച്ചു. അങ്ങനെ, 'മാമോദീസ' പാപമോചനത്തിന്റെയും, പുതു ജനനത്തിന്റെയും പരിശുദ്ധാത്മാഭിഷേകത്തിന്റെയും കൂദാശയായി സഭയിൽ രൂപംകൊണ്ടു. ഈ കാലത്ത് കൂട്ടമായി അനേകർ മാമോദീസവഴി സഭയിലേക്ക് ചേർന്നു. അങ്ങനെ, അന്നുവരെ നിലനിന്നിരുന്ന മാമോദീസയ്ക്ക് മുമ്പുണ്ടായിരുന്ന ഒരുക്കത്തിന്റെ കാലയളവ് സഭയിൽ പതിയെ കുറയാൻ തുടങ്ങി. കാരണം വളരെയധികം പേർ വിശ്വാസം സ്വീകരിക്കാൻ മുന്നോട്ട് വന്നുകൊണ്ടിരുന്നു. 4-5 നൂറ്റാണ്ടിനു ശേഷം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ തന്നെ ജലത്താൽ മാമോദീസാ മുക്കുമായിരുന്നു. കാരണം ജലം കൊണ്ടുള്ള മാമോദീസയാണ് രക്ഷയ്ക്ക് അടിസ്ഥാനമെന്നും അവർ വിശ്വസിച്ചിരുന്നു.

13-ാം നൂറ്റാണ്ടിൽ വി. തോമസ് അക്വിനാസാണ് മാമോദീസയുടെ ദൈവശാസ്ത്രത്തിന് ഒരു ക്രമം കൊണ്ടുവരുന്നത്. ഇദ്ദേഹം അരിസ്റ്റോട്ടിലിന്റെ 'മാറ്റർ' (matter) 'ഫോം' (form) എന്നീ ദാർശനിക ആശയങ്ങളാണ് ഈ കൂദാശയെ വിശദീകരിക്കാൻ ഉപയോ ഗിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചെടുത്തോളം മാമോദീസയുടെ ഫലങ്ങൾ

www.malankaralibrary.com



ഒരു വ്യക്തിക്ക് സംലഭ്യമാകുക അവൻ അതിന്റെ അടയാളങ്ങൾ സ്വീകരിക്കുമ്പോഴാണ്. അരിസ്റ്റോട്ടിലിന്റെ 'Causality Theory' വച്ചാണ് അക്വിനാസ് ഇത് വിശദീകരിച്ചത്. മാമോദീസയുടെ അടയാളങ്ങൾക്ക് (character) കാരണം കൂദാശ രീതിയാണ് (rite). ഈ അടയാളങ്ങളും ക്രമവുമാണ് കൃപകളുടെ അടിസ്ഥാനം. ഇദ്ദേഹമാണ് രക്തത്തിലുള്ള മാമോദീസയും (Baptism of blood -അതായത് ഒരു ക്രിസ്ത്യാനിക്ക് സാധാരണഗതിയിൽ മാമോദീസാ യിലൂടെ ലഭിക്കുന്ന നീതീകരണത്തിന്റെ കൃപ, മാമോദീസ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ രക്തസാക്ഷിത്വത്തിലൂടെ, ലഭ്യമാകുമെന്ന വിശ്വസമാണിത്), ആഗ്രഹത്താലുള്ള മാമോദീ സായും (Baptism of desire- ഒരു വ്യക്തിക്ക് സത്യവിശ്വാസവും തികഞ്ഞ പശ്ചാത്താപവും മാമോദീസ സ്വീകരിക്കുന്നതിനുള്ള ആഗ്രഹവും ഉണ്ടായിരിക്കെ സ്വീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും മാമോദീസായിലൂടെ ലഭിക്കുന്ന നീതീകരണത്തിന്റെ കൃപ സംലഭ്യ മാകുമെന്ന വിശ്വസമാണിത്) തമ്മിലുള്ള വ്യത്യാസത്തെ വിശദീകരിച്ചത്.

വി. ബോനെവെഞ്ചർ പറയുന്നത് മാമോദീസയ്ക്ക് രണ്ട് അർത്ഥങ്ങൾ ഉണ്ട് എന്നാണ്. ഒന്നാമതായി മാമോദീസ 'സൗഖ്യ ദായകമായ' കൂദാശയാണ്. കാരണം, ഇത് മൂലപാപത്തിൽനിന്ന് നമ്മെ വിടുവിക്കുന്നു. രണ്ടാമതായി ഇത് 'കൃപയിലുള്ള ജീവിത ത്തിന് നമ്മെ സഹായിക്കുന്നു'. കാരണം, മാമോദീസയിലൂടെ ഒരു വ്യക്തിക്ക് കൃപയുടെ ആവാസം സംലഭ്യമാകുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മാമോദീസയെന്നത് ഒരു വ്യക്തിയുടെ കൂദാശയല്ല, പിന്നെയോ സഭയുടെ കൂദാശയാണ്. അതുകൊണ്ട് തന്നെ അതിന്റെ അടിസ്ഥാനം സഭയുടെ വിശ്വാസമാണ്.

www.malankaralibrary.com



## മാമോദീസയും സഭാപിതാക്കന്മാരും

സഭാപിതാക്കന്മാർ ആദ്യകാല ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞർ, സഭയുടെ ആദ്യ ഏതാനും നൂറ്റാണ്ടുകളിൽ നിന്നുള്ള നേതാക്കൾ എന്നിവർക്ക് മാമോദീസ എന്ന വിഷയത്തിൽ വിവിധ വീക്ഷണങ്ങളും എഴുത്തുകളും ഉണ്ടായിരുന്നു. മാമോദീസയെക്കുറിച്ചുള്ള അവരുടെ രചനകളിൽ നിന്നുള്ള ചില പ്രധാന ആശയങ്ങൾ ഇവയാണ്:

1. **വിശുദ്ധ ജസ്റ്റിൻ രക്തസാക്ഷി** (c. 100-165) : ശുദ്ധീകരണത്തിന്റെയും പുനർജീവനത്തിന്റെയും മാർഗ്ഗമായി വി. ജസ്റ്റിൻ മാമോദീസായെ കാണുന്നു. ജലത്തിലൂടെയും ആത്മാവിലൂടെയും വ്യക്തികൾ പുതുതായി ജനിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് മാമോദീസ എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. മാമോദീസയിലൂടെ വ്യക്തികൾക്ക് 'കഴിഞ്ഞ പാപങ്ങളുടെ മോചനം' ലഭിക്കുന്നു എന്ന സിദ്ധാന്തം അപ്പോസ്തലന്മാരിൽ നിന്ന് ലഭിച്ചതായി അവകാശപ്പെടുകയും ചെയ്യുന്നു.

2. **വി. ഐറേനിയസ് ഓഫ് ലിയോൺസ്** (c. 130-202 എ.ഡി.): സഭയുടെ പ്രബോധനത്തിന്റെ തുടർച്ചയ്ക്കും രക്ഷയുടെ പ്രക്രിയയിൽ മാമോദീസയുടെ പ്രാധാന്യത്തിനും വി. ഐറേനിയോസ് ഊന്നൽ നൽകി. ക്രിസ്തുവിനോട് ഐക്യപ്പെടാനും പരിശുദ്ധാത്മാവിനെ സ്വീകരിക്കാനുമുള്ള ഒരു ഉപാധിയായാണ് അദ്ദേഹം മാമോദീസയെ കണ്ടത്. അദ്ദേഹം പറയുന്നതനുസരിച്ച്, ക്രിസ്ത്യാനികൾ 'പാപമോചനത്തിനായി' സ്നാനം സ്വീകരിക്കുന്നു. പാപങ്ങൾ പൊറുക്കാതെ ഒരു ന്യായീകരണവും സാധ്യമല്ല. അതിനാൽ സ്നാനം പാപമോചനത്തിനുള്ളതാണെങ്കിൽ, സ്നാനത്തിലൂടെയാണ് നാം നീതീകരിക്കപ്പെടുന്നത്.

www.malankaralibrary.com



**3. വി. തെർത്തുല്യൻ** (c. 155-240): "മാമോദീസയെക്കുറിച്ച്" എന്ന തന്റെ കൃതിയിൽ, മാമോദീസ സ്വീകരിക്കുന്നതിന് മുമ്പ് അർത്ഥിക്കുണ്ടാകേണ്ട പശ്ചാത്താപത്തിന്റെയും വിശ്വാസത്തിന്റെയും ആവശ്യകതയെ തെർത്തുല്യൻ ഊന്നിപ്പറയുന്നു. ക്രിസ്തീയ വിശ്വാസം മനസ്സിലാക്കുകയും അതിൽ പ്രതിജ്ഞാബദ്ധരാവുകയും ചെയ്യുന്ന മുതിർന്നവർ നടത്തുന്ന ബോധപൂർവമായ തിരഞ്ഞെടുപ്പായിരിക്കണം മാമോദീസ എന്ന് അദ്ദേഹം വാദിച്ചു.

**4. ഒരിജൻ** (c. 184-253): പാപങ്ങൾ കഴുകുന്നതിനും ആത്മീയ പുനർജന്മത്തിനുമുള്ള ഉപാധിയായാണ് ഒരിജൻ മാമോദീസയെ കണ്ടത്. പാപമോചനത്തിനും ക്രിസ്ത്യൻ സമൂഹത്തിലേക്കുള്ള പ്രവേശനത്തിനും മാമോദീസ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

**5. വി. സിപ്രിയൻ** (c. 184-258): സഭയുടെ ഐക്യത്തിനും നിയുക്ത പുരോഹിതന്മാർ നടത്തുന്ന സാധുവായ മാമോദീസയുടെ പ്രാധാന്യത്തിനും സിപ്രിയൻ ഊന്നൽ നൽകി. ശരിയായ സൂത്രവാക്യത്തോടും ഉദ്ദേശത്തോടും കൂടി ചെയ്യുന്നിടത്തോളം കാലം, ഒരു പാഷണ്ഡികനോ ഭിന്നിപ്പുള്ള പുരോഹിതനോ നടത്തിയാലും മാമോദീസയുടെ സാധുത നിലനിൽക്കുന്നു എന്ന് അദ്ദേഹം ന്യായീകരിച്ചു.

**6. വി. അഗസ്റ്റിൻ** (354-430): വി. അഗസ്റ്റിൻ ഉത്ഭവം പാപം എന്ന ആശയം വികസിപ്പിച്ചെടുത്തു. ഇത് ശിശുസ്നാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ സ്വാധീനിച്ചു. പാരമ്പര്യമായി ലഭിച്ച പാപത്തിൽ (Orginal sin) നിന്ന് അവരെ ശുദ്ധീകരിക്കാൻ ശിശുക്കളെ സ്നാനപ്പെടുത്തണമെന്ന് അദ്ദേഹം വാദിച്ചു. പാശ്ചാത്യ സഭയിൽ ശിശുസ്നാനം എന്ന സിദ്ധാന്തത്തിന്റെ വികാസത്തിൽ അദ്ദേഹത്തിന്റെ രചനകൾ ഒരു പ്രധാന പങ്ക് വഹിച്ചു. അദ്ദേഹം പറയുന്നതനുസരിച്ച്, പാപങ്ങൾ പൊറുക്കപ്പെടുന്നതിന് മൂന്ന് വഴികളുണ്ട്. മാമോദീസ അതിൽ പ്രധാനപ്പെട്ട ഒന്നാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

www.malankaralibrary.com



**7. വി. ജോൺ ക്രിസോസ്റ്റം** (c. 347-407): വാക്ചാതുര്യമുള്ള പ്രസംഗങ്ങൾക്ക് പേരുകേട്ട ക്രിസോസ്റ്റം, മാമോദീസായുടെ പരിവർത്തന ശക്തിയെക്കുറിച്ച് സംസാരിച്ചു. ഈ കൂദാശയിലെ പരിശുദ്ധാത്മാവിന്റെ പങ്കിനെയും മാമ്മോദീസ സ്വീകരിച്ച വ്യക്തിയുടെ ജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്ന ധാർമ്മിക നവീകരണത്തിന്റെ ആവശ്യകതയെയും അദ്ദേഹം ഊന്നിപ്പറഞ്ഞു.

**8. വി. ബേസിൽ ദി ഗ്രേറ്റ്** (c. 329-379): ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ മാർഗമായി മാമോദീസയെ ബേസിൽ ഊന്നിപ്പറഞ്ഞു. ജ്ഞാനോദയത്തിന്റെയും പരിവർത്തനത്തിന്റെയും ഒരു പ്രക്രിയായിട്ടാണ് അദ്ദേഹം മാമോദീസയെ കണ്ടത്.

ക്രിസ്തു ജലത്തെ ശുദ്ധീകരിച്ചുവെന്ന ധാരണ സഭാപിതാക്കന്മാരിലും കാണപ്പെടുന്നു. സ്നാനമേറ്റ് ക്രിസ്തു ശുദ്ധീകരിക്കപ്പെട്ടില്ല. കാരണം ക്രിസ്തു എന്നും പരിശുദ്ധനായിരുന്നു. മറിച്ച്, അവന്റെ സ്നാനത്താൽ ക്രിസ്തു ജലത്തെ നമുക്കുവേണ്ടി ശുദ്ധീകരിച്ചു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏൽക്കുമ്പോൾ, ശരീരത്തിൽ നിന്ന് അഴുക്ക് നീക്കം ചെയ്യുന്നതിലൂടെയല്ല നാം ശുദ്ധീകരിക്കപ്പെടുന്നത്, പിന്നെയോ പാപമോചനത്താലും, ദൈവീകജീവൻ സ്വീകരിച്ചതിനാലുമാണ്.

## മാമോദീസ സുറിയാനി പാരമ്പര്യത്തിൽ

സുറിയാനി പാരമ്പര്യത്തിൽ ഈ കൂദാശയെ വിളിച്ചിരുന്നത് 'ജലത്താലും ആത്മാവിനാലുമുള്ള പുതിയ ജനനത്തിന്റെ കൂദാശ എന്നാണ്'. യഹൂദ ആചാരങ്ങൾ സുറിയാനി പാരമ്പര്യത്തെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്. സുറിയാനി പാരമ്പര്യത്തിൽ 'സ്ലീബാ'യ്ക്ക് (Cross/ റൂശ്മ) വളരെ പ്രാധാന്യമുണ്ട്. മാമോദീസ എന്ന കൂദാശയിൽ വെള്ളത്തിന്റെ അടയാളത്താൽ സ്നാനാർത്ഥി നിത്യജീവനിലേക്കും, പാപമോചനത്തിലേക്കും, പുതിയ ജനനത്തി

www.malankaralibrary.com



ലേക്കും, സഭയിലേക്കും സ്വീകരിക്കപ്പെടുന്നു. മൂന്നും നാലും നൂറ്റാണ്ടുകളിൽ മാമോദീസായ്ക്കുമുൻപ് രണ്ട് അഭിഷേകക്രമങ്ങൾ നടത്തുക പതിവായിരുന്നു. അതിനുശേഷമാണ് അർത്ഥിയെ ജലത്താൽ സ്നാനപ്പെടുത്തിയിരുന്നത്. മാമോദീസായ്ക്കുശേഷം നാം ഇന്ന് കാണുന്ന അഭിഷേകക്രമം (മൂറോൻ അഭിഷേകം) നാലാം നൂറ്റാണ്ടിന്റെ അവസാനത്തിലായിരുന്നു ഉടലെടുത്തത്. അതുവരെ മാമോദീസായ്ക്കുമുൻപ് രണ്ട് അഭിഷേകക്രമം ഉണ്ടായിരുന്നു. മാമോദീസായ്ക്കുശേഷം വിശുദ്ധ കുർബാന കൊടുക്കുകയും പതിവായിരുന്നു.

അഞ്ചാം നൂറ്റാണ്ടുവരെ പൊതുവിൽ സുറിയാനി സഭയ്ക്ക് പൊതുവിൽ ഒരു പാരമ്പര്യമേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷമാണ് പൗരസ്ത്യ സുറുയാനി പാരമ്പര്യവും പാശ്ചാത്യ സുറിയാനി പാരമ്പര്യവും എന്നീ രണ്ട് പാരമ്പര്യങ്ങളായി മാറുന്നത്. മാമോദീസായിൽ ദൈവീകജീവൻ പങ്കുവയ്ക്കപ്പെടുക മാത്രമല്ല, പിന്നെയോ പാപങ്ങളിൽ നിന്ന് മോചനവും, വീണ്ടും ജനനവും, സഭയിലേക്കുള്ള പ്രവേശനവും, ദൈവപുത്രസ്ഥാനത്തേക്കുള്ള ഒരു വിളിയും ഉണ്ടെന്ന് ഈ പാരമ്പര്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് മാമോദീസാ ശുശ്രൂഷയിൽ ചൂടും തണുത്തതുമായ ജലം ഒന്നിച്ചുചേർത്താണ് ഉപയോഗിക്കുന്നത്. മാമോദീസ വെള്ളത്തിൽ മൂറോൻ ഒഴിക്കുന്നത് സൃഷ്ടികർമ്മത്തിൽ ജലത്തിനുമീതെ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു. മാമോദീസായ്ക്കുശേഷം കുഞ്ഞിനെ വെള്ളവസ്ത്രം ധരിപ്പിക്കുന്ന പാരമ്പര്യം സുറിയാനി സഭയിൽ ഉണ്ട്. അത് മാമോദീസ സ്വീകരിച്ച കുഞ്ഞിന്റെ പരിശുദ്ധിയെയും, പരിശുദ്ധാത്മാവിൽ പുതിയ സൃഷ്ടിയായതിനെയും സൂചിപ്പിക്കുന്നു. അതിനുശേഷം കുഞ്ഞിനെ പരിശുദ്ധ മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസ് മുത്തിക്കുന്നു. ഇത്

www.malankaralibrary.com

**ആത്മാവിൽ ജനനം**

പറുദീസായിലേക്കുള്ള ആദ്യ പ്രവേശനത്തെ സൂചിപ്പിക്കുന്നു. ആദത്തിന് രുചിനോക്കാൻ സാധിക്കാതെപോയ ആ ജീവന്റെ ഫലത്തെ പരിശുദ്ധ കുർബാനയിലൂടെ കുഞ്ഞിന് നൽകുകയും ചെയ്യുന്നു. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കൂടുതലായും വി. കുർബാനയ്ക്കുശേഷമാണ് മാമോദീസ നടത്താറുള്ളത്. ചില പ്പോഴൊക്കെ വി. കുർബാനയ്ക്കുമുൻപും നടത്താറുണ്ട്. അതു കൊണ്ടുതന്നെ മാമോദീസായ്ക്കുശേഷം പരിശുദ്ധ കുർബാന കൊടുത്താണ് അത് പൂർത്തീകരിക്കുന്നത്.

## ഉപസംഹാരം

മാമോദീസയിലൂടെയാണ് ഒരു വ്യക്തി സഭയിൽ അംഗമാകുന്നത്. അതിനാൽത്തന്നെ സഭയുടെ ശൈശവദിശ മുതൽക്കേ മാമോദീസ എന്ന കൂദാശ അനുഷ്ഠിച്ചുപോന്നിരുന്നു. പക്ഷേ, ഇതിന് ഇന്നുള്ളതുപോലത്തെ ആരാധനാരീതികളും ദൈവശാസ്ത്രവും വളർന്ന് വികാസം പ്രാപിക്കുവാൻ നൂറ്റാണ്ടുകളെടുത്തു എന്നത് സത്യമാണ്. ആറാം നൂറ്റാണ്ടോടുകൂടെയാണ് ഇതിന് നിയതമായ ഒരു രൂപകം കൈവന്നത്. ദൈവീക പരിപാലനയുടെ അനശ്വരമായ കരവും മാമോദീസ എന്ന കൂദാശയുടെ അന്തസത്തയും, ആഴവും ഇത് നമുക്ക് വ്യക്തമാക്കിത്തരുന്നു. ചരിത്രത്തിൽ, മാമോദീസ എന്നും ഒന്നുതന്നെയാണ്. അത് നമ്മെ നമ്മുടെ പാപങ്ങ ളിൽ നിന്ന് കഴുകി നിത്യജീവന്റെ വാതിലിലേക്ക് അടുപ്പിക്കുന്നു: ക്രിസ്തുവിൽ പുതിയ സൃഷ്ടിയാക്കുന്നു.

www.malankaralibrary.com



## അധ്യായം 2

# മാമോദീസ - വേദഗ്രന്ഥ അടിസ്ഥാനം

വിശുദ്ധ ഗ്രന്ഥം പരിശോധിക്കുമ്പോൾ മാമോദീസ എന്ന കൂദാശയുടെ അർത്ഥവും ആഴവും ആവശ്യകതയും നമുക്ക് ബോധ്യമാകും. ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള മാനദണ്ഡമായിട്ടാണ് യേശു മാമോദീസയെക്കുറിച്ച് പ്രതിപാദിക്കുന്നത്. "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു. ജലത്താലും അത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല (യോഹ. 3:5). ഉത്ഥാനാനന്തരം യേശു തന്റെ ശിഷ്യന്മാരെ പ്രേഷിത ദൗത്യം ഭരമേൽപ്പിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകുന്നു; "നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ" (മത്താ. 28:19-20). വിശ്വാസത്തോടുകൂടിയുള്ള സ്നാനം രക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്നു വി. മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്നു. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ. 16:15-16).

ഇങ്ങനെ മാമോദീസ വ്യക്തിയെ ദൈവമകൻ/ദൈവമകൾ ആക്കി തീർക്കുന്നു. അതേസമയം മാനസാന്തരത്തിനു യോജിച്ച

www.malankaralibrary.com



ഫലം പുറപ്പെടുവിക്കുമ്പോൾ മാത്രമാണ് ഈ ദൈവപുത്ര സ്ഥാനം അലങ്കരിക്കാൻ അവന് സാധിക്കുക. "വീണ്ടും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല" (യോഹ. 3:5). അവിടുന്ന് മക്കളെന്ന് വിളിക്കുക മാത്രമല്ല നാം മക്കൾ തന്നെയാണ് (1 യോഹ. 3:1). ഏകജാതനും ആദ്യജാതനുമായ ക്രിസ്തുവിൽ ഐക്യപ്പെടുന്നതു വഴി നാം ദൈവമക്കളായി ത്തീരുന്നു (യോഹ. 3:18, ...... 4:5). യോഹ. 20:31-ൽ നാം വായിക്കുന്നു; "അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്കു അവന്റെ നാമത്തിൽ ജീവനുണ്ടാകാൻ വേണ്ടിയാണ് ഞാൻ ഇതെഴുതുന്നത്." മേലുദ്ധ രിക്കപ്പെട്ട വചനങ്ങൾ സൂചിപ്പിക്കുക മാമോദീസായിലൂടെ നമുക്ക് ദൈവത്തിന്റെ ജീവൻ പങ്കുവച്ചു കിട്ടുന്നുവെന്നാണ്. അഥവാ മാമോ ദീസ നമ്മെ ദൈവമക്കളായി വളരാൻ സഹായിക്കുകയാണ്. ഇങ്ങനെ ദൈവരാജ്യത്തിന് ഒരുവനെ അവകാശിയാക്കി ദൈവമ ക്കളുടെ സ്ഥാനത്തേക്ക് ഉയർത്തുന്ന ഈ കൂദാശയുടെ വേദഗ്രന്ഥ അടിസ്ഥാനം അനാവൃതമാക്കുകയാണ് ഈ അധ്യായം.

## മാമോദീസാ - പഴയനിയമത്തിൽ

**1. മാമോദീസയും - സൃഷ്ടിവിവരണവും:** ശാസ്ത്രപരമായും മതപരമായും ജലം എന്നും ജീവന്റെ സ്പന്ദനത്തെയാണ് സൂചിപ്പി ക്കുന്നത്. ജലത്തിലൂടെയുള്ള വീണ്ടും ജനനമായി മാമോദീസയെ സഭ കാണുമ്പോൾ മാമോദീസാതൊട്ടി അവളുടെ ഗർഭപാത്ര മായാണ് വിശേഷിപ്പിക്കപ്പെടുക. ഓരോ സഭാവിശ്വാസിയും ജനിച്ച് വീഴുന്നത് ഈ ഉദരത്തിലാണ്. അങ്ങനെ മാമോദീസായിലൂടെ ഒരു വിശ്വാസി സഭയിലേക്ക് പ്രവേശിക്കപ്പെടുന്നു. പഴയനിയമഗ്രന്ഥത്തി ലൂടെ നമ്മുടെ കണ്ണുകൾ ഓടിക്കുമ്പോൾ ദൈവത്തിന്റെ രക്ഷാകര പദ്ധതി ആരംഭിക്കുന്നതും ഒരു മാമോദീസായിലൂടെ യാണ് എന്ന് നമുക്ക് കണാൻ സാധിക്കും.

www.malankaralibrary.com



**a. പ്രപഞ്ച സൃഷ്ടിയുടെ ആരംഭം :** ദൈവത്തിന്റെ രക്ഷാകര പദ്ധതി ആരംഭിക്കുന്നത് സൃഷ്ടിയുടെ ഉത്പത്തിയിലൂടെയാണ്. “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” (ഉല്പ. 1:1). രൂപരഹിതവും ശൂന്യവുമായിരുന്ന പ്രപഞ്ചത്തിന് അന്ധകാരാവൃതമായിരുന്ന ലോകത്തിന് (ഉല്പ.1:1-2) ദൈവാത്മാവിന്റെ പ്രവർത്തനത്താൽ നിയതവും സംശയരഹിതവുമായ രൂപം ലഭിച്ചു. ജലത്തിനുമീതെ ചലിച്ചുകൊണ്ടിരുന്ന ആത്മാവാണ് (റൂആഹ്=ചൈതന്യം) ഈ സൃഷ്ടികർമ്മം സാധിതമാക്കിയത്. മാമോദീസാ ജലത്തിനു മുകളിൽ നിരന്തരം ചലിക്കുന്ന പരിശുദ്ധാത്മാവാണ് സൃഷ്ടികർമ്മം രചിക്കുന്നത്. അതിനാൽ തന്നെ മാമോദീസ എന്നത് തിരുസഭയിലെ ഒരു കൂദാശ എന്നതിലുപരിയായി സൃഷ്ട പ്രപഞ്ചത്തിന്റെ മുഴുവൻ സ്പന്ദനവും ഉത്പത്തിയും സാധിതമാക്കിയ രക്ഷാകരസംഭവമാണ്. പ്രപഞ്ചം മുഴുവന്റെയും ഗർഭപാത്രമാണ് ആദിയിലെ മാമോദീസാജലം. ദൈവം ഓരോ സൃഷ്ടിയെയും മെനഞ്ഞെടുക്കുന്നത് ഈ മാമോദീസായിലൂടെയാണ്.

**b. മനുഷ്യസൃഷ്ടി :** ദൈവത്തിന്റെ രക്ഷാകരപദ്ധതി പുതിയ ഭാവം അണിയുന്നത് മനുഷ്യസൃഷ്ടിയിലൂടെയാണ്. പ്രപഞ്ചസൃഷ്ടി മാമോദീസയിലൂടെയാണെങ്കിൽ മനുഷ്യസൃഷ്ടിയും അതേ മാമോദീസയിൽ കൂടി തന്നെയായിരുന്നു. മനുഷ്യസൃഷ്ടിയെപ്പറ്റി ഉത്പത്തി പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “ഭൂമിയിൽ നിന്ന് ഒരു മൂടൽമഞ്ഞ് ഉയർന്ന് ഭൂതലമെല്ലാം നനച്ചു. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു” (ഉല്പ. 2:6-7). പ്രധാനമായും ഈ സൃഷ്ടികർമ്മത്തിൽ രണ്ട് പ്രക്രിയകളാണ് നടന്നത്.

- **പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുന്നു**
- **ജീവശ്വാസം നിശ്വസിക്കുന്നു**

www.malankaralibrary.com

**ആത്മാവിൽ ജനനം**

ഉല്പ. 2:6–ൽ പറയുന്നപ്രകാരം പൂഴിക്ക് ഒരു പ്രത്യേകതയുണ്ട്. അത്,''മൂടൽമഞ്ഞിനാൽ നനയപ്പെട്ടിരുന്നു''. നനയപ്പെട്ട പൂഴികൊണ്ട് മനുഷ്യനെ മെനഞ്ഞ് അവനിലേക്ക് ദൈവം തന്റെ ആത്മാവിനെ നിശ്വസിക്കുന്നു. മാമോദീസയുടെ രണ്ട് സുപ്രധാന ഭാഗങ്ങളാണ് ഇവിടെ നടക്കുന്നത്. ഇന്നും തിരുസഭയിൽ മാമോദീസായിലൂടെ ഈ രണ്ട് കാര്യങ്ങളാണ് നടക്കുന്നത്. ജലത്താൽ കഴുകപ്പെട്ട അർത്ഥിയുടെമേൽ കാർമ്മികൻ മൂന്ന് പ്രാവശ്യം നിശ്വസിച്ച് പരിശുദ്ധാത്മാവിനെ നൽകുന്നു. അതിനാൽ ത്തന്നെ മാമോദീസായുടെ ആദ്യ കാർമ്മികൻ ദൈവമായ കർത്താവും, ആദ്യ അർത്ഥി ആദാമുമാണ്. മാമോദീസായിലൂടെ ജനിച്ചുവീണ ആദാം പ്രവേശിച്ചത് ഏദൻ തോട്ടത്തിലേക്കാണെ ങ്കിൽ (ഉല്പ. 2:8), പുതിയ മാമോദീസായിലൂടെ ജനിച്ച് വീഴുന്ന ഓരോ വിശ്വാസിയും പ്രവേശിക്കുന്നത് പുതിയ എദൻതോട്ടമായ തിരുസഭയിലേക്കാണ്.

ഇപ്രകാരം രക്ഷാകരപദ്ധതിയുടെ ആരംഭമായ സൃഷ്ടികർമ്മ ത്തിൽ മാമോദീസ സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. ഇവിടെ മാമോദീസാ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ജലത്താൽ നടക്കുന്ന ഒരു ചടങ്ങ് എന്നതിനേക്കാളുപരിയായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായാണ് മനസ്സിലാക്കേണ്ടത്. ദൈവാത്മാവിന്റെ പ്രവർത്തനത്താലാണ് ജീവൻ സാധിതമാകുന്നത്. ജീവന്റെ ഉറവിടം ദൈവാത്മാവാണ്. ഓരോ വിശ്വാസിയും മാമോദീസയിൽ ദൈവാത്മാവിലൂടെ ദൈവിക ജീവന്റെ വക്താക്കളായിത്തീരുകയും അഭിഷേകം ചെയ്യപ്പെടുകയും ചെയ്യുന്നു.

**മഹാപ്രളയവും നോഹയുടെ പെട്ടകവും:** മഹാപ്രളയവും നോഹയുടെ പെട്ടകവും മാമോദീസ വഴിയുള്ള രക്ഷയുടെ പ്രതി രൂപമായി സഭ കാണുന്നു. “കർത്താവ് നോഹയോട് അരുളി

www.malankaralibrary.com



ചെയ്തു: നീയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക. ഈ തലമുറയിൽ നിന്നെ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു." (ഉൽപ. 7:1) 'അവരാകട്ടെ നോഹിന്റെ കാലത്തു പെട്ടകം പണിയ പ്പെട്ടപ്പോൾ, ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരാ യിരുന്നു. ആ പെട്ടകത്തിൽ ഉണ്ടായിരുന്ന എട്ടുപേർ മാത്രമേ ജലത്തിലൂടെ രക്ഷപ്രാപിച്ചുള്ളു. അതിന്റെ സാദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു. അതു നിങ്ങളുടെ ശരീരത്തിലെ മാലിന്യത്തിന്റെ നിർമാർജനമല്ല; മറിച്ച്, ശുദ്ധ മഃനസാക്ഷിക്കായി യേശുക്രിസ്തുവിന്റെ ഉത്ഥാനം വഴി ദൈവ ത്തോടു നടത്തുന്ന പ്രാർത്ഥനയാണ്.' (1 പത്രോസ് 3:20-21)

**ചെങ്കടൽ അനുഭവം:** ചെങ്കടലിലൂടെ മറുകര കടന്ന് ഫറവോയുടെ അടിമത്തത്തിൽനിന്നു വിമുക്തരായ ജനം മാമോദീസായിലൂടെ പാപമോചനം സ്വീകരിച്ച ദൈവജനത്തിന്റെ പ്രതീരൂപമാണ്.

**യോർദാൻ നദി അനുഭവം:** ഇസ്രായേൽജനം ജോഷ്വായുടെ നേതൃത്വത്തിൽ യോർദാൻ നദി കടന്ന സംഭവം മാമോദീസായുടെ പ്രതിരൂപമാണ്. യോർദ്ദാൻ കടന്നതിലൂടെ അവർ വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി ദാനമായി സ്വീകരിച്ചെങ്കിൽ മാമോദീസാ വഴിയായി സ്വീകരിക്കപ്പെടുന്ന വാഗ്ദാനം നിത്യജീവനാണ്.

**നാമാന്റെ സൗഖ്യം:** 'അങ്ങനെ, ദൈവപുരുഷന്റെ വാക്കനുസരിച്ച് അവൻ ജോർദാനിലിറങ്ങി ഏഴുപ്രാവശ്യം മുങ്ങി. അവൻ സുഖം പ്രാപിച്ചു; ശരീരം ശിശുവിന്റേതുപോലെയായി.' (2 രാജാ. 5:14) മാമ്മോദീസയിലൂടെ പാപക്കറകൾ കഴുകപ്പെട്ട് ദൈവത്തിന്റെ ഛായയും സാദൃശ്യവുമുള്ള പുതിയ വ്യക്തിയായി രൂപാന്തരം പ്രാപിക്കുന്ന ഓരോ വിശ്വാസിയുടെയും പ്രതിരൂപമായി നാമാൻ നിലകൊള്ളുന്നു.

www.malankaralibrary.com



## 2. മാമോദീസായും - ശുദ്ധീകരണകർമ്മവും

ബലിയർപ്പണത്തിന് പുരോഹിതന്മാർക്കുള്ള ഒരുക്കത്തിൽ നടത്തുന്ന ദേഹശുദ്ധിയും കൈകഴുകൽ കർമ്മവും മാമോദീസ യുടെ മുന്നാസ്വാദനമാണ്. പാപപരിഹാരദിനത്തിൽ (Day of Atonement എന്നറിയപ്പെടുന്ന യഹൂദതിരുനാൾ) പുരോഹിതൻ കാഴ്ചയർപ്പണത്തിന് മുമ്പും പിമ്പും വെള്ളം കൊണ്ട് ദേഹശുദ്ധി വരുത്തണം (പുറ. 40:12-15, ലേവ്യ. 16: 4, 24). "വെള്ളം കൊണ്ട് കഴുകുക" എന്ന പ്രയോഗം വിശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു.

ദൈവാലയത്തിൽ സന്ദർശനം നടത്തുന്നവർ അകത്തള ങ്ങളിൽ പ്രവേശിക്കണമെങ്കിൽ കൈകാലുകൾ കഴുകി ശുദ്ധീകരി ക്കണമായിരുന്നു. മതാത്മകമായ ശുദ്ധീകരണം മാത്രമല്ല. പാപാ വസ്ഥയിൽ നിന്നുള്ള ശുദ്ധീകരണവും, അതായത് ധാർമ്മിക ശുദ്ധിയും, ആത്മാവിന്റെ ശുദ്ധിയും ജലത്തിലെ സ്നാനം (കഴുകൽ) സൂചിപ്പിക്കുന്നു (ഏശയ്യ 1:16-17, ജറെ. 4:14, എസെ. 36:25). "കഴുകിക്കളയുക, കഴുകി വൃത്തിയാക്കുവിൻ" എന്നതെല്ലാം ജലത്താലുള്ള വിശുദ്ധീകരണത്തിന്റെ പ്രാധാന്യത്തിൽ വിരൽ ചൂണ്ടുന്നു. ഇപ്രകാരം ജലത്താലുള്ള ശുദ്ധീകരണം യഹൂദരെ സംബന്ധിച്ചിടത്തോളം മോശയുടെ നിയമം പോലെ പുരാതനവും നിഷ്കർഷയുള്ളതുമാക്കുന്നു.

പാപമോചനത്തിനുള്ള ശുദ്ധീകരണ ജലത്തെക്കുറിച്ച് സംഖ്യ 19:2-12 ൽ സൂചനയുണ്ട്. മറ്റ് തരത്തിലുള്ള അശുദ്ധിയുണ്ടായാലും സ്നാനപ്പെട്ട് ശുദ്ധി പ്രാപിക്കണം (നിയമ. 23:10). പാപത്തിൽ നിന്നുള്ള വിമോചനത്തിന് ജലം അനിവാര്യമാണെന്ന് പ്രവാചക ന്മാർ കരുതിയിരുന്നു. "പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും ദാവീദ് ഭവനത്തെയും ജറുസലേം നിവാസികളെയും കഴുകി വിശുദ്ധീകരിക്കാൻ അന്ന് ഒരു ഉറവ പൊട്ടിപുറപ്പെടും" (സഖ. 13:1).

www.malankaralibrary.com



ഈ ഉറവ പൊട്ടിപുറപ്പെട്ടത് പിന്നീട് കാൽവരിയിൽ കുരിശിന്റെ വിരിമാറിൽ തല ചായ്ച്ച് ഉറങ്ങിയ ക്രിസ്തുവിന്റെ മാറിൽ നിന്നാണ്. ആ ഉറവയാണ് മാമോദീസ എന്ന കൂദാശ. വെള്ളം കൊണ്ട് നടക്കുന്ന ശുദ്ധീകരണം പരിശുദ്ധാത്മാവിന്റെ ദാനമായി എസെക്കിയേൽ കാണുന്നു (എസെ. 36:24-28, സങ്കീ. 51:9). യേശുവിന്റെ കാലത്ത് ഈ സ്നാനം നിലനിന്നിരുന്നുവെന്നതിനു സൂചനയുണ്ട്. ഉദാ: ശുദ്ധീകരണത്തിനുള്ള ജലം സൂക്ഷിക്കുന്ന ആറു വലിയ കൽഭരണികൾ (യോഹ. 2:6, മർക്കോ. 7:2-4). ഒരാളെ യഹൂദമതത്തിലേക്കു മതാന്തരീകരണം നടത്തിയിരുന്നപ്പോൾ സ്നാനപ്പെടുത്തിയിരുന്നു (മത്താ. 23:15) എന്ന് മാമോദീസയുടെ ചരിത്രം വിശദീകരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു.

സ്നാപകയോഹന്നാന്റെയും ഖുംറാൻ (Qumran) സമൂഹത്തിലേയും സ്നാനത്തിന് ആചാരാനുഷ്ഠാനപരവും ധാർമ്മികവു മായ മാനങ്ങളാണുള്ളത്. ഉടമ്പടിയുടെ ജനമാക്കുന്നതിന്റെ ഭാഗമായി യഹൂദർ ഇത്തരത്തിലുള്ള സ്നാനം നടത്തിയിരുന്നു. എസ്സീനുകൾ, ഡമാസ്കസിലെയും ഖുംറാനിലെയും സമൂഹങ്ങൾ എന്നിവരുടെ ഇടയ്ക്കും ഇത്തരം സ്നാനം നിലനിന്നിരുന്നുവെന്ന് ചരിത്രകാരനായ ജോസേഫൂസ് രേഖപ്പെടുത്തുന്നു. എന്നാൽ സമൂഹത്തിലേക്ക് പ്രവേശനം നൽകുന്ന കർമ്മമല്ലായിരുന്നു ഇത്. നീണ്ടുനിൽക്കുന്ന പരിശീലനത്തിനു ശേഷമേ ഒരാളെ സമൂഹത്തിലെ അംഗമായി അംഗീകരിച്ചിരുന്നുള്ളൂ. മാനസാന്തരത്തിന്റെയും മതാന്തരീകരണത്തിന്റെയും ആർജ്ജവത്വം തെളിയിക്കപ്പെടുന്നത് നീണ്ടുനിൽക്കുന്ന പരീക്ഷണങ്ങളിലാണല്ലോ.

പഴയനിയമത്തിൽ മാമോദീസ അതിന്റെ തനതായ രൂപത്തിൽ എവിടെയും ദർശിക്കാൻ സാധിക്കില്ല. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന എല്ലാ സന്ദർഭങ്ങളും മാമോദീസായുടെ സൂചനാപരമായ

www.malankaralibrary.com



വസ്തുതകളാണ്. എന്നാൽ അതേസമയം മാമോദീസാ പഴയനിയമത്തിൽ നിന്നോ പുതിയനിയമത്തിൽനിന്നോ രൂപപ്പെട്ടതാണെന്ന് സാക്ഷിക്കുവാൻ കഴിയുന്നതുമല്ല. അനന്തതയിൽ ദൈവം രൂപകൽപന ചെയ്ത് മനുഷ്യരക്ഷയ്ക്കായി ഒരുക്കിയതാണ് മാമോദീസ എന്ന ദൈവികജീവന്റെ കൂദാശ.

## മാമോദീസ പുതിയനിയമത്തിൽ

മാമോദീസ ഒരു ജ്ഞാനസ്നാനം എന്ന നിലയിൽ കൂടുതൽ കാണപ്പെടുന്നത് പുതിയനിയമത്തിലാണ്. ഇതിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നത് യോഹന്നാൻ മാംദാന നല്കിയ സ്നാനമാണ്; തുടർന്ന് യേശുവിന്റെ സ്നാനം, ഏറ്റവും ഒടുവിലായി ആദിമസഭയിൽ നിലനിന്നിരുന്ന ജ്ഞാനസ്നാനം.

### 1. യോഹന്നാൻ മാംദാനയുടെ മാമോദീസ

മാനസാന്തരത്തിനും പാപമോചനത്തിനുമുള്ള പ്രവാചക വിളിയായിരുന്നു സ്നാപക യോഹന്നാന്റേത്. ഒരർത്ഥത്തിൽ ജ്ഞാനസ്നാനത്തിന്റെ പ്രവാചകനാണ് യോഹന്നാൻ മാംദാന. അദ്ദേഹം നൽകിയ മാമോദീസായിലൂടെയാണ് പുതിയ നിയമത്തിലെ മാമോദീസാ ആരംഭിക്കുന്നത് (1 മർക്കോ 1:14). എന്നാൽ ക്രിസ്തുവിന്റെ മാമോദീസ പരിശുദ്ധാത്മാവിന്റെ മാമോദീസായാണ് (അപ്പ.19:1). യഹൂദ മതാന്തരീകരണ സ്നാനം ഒരാളെ ഇസ്രായേൽ സമൂഹത്തിലെ അംഗമാക്കി മാറ്റുന്നുവെങ്കിൽ യോഹന്നാന്റെ ജ്ഞാനസ്നാനമാകട്ടെ അബ്രാഹത്തിന്റെ സന്തതിപരമ്പരയിൽ (മത്താ. 3:6) സ്നാനാർത്ഥിയെ ഉൾപ്പെടുത്തുന്നു. അതായത് ഇസ്രായേലിൽ നിന്നും ദൈവം തനിക്കായി മാറ്റിനിർത്തിയ ശിഷ്ടഭാഗത്തിൽ പങ്കുകാരാകുന്നതോടെ ദൈവകോപത്തിൽ നിന്നും രക്ഷ പ്രാപിക്കാൻ ഈ സ്നാനം ഉപകാരപ്പെട്ടു. ഇപ്രകാരം ആസന്നമായ ദൈവക്രോധത്തിൽ നിന്ന്

www.malankaralibrary.com



രക്ഷപ്രാപിക്കാനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാന മായിരുന്നു യോഹന്നാൻ മാംദാനയുടേത് (മത്താ. 3:7-11). യോഹന്നാൻ ധാർമ്മിക പരിശുദ്ധിക്കാണ് മുൻ തൂക്കം നൽകിയത്. ചുങ്കക്കാരോടും പാപികളോടും പടയാളി കളോടും ജനക്കൂട്ട ത്തോടും അപ്പോഴത്തെ ജീവിതാവസ്ഥ ഉപേക്ഷിക്കാൻ യോഹ ന്നാൻ ആവശ്യപ്പെട്ടില്ല (ലൂക്കാ. 3:10-14). അവരുടെ ജീവിതാ വസ്ഥയിൽ പരിശുദ്ധി പാലിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

## 2. യേശു സ്വീകരിക്കുന്ന മാമോദീസാ

സ്നാപകയോഹന്നാനിൽ നിന്ന് യേശു മാമോദീസാ സ്വീകരിച്ചുവെന്നത് ചരിത്രപരമായി യഥാർത്ഥത്തിൽ നടന്ന ഒരു സംഭവമാണ്. മാംദാനയിൽ നിന്ന് സ്നാനം സ്വീകരിക്കുന്നതു വഴി ദൈവഹിതത്തിന് തന്നെ തന്നെ കീഴ്പ്പെടുത്തുകയായിരുന്നു യേശു (മത്താ. 3:14). യോഹന്നാന്റെ മാമോദീസായ്ക്കുതന്നെ ത്തന്നെ വിധേയനാക്കിയപ്പോൾ താൻ പാപിയാണെന്ന് ഏറ്റു പറയുകയല്ല യേശു ചെയ്തത്; പാപമയമായ മനുഷ്യ കുലവുമായി തനിക്കുള്ള യഥാർത്ഥ ഐക്യം അവിടുന്ന് വെളിപ്പെടുത്തുകയാ യിരുന്നു. ലോകത്തിന്റെ പാപം വഹിക്കുന്ന കുഞ്ഞാട് പാപി കളുടെ മദ്ധ്യേ തന്നെതന്നെ നിർത്തിക്കൊണ്ട് ലോകത്തിന്റെ പാപം ഏറ്റെടുക്കുന്നു (യോഹ.1:29). മനുഷ്യകുലത്തിന്റെ പാപങ്ങ ളിൽ നിന്ന് അതിനെ രക്ഷിക്കാനാണ് താൻ വന്നിരിക്കുന്നതെന്ന് അതിനോട് താദാത്മ്യപ്പെട്ടുകൊണ്ട് ജ്ഞാനസ്നാന വേളയിൽ അവിടുന്ന് പ്രഖ്യാപിക്കുകയായിരുന്നു. സ്വർഗത്തിൽ നിന്ന് പിതാവിന്റെ സ്വരം ഉണ്ടായതും പ്രാവിനെ പ്പോലെ പരിശുദ്ധാത്മാവ് ആവസിച്ചതും അതിനെ ക്രിസ്തീയ മാമോദീസായാക്കി (പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള മാമോദീസ) മാറ്റുകയായിരുന്നു.

www.malankaralibrary.com

**ആത്മാവിൽ ജനനം**

യോഹന്നാനിൽ നിന്നു സ്വീകരിച്ച ജലത്താലുള്ള മാമോദീസ യേശു മുങ്ങാനിരുന്ന ആത്മാവിലുള്ള മാമോദീസായുടെ ഒരുക്കമായിരുന്നു (1 ലൂക്കാ 12:50, മർക്കോ. 10:38). യേശുവിന്റെ മാമോദീസയ്ക്ക് സുവിശേഷകന്മാർ വ്യത്യസ്തമായ ഒരു വ്യാഖ്യാനം നൽകുന്നു. പാപമോചനത്തിനായല്ല യേശു മാമോദീസ സ്വീകരിച്ചത് (മത്താ. 3:13-15). എന്നാൽ അത് ഒരു ദൈവിക വെളിപാടിന്റെ സമയമായിരുന്നു. സുവിശേഷ ഭാഗങ്ങളിൽ യേശു യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിക്കുന്നു. തുടർന്ന് സ്വർഗം തുറക്കപ്പെടുകയും "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന അരുളപ്പാട് ഉണ്ടാകുന്നതും (മത്താ. 3:13-17, മർക്കോ. 1:9-11, ലൂക്കാ. 3:21-22) നാം ദർശിക്കുന്നു. ഒരു ക്രൈസ്തവനെ സംബന്ധിച്ച് രണ്ട് ജനനമാണുള്ളത്; ഒന്നാമതായി ശാരീരികമായ ജനനം, രണ്ടാമതായി ആത്മാവിലുള്ള ജനനം (യോഹ. 3:6-8).

യഹൂദരുടെ കാഴ്ചപ്പാടനുസരിച്ച് ഒരു യഹൂദ വിശ്വാസി ഒരിക്കലും ജ്ഞാനസ്നാനം സ്വീകരിക്കുവാൻ പാടില്ല. കാരണം യഹൂദർ വിശ്വസിക്കുന്നത്, പാപികളും വിജാതീയരുമാണ് ജ്ഞാനസ്നാനം സ്വീകരിക്കുക എന്നതാണ്. അത് അവർക്ക് ഒരു ശുദ്ധീകരണ കർമ്മമാണ്.

യേശുവിന്റെ സ്നാനം ഒരു യാദൃശ്ചിക സംഭവമല്ലായിരുന്നു. പകരം അത് ദൈവത്തിന്റെ അനാദിയിലെ രചിതമായ പദ്ധതിയാണ്. യേശുവിന്റെ മാമോദീസയുടെ സമയം ദൈവിക വെളിപാടിന്റെ സമയമായിരുന്നു. എന്നാൽ ഇതിനു പുറമേ കൃപയുടെ സമയം (Eschatological age of Grace) ഉദ്ഘാടനം ചെയ്യപ്പെടുകയാണ് (ഏശയ്യാ 64:1). "തുറക്കപ്പെട്ട സ്വർഗ്ഗത്തി" ലൂടെ ആത്മാവ് ഇറങ്ങിവന്ന് നസറത്തിലെ യേശുവിനെ മിശിഹായായി അഭിഷേകം

www.malankaralibrary.com



ചെയ്യുന്നു. അതായത് ആത്മാവിന്റെ ശക്തി യാൽ നിറയപ്പെട്ട വനാണ് യേശു എന്നതിന്റെ അടയാളമാണ് പ്രാവിന്റെ രൂപത്തിലുള്ള ആത്മാവിന്റെ ആവാസം. പഴയനിയമ ത്തിൽ ഇത്തരത്തിലുള്ള ദൈവാത്മാവിന്റെ ആവാസം ന്യായാധി പന്മാരുടെയും രാജാക്കന്മാരുടെയും അവസരങ്ങളിൽ (ന്യായ. 3:10, 11:29, 1 സാമു. 10:6, 11:6) നമുക്ക് ദർശിക്കാൻ സാധിക്കും.

ഏശയ്യ 11:2; 42:1 എന്നീ ഭാഗങ്ങളിൽ മാമോദീസായെപ്പറ്റിയുള്ള വ്യക്തമായ സൂചനകൾ കാണാം. "കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ് ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ് (ഏശ.11:2). ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാതം. ഞാൻ എന്റെ ആത്മാവിനെ അവനു നൽകി. അവൻ ജനതകൾക്കു നീതി പ്രദാനം ചെയ്യും" (ഏശ.42:1). യേശു മാമോദീസയിലൂടെ ആത്മാവിന്റെ അഭിഷേകം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഓരോ ക്രൈസ്തവനും മാമോദീസയിലൂടെ പുതു ചൈതന്യം സ്വീകരിക്കുന്നു.

യേശുവിന്റെ മാമോദീസ പരി. ത്രിത്വത്തിന്റെ വെളിപാടിന്റെ സമയം കൂടിയാണ്. പരിശുദ്ധാത്മാവിന്റെ പ്രതീകമായി പ്രാവിനെ അവതരിപ്പിക്കുന്നത് പിൽക്കാല യഹൂദ സാഹിത്യത്തിൽ മാത്രമാണ്. എന്നാൽ പ്രവൃത്തി ആത്മാവിനെ താരതമ്യപ്പെടുത്തി പറയുന്നത് വിരളമല്ല. സ്വർഗത്തിൽ നിന്നുള്ള സ്വരത്തിന്റെ മൗലികരൂപം മർക്കോസിലും ലൂക്കായിലുമാണ് നാം കാണുന്നത്. "സ്വർഗത്തിൽ നിന്ന് ഒരു സ്വരമുണ്ടായി. നീയെന്റെ പ്രിയ പുത്രനാകുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു"(മർക്കോ 1:11). ഇത്, അനാദൃശ്യമായ പിതാ-പുത്ര ബന്ധത്തിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

www.malankaralibrary.com



പിതാവായ ദൈവവും യേശുവും തമ്മിലുള്ള ബന്ധമാണ് സ്വർഗത്തിന്റെ സ്വരം സൂചിപ്പിക്കുന്നതും വെളിപ്പെടുത്തുന്നതും. യേശുവിന്റെ വിളിയുടെയും, തിരഞ്ഞെടുപ്പിന്റെയും ദൗത്യത്തിന്റെയും അടിസ്ഥാനവും ഈ ബന്ധം തന്നെ. ഇപ്രകാരം മാമോദീസായിലൂടെ ഓരോ വിശ്വാസിക്കും സ്വർഗം ദൗത്യം കൊടുക്കുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന ആഹ്വാനം ഇന്നും ഓരോ മാമോദീസായിൽ നടക്കുന്നു. യേശു വിന്റെ മാമോദീസ സമയത്ത് വെളിപ്പെടുത്തപ്പെട്ട പരി. ത്രിത്വം ഇന്നും തിരുസഭയിൽ മാമോദീസയിൽ കൂടി ആഘോഷിക്കപ്പെടുന്നു.

യേശു മാമോദീസ സ്വീകരിച്ചുവെന്നു പറയുന്നതിന്റെ ബുദ്ധിമുട്ടുകൾ ആദിമസഭ ആദ്യം മുതലേ അനുഭവിച്ചറിഞ്ഞതാണ്. "പാപമോചനത്തിനായുള്ള അനുതാപത്തിന്റെ മാമോദീസാ" -(മർക്കോ. 1:4) യേശു സ്വീകരിച്ചുവെന്നത് യേശുവിന്റെ പാപ രഹിതമായ വ്യക്തിത്വവും സ്വത്വവുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുണ്ട്. വിശുദ്ധ മത്തായിയിൽ "പാപമോചനത്തിനായുള്ള" എന്ന വാക്യം ചേർത്തിട്ടില്ല എന്നതും ഇവിടെ സ്മരണീയമാണ്. സ്നാപകനിൽ നിന്ന് സ്നാനം സ്വീകരിക്കുകയെന്നാൽ യേശു സ്നാപകനെക്കാൾ "ചെറിയവനാണ്" എന്നു ദ്യോതിപ്പിക്കുന്ന യോഹന്നാന്റെ സുവിശേഷത്തിൽ ഈ ബുദ്ധിമുട്ടുകൾ എല്ലാം പരിഹൃതമായിട്ടുമുണ്ട്. കാരണം വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ മാമോദീസ രംഗത്തെപ്പറ്റിയുള്ള വിവരണമെ ചേർത്തിട്ടില്ല. ലൂക്കായാകട്ടെ സ്നാപകനെപറ്റി നിശബ്ദത പാലിച്ചു കൊണ്ട് പ്രശ്നം പരിഹരിക്കുന്നു. ലൂക്കാ. 3:19-20 പ്രകാരം സ്നാപ കൻ കാരാഗ്രഹത്തിലാണ്. യേശു സ്നാനം സ്വീകരിച്ചു; പക്ഷേ ആരിൽ നിന്ന് എന്ന് ലൂക്കാ പറയുന്നില്ല (ലൂക്കാ. 3:21). മത്തായി പ്രശ്നപരിഹാരം കണ്ടെത്തിയത് ഒരു സംവാദം ചേർത്തു കൊണ്ടാണ്. യേശുവും സ്നാപകനും തമ്മിലുള്ള സംവാദത്തിൽ യേശുവാണ് "വലിയവൻ" എന്ന് സ്പഷ്ടമാകുന്നു.

www.malankaralibrary.com



കർത്താവിന്റെ ദാസനെന്നുള്ള തന്റെ ദൗത്യത്തെക്കുറിച്ച് മാമോദീസയ്ക്ക് മുമ്പ് യേശുവിന് അറിയാമായിരുന്നെങ്കിൽ "അനേകരുടെ" പാപങ്ങൾ വഹിക്കാനുള്ളവനാണ് താനെന്ന് (മർക്കോ. 10:45, 14:24, യോഹ. 1:29) വെളിപ്പെടുത്താനായിരിക്കാം ഈ മാമോദീസായ്ക്ക് അവിടുന്ന് വിധേയനായത്. ദൈവഹിതമാണ് താൻ നിർവഹിക്കുന്നതെന്ന് പൂർണ ബോധ്യവാനായ യേശു മാമോദീസായ്ക്ക് വിധേയനാകുന്നു. സ്നാപകനെ യേശു പ്രവാചകനായി ആണ് അംഗീകരിക്കുന്നത് (മർക്കോ. 1:19, മത്താ. 11:7-15, 21:32, ലൂക്കാ. 7:24-28). സ്നാപകൻ നൽകിയ മാമോദീസ യും അനുതാപത്തിന് ആഹ്വാനം ചെയ്ത പ്രഘോഷണവും "സ്വർഗത്തിൽ നിന്നുള്ളതാണ്" (മർക്കോ.11:30). ദൈവഹിതത്തിന്റെ പൂർത്തീകരണമായിരുന്നു യോഹന്നാന്റെ ദൗത്യവും, യോഹന്നാൻ നൽകിയ മാമോദീസായും എന്നത് ഇതിനാൽ വ്യക്തമാകുന്നു.

## 3. യേശു നൽകുന്ന മാമോദീസാ

യേശുവിന്റെ സ്നാനമാണ് വിശ്വാസികളുടെ മാമോദീസയ്ക്കുള്ള ആമുഖം. ആത്മാവിനാലും അഗ്നിയാലുമുള്ള മാമോദീസയെപ്പറ്റി യോഹന്നാൻ പറഞ്ഞിരുന്നു (മത്താ. 3:11). ദൈവത്തിന്റെ ദാനമാണ് ആത്മാവ് - ദൈവാത്മാവ് ഉത്ഥിതന്റെ സമ്മാനമാണ്. ആത്മാവിനാലും അഗ്നിയാലുമുള്ള മാമോദീസായുടെ ഫലദായകമായ പ്രകാശനം നാം കാണുക പെന്തകുസ്താ തിരുനാളിലാണ്. അത് സഭയുടെ മാമോദീസ ആയിരുന്നു; യേശു നൽകിയ മാമോദീസ.

യേശുവും നിക്കൊദേമൂസും തമ്മിലുള്ള സംഭാഷണം ക്രിസ്തു നൽകുന്ന മാമോദീസായുടെ പ്രത്യേകതയും പ്രാധാന്യ ത്തെയും വെളിപ്പെടുത്തുന്നു. യേശു പറഞ്ഞു, "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല (യോഹ. 3:5). ക്രിസ്തുവിന്റെ ശിഷ്യഗണത്തെ

www.malankaralibrary.com



രൂപ പ്പെടുത്തുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസ നൽകിക്കൊണ്ടാണ്. ജലത്താലും ആത്മാവിനാലും ജനിക്കുന്നതു വഴി ഒരു പുതിയ മാമോദീസാ അഭിഷേകമാണ് നടക്കുന്നത്. തിരുസഭയിൽ ഇന്നുള്ള മാമോദീസ എന്ന കൂദാശയുടെ പരമമായ ദൈവശാസ്ത്രമാണ് യേശുവും നിക്കോദേമൂസും തമ്മിലുള്ള സംഭാഷണം. സഭാപിതാക്കന്മാരുടെ പ്രക്ഷോഭമനുസരിച്ച് യേശു ഔദ്യോഗികമായി മാമോദീസാ എന്ന കൂദാശ സ്ഥാപിക്കുന്നത് 'കുരിശിൽ കിടന്നുകൊണ്ടാണ്'. യേശു ഏറ്റവും അവസാനമായി തന്റെ മണവാട്ടിയായ സഭയ്ക്ക് കൊടുത്ത സമ്മാനങ്ങളിൽ ഒന്നാണ് മാമോദീസാ. അവിടുന്ന് നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് ജ്ഞാനസ്നാനം സ്വീകരിച്ച് പരസ്യജീവിതം ആരംഭിച്ചതെങ്കിൽ നമുക്ക് വേണ്ടിയാണ് അവിടുന്ന് കുരിശിൽ കിടന്നു കൊണ്ട് യഥാർത്ഥ ജ്ഞാനസ്നാനം സ്വീകരിച്ച് തന്റെ പരസ്യ ജീവിതം പൂർത്തിയാക്കിയത്. യേശുവിന്റെ പാർശ്വത്തിൽ നിന്നൊഴുകിയ രക്തവും വെള്ളവും (യോഹ. 19:34) പരി. കുർബാ നയും മാമോദീസയെയും സൂചിപ്പിക്കുന്നു. മാമോദീസായിലൂടെ സഭയുടെ വിശുദ്ധീകരണമാണ് യേശു ആഗ്രഹിക്കുന്നത്.

## 4. ആദിമസഭയുടെ മാമോദീസ

അപ്പസ്തോല പ്രവർത്തനത്തിൽ കാണുന്ന വിവരണത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ മാമോദീസയിൽ ദർശിക്കാൻ സാധിക്കും.

- കൗദാശികമായി പാപമോചനം ലഭ്യമാക്കിത്തരുന്ന ആന്തരിക മാനസാന്തരത്തിന്റെ പ്രകാശനമായി (അപ്പ.പ്ര. 2:38, 5:37, 22:16, 26:20) പഴയജീവിതത്തിൽ നിന്നുള്ള പിന്തിരിയലും, പാപത്തോടുള്ള വിടചൊല്ലലും മിശിഹായോടുള്ള എതിർപ്പ്

www.malankaralibrary.com



ഉപേക്ഷിക്കലും ഇവിടെ സംഭവിക്കുന്നു. ഇതിൽ മാനസാന്തരം ഉൾ ക്കൊള്ളുന്നു. ഇങ്ങനെ ആദിമസഭയിൽ മാമോദീസയിലൂടെ രക്ഷ കൊണ്ടുവരുന്ന ദൈവികവ്യക്തിയായി യേശുവിനെ അംഗീകരിക്കുകയും രക്ഷയുടെ ക്രിസ്തീയ സന്ദേശം സ്വീകരിക്കുകയും ചെയ്യുകയാണ്.

- കർത്താവായ യേശുമിശിഹായുടെ നാമത്തിലാണ് ആദ്യ കാലത്ത് ജ്ഞാനസ്നാനം നൽകിയിരുന്നത് (അപ്പ.പ്ര. 22:10, 9:14, 21). യേശുവിനെ കർത്താവും രക്ഷകനുമായി അംഗീകരി ക്കുകയും രക്ഷയുടെ ഏകമധ്യസ്ഥനായി സ്വീകരിക്കുകയു മാണിവിടെ (അപ്പ.പ്ര.4:12). മാമോദീസ സ്വീകരിക്കുന്ന വ്യക്തി യേശുവിന്റെ നാമം സ്വീകരിക്കുന്നു എന്നാണർത്ഥമാക്കുന്നത്. മറ്റൊരു ക്രിസ്തുവായി വളരാനുള്ള വിളിയാണിത്. ഇപ്രകാരം ഒരു വ്യക്തി യേശു ആവശ്യപ്പെടുന്ന അവകാശങ്ങൾ അംഗീ കരിക്കുകയും അവനെ സ്ഥാപകനും നേതാവുമായി അംഗീ കരിക്കുന്ന സമൂഹത്തിൽ ചേരുകയുമാണിവിടെ. അതുവഴി അയാൾ ക്രിസ്തുവിന്റെ തുടർച്ചയാകുമെന്ന് വാഗ്ദാനം ചെയ്യുന്നു.

- ആത്മാവിന്റെ ആവാസത്തിനുള്ള അവസരമാണ് മാമോദീസ. യേശുമിശിഹായുടെ നാമത്തിൽ മാമോദീസ സ്വീകരിച്ചവർക്ക് മാത്രമേ (അപ്പ.പ്ര. 19:2-7) ആത്മാവിന്റെ ദാനം സ്വീകരിക്കാൻ സാധിക്കൂ (അപ്പ.പ്ര. 2:34). ആത്മാവാണ് ദൈവത്തിന്റെ യുഗാന്ത വാഗ്ദാനം (അപ്പ.പ്ര. 12:17-21). മാമോദീസായ്ക്കു ശേഷമുള്ള കൈവയ്പ് ശുശ്രൂഷയിലാണ് (സ്ഥൈര്യലേപനം) സാധാരണ യായി ആത്മാവിന്റെ അഭിഷേകം ഉണ്ടാകുന്നത്. എന്നാൽ ആത്മാവിന്റെ ആവാസത്തിനുള്ള കാരണവും മാധ്യമവും മാമോദീസയാണ്.

www.malankaralibrary.com

**ആത്മാവിൽ ജനനം**

- യേശുമിശിഹായുടെ സമൂഹത്തിലേക്കുള്ള പ്രവേശനമാണ് മാമോദീസ. സഭയിലേക്ക് ആളുകളെ സ്വീകരിക്കുന്നതും സഭ ദൃശ്യമായി വികസിക്കുന്നതും മാമോദീസയിലൂടെയാണ് (അപ്പ.പ്ര. 2:41, 5:14, 11:24, 6:7, 9:31, 11:21). ദൈവത്തിന്റെ ഈ സമൂഹം മാമോദീസയിലൂടെ രക്ഷ പ്രാപിക്കുകയും നിത്യജീവന് അവകാശികളായി തീരുകയും ചെയ്യുന്നു.

## 5. വി. പൗലോസിന്റെ ദൈവശാസ്ത്രം

ആദിമസഭയിൽ മാമോദീസായുടെ ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തത് പൗലോസാണ്. വിശ്വാസവും മാമോദീസയും പരസ്പരം ബന്ധമില്ലാത്തതല്ല, ഒന്ന് മറ്റൊന്നിന് ആവശ്യമാണ്. വിശ്വാസമില്ലാതെ മാമോദീസയില്ല. മാമോദീസയിലെ ഏറ്റു പറച്ചിലിലല്ലാതെ വിശ്വാസം യഥാർത്ഥ വിശ്വാസമാകുന്നില്ല (റോമാ. 10:8-10).

മാമോദീസായിലെ കർമ്മമായ വെള്ളത്തിൽ മുക്കുന്നതിനെ പൗലോസ് പല തരത്തിൽ വ്യാഖ്യാനിക്കുന്നു.

- പാപത്തിന്റെ കറ കഴുകിക്കളയുന്ന കർമ്മമാണിത്. പാപിയുടെ വിശുദ്ധീകരണവും നീതികരണവും ഇവിടെ സംഭവിക്കുന്നു (1 കോറി. 3:11)

- യേശുമിശിഹായുടെ നാമത്തിലാണ് മാമോദീസ മുങ്ങു ന്നത്. അതിനാൽ യേശുവിന് വിധേയനും അവിടുത്തെ സ്വന്തവു മാണ് വിശ്വാസി (1 കോറി. 1:13, 3:23, ഗലാ. 3:29, 5:24). വിധേയ ത്വം ബാഹ്യമായ കീഴടങ്ങലുകളിൽ അല്ല പിന്നെയോ ഒരേ ജീവിതത്തിലുള്ള ഭാഗഭാഗിത്വമാണ്. "ക്രിസ്തുവിലായിരി ക്കുക (being in Christ) എന്ന പദമാണ് പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്.

www.malankaralibrary.com



- യേശുവിലുള്ള പരിച്ഛേദനമാണ് മാമോദീസ. മനുഷ്യ ശരീരത്തിന്റെ ഏതെങ്കിലും ഭാഗമല്ല മുറിച്ചു മാറ്റുന്നത്. പഴയ മനുഷ്യനെ മുഴുവനായും ഉരിഞ്ഞുകളയുകയാണ് ഇവിടെ (1 കൊളോ. 2:11, റോമ 6:6).

- ക്രിസ്തുവിനെ ധരിക്കലാണ് മാമോദീസ (ഗലാ. 3:27). അത് ക്രിസ്തുവിൽ ലയിക്കുന്നതും നവസൃഷ്ടിയായിത്തീരുന്നതുമായ ഒരു അവസ്ഥയാണ്.

- മാമോദീസ രണ്ടാം ജനനമാണ് (ഗലാ. 6:15). നവ്യവും മഹത്ത്വീകൃതവുമായ ഉത്ഥാന-സ്വർഗ്ഗാരോഹണ അസ്തിത്വമുള്ള വ്യക്തിയായി ഒരാൾ മാമോദീസായിലൂടെ മാറ്റപ്പെടുന്നു. ആത്മാവിലുള്ള അസ്തിത്വമുള്ളവനാണ് യേശു. ഈ അസ്തിത്വമാണ് മാമോദീസാർത്ഥികളെ യേശുവുമായി ഒന്നാക്കുന്നത്. ക്രിസ്തുവിൽ പുതിയ അസ്തിത്വം അവർക്ക് ലഭിക്കുന്നു. ഉത്ഥിതന്റെ അസ്തിത്വത്തിൽ പങ്കുപറ്റുന്നതി നാൽ ഇതിനെ യുഗാസ്തിത്വം എന്നു വിളിക്കുന്നു (1 കോറി. 15:44).

- മാമോദീസയിലൂടെ യേശുവുമായുള്ള കൗദാശികമായ ഐക്യം (sacramental union) കൈവരുന്നു. ''അവനുമായി ക്രൂശിക്കപ്പെട്ടിരിക്കുന്നു", "അവനോടൊപ്പം ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു" എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം (റോമ. 6:5, 8:11). യേശുവിന്റെ നാമത്തിലുള്ള മാമോദീസ അവിടുത്തെ മരണത്തിലും സംസ്കാരത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുവാൻ നമ്മെ സഹായിക്കുന്നു. ജലത്തിൽ മുങ്ങുന്നത് മരണത്തിനും ജലത്തിൽ നിന്ന് പുറത്തുവരുന്നത് ഉത്ഥാനത്തിനും പ്രാതിനിധ്യം വഹിക്കുന്നു. ഇവിടെ പാപത്തിന്റെ ഉപകരണം എന്ന നിലയിലുള്ള ശരീരത്തിന്റെ മാനത്തെ നിഹനിക്കുകയും (1 റോമ 6:9) ക്രിസ്തുവിലുള്ള ദൈവികജീവനിൽ ഒരുവനെ

www.malankaralibrary.com



പങ്കുകാരനാക്കുകയും ചെയ്യുന്നു (1 റോമ. 6:11). ഇത്തരത്തിലുള്ള ഒരു ദൈവശാസ്ത്രത്തെ, നമ്മുടെ കർത്താവിന്റെ പ്രബോധനത്തെയും (മർക്കോ. 10:38), സഭയുടെ പാരമ്പര്യത്തെയും അടിസ്ഥാന മാക്കിയാണ് ശ്ലീഹാ വികസിപ്പിച്ചത്.

- മാമോദീസ സ്വീകരിക്കുന്നവരെല്ലാം ഒരേ ആത്മാവിനെ സ്വീകരിക്കുന്നതിനാൽ ഒരു സമൂഹവുമായി അവർ നിലകൊള്ളുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് (ഗലാ. 3:28). അതിനാൽ തന്നെ സഭാസമൂഹത്തിന്റെ സാന്നിധ്യത്തിലാണ് ഈ കൂദാശ സ്വീകരിക്കേണ്ടത്.

## 6. മാമോദീസായുടെ വരങ്ങൾ

ക്രിസ്തുവിന്റെ പരമമായ കൂദാശയായ സഭയിൽ വരപ്രസാദം ലഭിക്കുന്ന പ്രഥമ മാധ്യമമാണ് മാമോദീസ. പരിശുദ്ധാത്മാവിന്റെ ദാനമായ കൃപ, ദൈവാത്മാവിനാൽ മുദ്രിതരായിത്തീരുന്ന ക്രിസ്ത്യാനിയിൽ, ഈ കൂദാശയിലൂടെ നിക്ഷേപിക്കപ്പെടുന്നു. തുടർന്ന് സ്വീകരിക്കുന്ന കൂദാശകളിലൂടെ (വി. കുർബാന, കുമ്പസാരം, വിവാഹം/പട്ടം) നിക്ഷേപിക്കപ്പെട്ട ദൈവകൃപയെ വളർത്തികൊണ്ടുവരാനും അത് ഫലം പുറപ്പെടുവിക്കാനും വിശ്വാസി കടപ്പെട്ടിരിക്കുന്നു.

**a. പുതിയ സൃഷ്ടി:** മാമോദീസ ജലത്തിനു മുകളിൽ ചലിക്കുന്ന പരിശുദ്ധാത്മാവ് വിശ്വാസിയെ പുതിയ ഒരു സൃഷ്ടിയാക്കുന്നു. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ ഇപ്രകാരം ഉദ്ഘോഷിക്കുന്നത്, "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്" (2 കോറി. 5:17).

**b. മരണവും ഉത്ഥാനവും:** മരണം നിത്യനാശമല്ല ഉത്ഥാനത്തിലേക്കുള്ള പ്രവേശനമാണ്. മാമോദീസ സ്വീകരിക്കുന്ന വ്യക്തി ക്രിസ്തുവിനോടൊപ്പം മരിക്കുന്നു. "ക്രിസ്തുവിനോടൊത്തു മരിക്കുന്നത് അവിടുത്തോടൊത്ത് ഉയിർക്കാനാണ് (റോമ. 6:8).

www.malankaralibrary.com



**c. ദൈവത്തിന്റെ സ്ഥാനം:** സ്വാഭാവിക പിതാവിൽനിന്ന് ജനിച്ചതുകൊണ്ടുമാത്രം ഒരാൾ പുത്രനാകുന്നില്ല; പ്രസവിച്ചതു കൊണ്ടുമാത്രം ഒരു സ്ത്രീ അമ്മയാകാത്തതുപോലെ തന്നെ. "ഞങ്ങൾക്ക് പിതാവായി അബ്രഹാം ഉണ്ട് എന്നു പറഞ്ഞ് അഭിമാനിക്കേണ്ട" (മത്താ. 3:8) എന്ന വചനം ഇതിനെ അടിവരയി ടുന്നു. മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കു മ്പോൾ മാത്രമാണ് ഒരാൾ ദൈവപുത്രന്റെ സ്ഥാനം അലങ്കരിക്കു കയുള്ളൂ. "വീണ്ടും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല" (യോഹ. 3:5). "അവിടുന്ന് മക്കളെന്ന് വിളിക്കുക മാത്രമല്ല, നാം മക്കൾ തന്നെയാണ്" (1 യോഹ. 3:1). "ഏകജാതനും ആദ്യജാതനുമായ ക്രിസ്തുവിൽ ഐക്യപ്പെടുന്നതുവഴി നാം ദൈവമക്കളായി ത്തീരുന്നു" (യോഹ. 3:18). അതിനാൽ മാമോദീ സയിലൂടെ ഒരുവന് ദൈവത്തിന്റെ ജീവൻ പങ്കുവച്ചു കിട്ടുകയാണ് അഥവാ, ദൈവമകൻ/മകളായി വളരാൻ സഹായിക്കുകയാണ്.

**d. രാജകീയ പൗരോഹിത്യം:** എല്ലാ ക്രിസ്ത്യാനികൾക്കും പട്ടം കിട്ടിയിട്ടുണ്ട്. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യമാണത്. 1 പത്രോ. 2:5-ൽ പറയുന്നതുപോലെ വിശുദ്ധമായ പുരോഹിത ജനമായി തീരുകയാണ് മാമോദീസ വഴി ക്രിസ്ത്യാനികൾ. പൗരോഹിത്യം ബലിയർപ്പണത്തിനുള്ളതാണ്. രാജകീയ പൗരോഹിത്യം സ്വീകരിച്ച വ്യക്തികളും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചവരും ക്രിസ്തുവിനോട് ചേർന്ന് അവിടുത്തെ ഏക ബലി നിത്യപിതാവിന് അർപ്പിക്കുന്നതാണ് വി. കുർബാന. അതിനാൽ തന്നെ സകല കൂദാശകളുടെയും അതുവഴി ലഭിക്കുന്ന വരപ്രസാദങ്ങളുടെയും വാതിലാണ് മാമോദീസ.

**e. നിത്യരക്ഷ:** മാമോദീസ രക്ഷയ്ക്കുള്ള വലിയ ഉപാധിയാണിത് (1 പത്രോ. 3:20). മാമോദീസ ജലവും യേശുവിന്റെ രക്തവും തമ്മിൽ ബന്ധമുണ്ട്. യേശുവിന്റെ രക്തത്തിന്റെ ശക്തിയിൽ നിന്നാണ് മാമോദീസ ജലം ശക്തി സംഭരിക്കുന്നത് (ഹെബ്രാ. 10:22, 10:19). പാപത്തിന് മരിക്കുന്നതും ജീവനിൽ പങ്കുപറ്റുന്നതും അഭേദ്യമാണ്.

www.malankaralibrary.com

**ആത്മാവിൽ ജനനം**

ജലത്തിൽ മുങ്ങുന്നത് ആബേലിന്റെ രക്തത്തെ ക്കാൾ മഹത്തരമായ രക്തം കൊണ്ട് തളിക്കപ്പെടുന്നതിന് തുല്യമാണ് (ഹെബ്ര 12:24; 1 പത്രോ. 1:2). കാൽവരിയിൽ യേശു നേടിയ അവകാശങ്ങളിലുള്ള പങ്കുചേരലാണിത്. ഉത്ഥാനത്തിലും അതുവഴി അവിടുത്തെ മഹത്വത്തിലുമുള്ള ഈ ഐക്യം (എഫേ. 2:5) മാമോദീസായെ പെസഹാരഹസ്യത്തിന്റെ കൂദാശയാക്കി മാറ്റുന്നു. അതായത് യേശുവിന്റെ പെസഹാ രഹസ്യത്തിലുള്ള പങ്കുചേരലാണ് മാമോദീസ. അതിനാൽ മാമോദീസ നിത്യ ജീവന്റെയും രക്ഷയുടെയും പങ്കുപറ്റലാകുന്നു.

**ഉപസംഹാരം**

ആത്മാവിനാലും ജലത്താലുമുള്ള പുതിയ ജനനമാണ് മാമോദീസ. ഇതിനാൽ ഓരോ വ്യക്തിയും ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിൽ അംഗങ്ങളായിക്കൊണ്ട് അവനൊരുക്കിയിരിക്കുന്ന നിത്യ രക്ഷയിൽ സവിശേഷമാംവിധം പങ്കുപറ്റുന്നു. ഇത് ഒരുവന് ദൈവരാജ്യത്തിലെ അംഗത്വവും ദൈവപുത്രസ്ഥാനവും നൽകുന്നു. കേവലം പുതിയ നിയമത്തിൽ ആരംഭിച്ച ഒരു കൂദാശയല്ലിത്. അനാദിയിലെ ദൈവപിതാവ് തന്റെ മക്കൾക്കു വേണ്ടി കരുതിവച്ച രക്ഷയുടെ വഴിയാണിത്. സൃഷ്ടി മുതൽ യുഗാന്തംവരെ ഉണ്ടായതും ഉണ്ടാകാൻ ഇരിക്കുന്നതും ഉള്ളതുമായ സകലത്തെയും ക്രിസ്തുവിൽ നവീകരിക്കുകയും പിതാവിന് സമർപ്പിക്കുകയും ചെയ്യുന്ന പരി. റൂഹായുടെ പരിത്രാണ പ്രവർത്തനമാണിത്.

www.malankaralibrary.com



## അധ്യായം 3

# മാമോദീസ ഒരു കൂദാശ

കത്തോലിക്കാ സഭയിൽ ഏഴ് കൂദാശകളാണുള്ളത്. സഭയുടെ ദൈവശാസ്ത്രമനുസരിച്ച്, യേശു സ്ഥാപിച്ചതും സഭയെ ഭരമേൽപ്പിച്ചതുമാണ് ഈ കൂദാശകൾ. ദൈവകൃപയുടെ അടയാളങ്ങളായും, അവ ശരിയായ സ്വഭാവ ത്തോടെ സ്വീകരിക്കുന്ന എല്ലാവർക്കും ഫലപ്രദമായ മാർഗമായും കാണപ്പെടുന്ന ദൃശ്യമായ ആചാരങ്ങളും, അനുഷ്ഠാനങ്ങളുമാണ് ഇവ. ഇതിൽ ദൈവകൃപ പരിശുദ്ധാത്മാവിനാൽ ഉൾക്കൊള്ളുന്നു. കത്തോലിക്ക സഭയുടെ മതബോധനമനുസരിച്ച്, 'കൂദാശകൾ കൃപയുടെ ഫലപ്രാപ്തിയുള്ള അടയാളങ്ങളും ക്രിസ്തു സ്ഥാപിച്ചതും സഭയെ ഭരമേല്പിച്ചതുമാണ്. അതിലൂടെ ദൈവികജീവിതം നമുക്ക് വിതരണം ചെയ്യപ്പെടുന്നു' (CCC 1131). ഇപ്രകാരമുള്ള ഏഴ് കൂദാശകളിൽ ഒന്നാമത്തേതാണ് പ്രവേശക കൂദാശ എന്നറിയപ്പെടുന്ന മാമോദീസ.

മാമോദീസയിൽ, ദൈവത്തിന്റെ രക്ഷാകര കൃപ, അവന്റെ സാന്നിധ്യം, മനുഷ്യാത്മാവിലേക്ക് പ്രവേശിക്കുന്നു. മാമോദീസയുടെ അനിവാര്യമായ ആചാരം വളരെ ലളിതമാണ്. കൂദാശ ആഘോഷിക്കുന്ന വ്യക്തി (സാധാരണയായി ഒരു പുരോഹിതൻ) കൂദാശ സ്വീകരിക്കുന്ന വ്യക്തിയുടെ തലയിൽ വെള്ളം ഒഴിക്കുമ്പോഴോ വ്യക്തിയെ വെള്ളത്തിൽ മുക്കുമ്പോഴോ 'ഞാൻ നിന്നെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും

www.malankaralibrary.com



നാമത്തിൽ സ്നാനം കഴിപ്പിക്കുന്നു' എന്ന് പറയുന്നു. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, മാമോദീസ രക്ഷയുടെ കൂദാശയും മറ്റെല്ലാ കൂദാശകളിലേക്കുമുള്ള വാതിലുമാണ്. ഈ മാമോദീസ എന്ന കൂദാശയുടെ ദൈവശാസ്ത്രമാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്

## മാമോദീസായുടെ ദൈവശാസ്ത്രം

വിശുദ്ധ പൗലോസിന്റെ പ്രബോധനമനുസരിച്ച് മാമോദീസ ഒരു മുൻ ജീവിതത്തിന്റെ മരണവും ഒരു പുതിയ വ്യക്തിയുടെ ആവിർഭാവവുമാണ്. യേശുവിന്റെ തന്നെ മരണവും പുനരുത്ഥാനവുമായി സാദൃശ്യപ്പെടുത്തിയിട്ടുള്ള ഈ കൂദാശയിൽ വെള്ളത്തിന്റെ ബാഹ്യ ചിഹ്നത്താലാണ് അതു സൂചിപ്പിക്കപ്പെടുന്നത്. മാമോദീസാ ജലത്തിൽ മുങ്ങുന്ന ഒരു വ്യക്തി യേശുവിന്റെ മരണത്തിൽ പങ്കാളിയാവുകയും മാമോദീസ ജലത്തിൽ നിന്നുള്ള അവന്റെ/അവളുടെ ഉയിർപ്പിലൂടെ അവിടുത്തെ ഉത്ഥാനത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. അതിനാൽ, ഒരാളുടെ ഭൂതകാല പാപങ്ങളുടെ പൂർണ്ണമായ അസാധുവാക്കലും തികച്ചും നിരപരാധിയായ ഒരു വ്യക്തിയുടെ ആവിർഭാവവുമായാണ് മാമോദീസ മനസ്സിലാക്കപ്പെടുന്നത്. **"ഈ കൂദാശയെ അതിന്റെ നിർവ്വഹണത്തിലെ പ്രധാന അനുഷ്ഠാനമനുസരിച്ച് ജ്ഞാനസ്നാനം എന്ന് വിളിക്കുന്നു. സ്നാനപ്പെടുത്തുക (ഗ്രീക്ക് ഭാഷയിൽ-baptizein) എന്നതിന് മുക്കുക അഥവാ താഴ്ത്തുക എന്നാണർത്ഥം. വെള്ളത്തിലേക്കുള്ള മുക്കൽ ക്രിസ്തുവിന്റെ മരണത്തിലേക്കുള്ള സ്നാനാർത്ഥിയുടെ കബറടക്കമാണ് സൂചിപ്പിക്കുന്നത്. അവിടെനിന്ന് ആ വ്യക്തി ക്രിസ്തുവിനോടൊപ്പം പുതിയ സൃഷ്ടിയായി ഉയിർത്തെഴുന്നേൽക്കും"** (CCC 1214). ക്രിസ്തുമതത്തിനുള്ളിലെ ദൈവശാസ്ത്രപരവും ആത്മീയവുമായ പ്രാധാന്യമുള്ള അടിസ്ഥാന കൂദാശയാണ് മാമോദീസ.

www.malankaralibrary.com



തിരുവെഴുത്തുകളിലും പാരമ്പര്യത്തിലും യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിലും വേരൂന്നിയ മാമോദീസ ക്രിസ്ത്യൻ സമൂഹത്തിലേക്കുള്ള ഒരു കവാടമായും ദിവ്യകാരുണ്യവുമായുള്ള പരിവർത്തനാത്മകമായ കണ്ടുമുട്ടലായും വർത്തിക്കുന്നു. ഈ പര്യവേക്ഷണം കൂദാശ എന്ന നിലയിൽ മാമോദീസയുടെ ദൈവശാസ്ത്രത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. അതിന്റെ ചരിത്ര പരമായ ഉത്ഭവം, ദൈവശാസ്ത്രപരമായ അടിത്തറ, പ്രതീകാത്മകത, വിശ്വാസികളുടെ ജീവിതത്തിൽ അതിന്റെ ശാശ്വതമായ പ്രസക്തി എന്നിവ ഇവിടെ പരിശോധിക്കുന്നു.

മാമോദീസ പരിശുദ്ധാത്മ സ്വീകരണവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം വിശ്വാസികളെ അവരുടെ വിശ്വാസത്തിൽ ജീവിക്കാൻ പ്രാപ്തരാക്കുന്നു, അവരുടെ ആത്മീയ യാത്രയിൽ അവരെ നയിക്കുന്നു. സ്നാനം ആത്മീയ ദത്തെടുക്കലിനെ പ്രതീകപ്പെടുത്തുന്നു, അവിടെ വിശ്വാസികൾ ദൈവമക്കളായി മാറുന്നു. വി. പൗലോസ് ശ്ലീഹ ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ ഇക്കാര്യം പ്രത്യേകമാം വിധം പരാമർശിക്കുന്നു; "യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാവരും ദൈവപുത്രൻമാരാണ്; ക്രിസ്തുവിനോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ.3:26-27).

**"പുനർജനനത്തിന്റെ ക്ഷാളനവും പരിശുദ്ധാത്മാവിനാലുള്ള നവീകരണവും എന്നുകൂടി ഈ കൂദാശയെ വിളിക്കാറുണ്ട്. കാരണം, അത് ജലത്താലും പരിശുദ്ധാത്മാവിനാലുമുള്ള ജനനത്തെ സൂചിപ്പിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നു. എന്തെന്നാൽ ആ ജനനമില്ലാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല"** (CCC 1215). മാമോദീസ ഒരു അടയാളം മാത്രമല്ല, ക്രിസ്തുവിന്റെ മരണം, അവന്റെ

www.malankaralibrary.com



ശവസംസ്കാരം, പുനരുത്ഥാനം എന്നിവയുടെ മാതൃകയേക്കാൾ ഉപരിയാണത്. അവിടെ പഴയത് മൂടപ്പെടുകയും പുതിയത് ജീവിത ത്തിലേക്ക് പ്രവേശിക്കപ്പെടുകയും ചെയ്യുന്നു. “അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാന ത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്; അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനഃരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും” (റോമ.6:4–5).

കൂടാതെ, മാമോദീസ അനുതപിക്കുന്ന വിശ്വാസികളെ ക്രിസ് തുവിനോട് ഒന്നിപ്പിക്കുന്നു. യേശുവിന്റെ മരണം, സംസ്ക്കാരം, പുനരുത്ഥാനം എന്നിവയിൽ പങ്കുചേരുവാൻ മാമോദീസ ഒരു വ്യ ക്തിയെ സഹായിക്കുന്നു. “സഹോദരരേ, നിങ്ങൾ സ്വീകരിച്ചതും നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷപ്രദാനം ചെയ്തതുമായ സുവിശേഷം ഞാൻ എപ്രകാരമാണ് നിങ്ങളോടു പ്രസംഗിച്ചതെന്ന് ഇനി നിങ്ങളെ അനുസ്മരിപ്പിക്കാം; അതനുസരിച്ചു നിങ്ങൾ അചഞ്ചലരായി അതിൽ നിലനിന്നാൽ നിങ്ങളുടെ വിശ്വാസം വ്യർഥമാവുകയില്ല; എനിക്കു ലഭിച്ചതു സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപിച്ചുതന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ; ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്ക പ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്ക പ്പെടുകയും ചെയ്തു”(1 കോരി.15:1–4). വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മാമോദീസ ദൈവത്താൽ സ്ഥാപിതവും ക്രിസ് തു കേന്ദ്രീകൃതവുമാണ് എന്നത് ഇതിനാൽത്തന്നെ വ്യക്തമാണ്.

www.malankaralibrary.com



## കൂദാശ പാരമ്പര്യത്തിനുള്ളിൽ മാമോദീസായുടെ പങ്ക്

സഭയ്ക്കുള്ളിലെ അടിസ്ഥാന കൂദാശയായ മാമോദീസ, സഭയുടെ പാരമ്പര്യത്തിൽ അതുല്യമായ സ്ഥാനം വഹി ക്കുന്നു. തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിലും ദൈവ ശാസ്ത്രപരമായ പ്രതിഫലനത്തിലും വേരൂന്നിയ മാമോദീസ ഭൗതികവും ആത്മീയവും തമ്മിലുള്ള ഒരു പാലമായി വർത്തിക്കുന്നു. ഇത് ദൈവകൃപയുടെയും മാനുഷിക പ്രതികരണ ത്തിന്റെയും അഗാധമായ വിഭജനം നീക്കിക്കളയുന്നു. ക്രൈസ്തവരിലെ കൂദാശ പാരമ്പര്യം മൂർത്തമായ ഘടകങ്ങളിലൂടെയും പ്രവർത്തനങ്ങ ളിലൂടെയും ദൈവകൃപ മനുഷ്യരാശിക്ക് കൈമാറുന്നു എന്ന വിശ്വാസത്തെ ഉൾക്കൊള്ളുന്നു. മാമോദീസ പോലുള്ള ഈ കൂദാശകൾ അദൃശ്യമായ കൃപയുടെ ദൃശ്യമായ അടയാളങ്ങളായി വർത്തിക്കുന്നു. ഇത് ഭൗതിക ലോകത്ത് ദൈവികതയെ നേടാൻ വിശ്വാസികൾക്ക് ഒരു മാർഗം നൽകുന്നു. മാമോദീസ എന്നത് വിശ്വാസത്തിന്റെ ആജീവനാന്ത യാത്രയുടെ തുടക്കമാണ്. ശിശുക്കളോ മുതിർന്നവരോ ആകട്ടെ, വ്യക്തികൾ സഭാസമൂഹത്തി ലേക്ക് പ്രവേശിക്കുന്ന ഘട്ടമാണിത്. ഈ സമാരംഭം ക്രിസ്തുവിന്റെ പ്രബോധനങ്ങൾ പിന്തുടരാനുള്ള പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു, അവന്റെ സ്നേഹം, മോചനം, രക്ഷ എന്നിവയുടെ സന്ദേശം ഉൾക്കൊള്ളുന്നു. ക്രിസ്തുവിനെ തിരിച്ചറിയാനും ദൈവവുമായി ഒരു ഉടമ്പടി ബന്ധത്തിൽ പ്രവേശിക്കാനുമുള്ള വ്യക്തിയുടെ തീരുമാനത്തിന്റെ മൂർത്തമായ പ്രകടനമാണ് സ്നാനം. സ്നാനത്തിൽ, ദൈവത്തിന്റെ രക്ഷാകര കൃപ, അവന്റെ സാന്നിധ്യം, മനുഷ്യാത്മാവിലേക്ക് പ്രവേശി ക്കുന്നു. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, മാമോദിസ രക്ഷയുടെ കൂദാശയും മറ്റെല്ലാ കൂദാശകളിലേക്കുള്ള വാതിലു മാണ്. മാമോദീസായ്ക്ക് ആറ് പ്രാഥമിക ഫലങ്ങളുണ്ട്, അവയെല്ലാം അമാനുഷിക കൃപകളാണ്

www.malankaralibrary.com



പ്രധാനം ചെയ്യുന്നത്. അവ ചുവടെ ചേർക്കുന്നു.

- ഏദൻ തോട്ടത്തിലെ ആദാമിന്റെയും ഹവ്വായുടെയും അനുസരണക്കേടിലൂടെ മനുഷ്യരാശിക്കുമുഴുവൻ പകർന്നു കിട്ടിയ പാപം, വ്യക്തിപരമായ പാപം എന്നിവയുടെ പാപക്കറ നീക്കം ചെയ്യുക.
- പാപം മൂലം നമ്മുടെമേൽ ഉണ്ടായ എല്ലാ കടങ്ങളിൽ നിന്നും മോചനം നൽകുക.
- ദൈവത്തിന്റെ അദൃശ്യമായ കൃപ (നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ ജീവൻ നിക്ഷേപിക്കുക), പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾ.
- ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാകുക.
- തിരുസഭയുടെ ഭാഗമാകുക.
- കൂദാശകളിൽ പങ്കാളിത്തം, എല്ലാ വിശ്വാസികളുടെയും പൗരോഹിത്യം, കൃപയുടെ വളർച്ച എന്നിവ സാധ്യമാക്കുന്നു.

## മമോദീസ പുനരുജ്ജീവനത്തിന്റെ പരിവർത്തന ശക്തി (Baptismal Regeneration)

വിശ്വാസപ്രമാണത്തിൽ പേര് പരാമർശിച്ചിരിക്കുന്ന ഒരേയൊരു കൂദാശ മാമോദീസയാണ്. വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നു: "പാപമോചനത്തിനായുള്ള ഏക മാമോദീസായിൽ ഞാൻ വിശ്വസിക്കുന്നു.'' നാം വീണ്ടും ജനിക്കുന്ന കൃപ മാമ്മോദീസ എന്ന കൂദാശയിലൂടെ നമ്മിലേക്ക് വരുന്നു എന്ന് കത്തോലിക്ക സഭ എപ്പോഴും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആത്മീയ പുനരുജ്ജീവനത്തിന്റെ മാർഗമായാണ് മാമോദീസ കാണപ്പെടുന്നത്. അത് യഥാർത്ഥ പാപം കഴുകിക്കളയുന്നതും

www.malankaralibrary.com



ക്രിസ്തുവിൽ ഒരു പുതിയ ജീവിതത്തിന്റെ തുടക്കവും സൂചിപ്പിക്കുന്നു. "യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല." (യോഹന്നാൻ 3:5). "അത് നീതിയുടെ പ്രവൃത്തികൾ കൊണ്ടല്ല; പിന്നെയോ അവിടുത്തെ കാരുണ്യംമൂലം പരിശുദ്ധാത്മാവിൽ അവിടുന്ന് നിർവ്വഹിച്ച പുനരുജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനത്താലത്രേ" (തീത്തോസ് 3:5). ഈ വാക്യങ്ങൾ വെള്ളത്തിലൂടെയുള്ള ആത്മീയ പുനരുജ്ജീവനത്തിന്റെ ആശയവും രക്ഷയുടെയും നവീകരണത്തിന്റെയും പ്രക്രിയയിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെ എടുത്തുകാണിക്കുന്നു.

## മാമോദീസയും സഭാശാസ്ത്രവും (BAPTISM AND ECCLESIOLOGY)

സഭയെക്കുറിച്ചുള്ള പഠനമാണ് സഭാശാസ്ത്രം. 'സമ്മേളനം', 'പദം' എന്നീ അർത്ഥമുള്ള രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണ് എക്ലെസിയോളജി എന്ന വാക്ക് വന്നത് - 'സഭയെക്കുറിച്ചുള്ള പഠനം' എന്നാണിതിനർത്ഥം. ദൈവത്തിലുള്ള വിശ്വാസികളുടെ കൂട്ടായ്മയാണ് സഭ. ഇന്നത്തെ ലോകത്തിലെ വിശ്വാസികൾ ക്കുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ സഭാശാസ്ത്രം നിർണായകമാണ്.

ഇതിനകം മാമോദീസ സ്വീകരിച്ചിട്ടില്ലാത്ത ആർക്കും കത്തോലിക്കാ സഭയിൽ മാമോദീസ എന്ന കൂദാശ സ്വീകരിക്കാം. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് "ഇതുവരെ സ്നാനമേറ്റിട്ടില്ലാത്ത ഓരോ വ്യക്തിക്കും മാത്രമേ സ്നാനമേൽക്കാൻ കഴിയൂ" (ഖണ്ഡിക 1246). മാമോദീസ ആത്മാവിൽ മായാത്ത (സ്ഥിരമായ) അടയാളം അവശേഷിപ്പിക്കുന്നു. ഒരു വ്യക്തിയെ വീണ്ടും സ്നാനപ്പെടുത്താൻ ഒരു വഴിയോ കാരണമോ ഇല്ല. ഇതിന് പ്രായ നിയന്ത്രണങ്ങളില്ല; നിങ്ങൾക്ക് ഒരു ശിശുവെന്ന

www.malankaralibrary.com



നിലയിലോ മുതിർന്നയാളെന്ന നിലയിലോ മാമോദീസ സ്വീകരിക്കാൻ സാധിക്കും. കത്തോലിക്കാ സഭയിൽ കൂദാശകൾ ക്കായി സാധാരണ ശുശ്രൂഷകരുണ്ട്. അവർ മെത്രാന്മാരും പുരോഹിതന്മാരും ചിലപ്പോൾ ഡീക്കന്മാരുമാണ്. സാധാരണ സാഹചര്യങ്ങളിൽ കൂദാശ നിർവഹിക്കാൻ അധികാരമുള്ള ആളാണ് സാധാരണ ശുശ്രൂഷകൻ. ഒരു കൂദാശയുടെ സാധാരണ ശുശ്രൂഷകന് ചിലപ്പോൾ ഈ അധികാരം മറ്റുള്ളവർക്ക് കൈമാറാൻ കഴിയും. അങ്ങനെ കൈമാറുന്നതു വഴി ആർക്കും ഈ ശുശ്രൂഷ നിർവ്വഹിക്കാം; എന്നിരുന്നാലും, ഒരാളുടെ ജീവൻ അപകടത്തിലാകുന്ന സാഹചര്യത്തിൽ, ഒരു സാധാരണ ശ്രൂഷ കനെ സമീപിക്കാൻ സാധിക്കാത്ത അങ്ങേയറ്റത്തെ സന്ദർഭങ്ങളിൽ മാത്രമാണ് ഇപ്രകാരം ചെയ്യുക. സഭ സ്നാനപ്പെടുത്തുമ്പോൾ അത് ചെയ്യാനും ത്രിത്വസ്നാന സൂത്രവാക്യം (വചനം) പ്രയോഗിക്കാനുമുള്ള ഇച്ഛാശക്തി മാത്രമാണ് വേണ്ടത്.

**ത്രിത്വ സൂത്രവാക്യം ഇതാണ്:**

കൂദാശ ചെയ്യുമ്പോഴോ സ്വീകരിക്കുമ്പോഴോ പറയുന്ന വാക്കുകളാണ് കൂദാശയുടെ രൂപം. മാമോദീസായുടെ കാര്യത്തിൽ, 'ഞാൻ നിങ്ങളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാ വിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുന്നു'എന്നാതാണ് കൂദാശ രൂപം. ഇതു കൂടാതെ കൂദാശയ്ക്കായി ഉപയോഗിക്കുന്ന ശാരീരിക അടയാളങ്ങളുമുണ്ട്. മാമോദീസായുടെ കാര്യത്തിൽ, വെള്ളം ഇത്തരത്തിൽ കൂദാശയുടെ ഭാഗമാണ്.

മുകളിൽ വിവരിച്ച ത്രിത്വ സൂത്രവാക്യം ഉപയോഗിച്ച് ഒരു വ്യക്തി വെള്ളത്തിൽ സ്നാനം ഏൽക്കുന്നിടത്തോളം ഒരാൾക്ക് രണ്ടുതവണ മാമോദീസ നൽകേണ്ട ആവശ്യമില്ല. യഥാർത്ഥ മാമോദീസ സാധുവല്ലെങ്കിൽ മാത്രമേ ഒരാൾക്ക് 'രണ്ടുതവണ മാമോദീസ' നൽകാനാവൂ. എന്നിരുന്നാലും, ഇത് യഥാർത്ഥത്തിൽ രണ്ടാമത്തെ മാമോദീസയല്ല. കാരണം ആദ്യത്തെ 'മാമോദീസ' ഒരു യഥാർത്ഥ

www.malankaralibrary.com



സ്നാനമായിരുന്നില്ല. മാമോദീസ മനുഷ്യരാശിക്ക് ദൈവം നൽകിയ സമ്മാനമാണ്. ഇത് നമ്മെ ദൈവത്തിന്റെ കുടുംബത്തിലേക്ക് നയിക്കുകയും പാപത്തിൽ നിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഈ സമ്മാനം നാം നേടേണ്ടതില്ല. അതിനായി ഒരു ങ്ങിയിരിക്കുന്ന എല്ലാവർക്കും ദൈവം അത് സൗജന്യമായി നൽകുന്നു. ശിശുവായി സ്നാനമേറ്റ ഒരാൾക്ക്, അതിൽ നൽകിയിരിക്കുന്ന കൃപകളോട് പ്രതികരിക്കാൻ താത്കാലികമായി സാധിക്കുന്നില്ല. എന്നാൽ അയാൾ വളരു മ്പോൾ വിശ്വാസത്തിന്റെ വ്യക്തിപരമായ പ്രതികരണം സാധ്യമാകുന്നു. മാമോദീസ വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു കുട്ടി സ്നാനമേൽക്കു മ്പോൾ, മാതാപിതാക്കളുടെ വിശ്വാസം കുട്ടിക്കുവേണ്ടി സംസാരി ക്കുന്നു. അതുകൊണ്ടാണ് ഒരു കുട്ടി മാമോദീസ ഏൽക്കുന്നതിനു മുൻപ് മാതാപിതാക്കൾ കുട്ടിയെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടു വരുമെന്ന ന്യായമായ പ്രത്യാശ സഭ ആവശ്യ പ്പെടുന്നത്.

മാമോദീസ സ്വീകരിക്കുന്ന വ്യക്തിയെ വിശ്വാസ ജീവിതം നയി ക്കുന്നതിന് സഹായിക്കുകയെന്നത് ജ്ഞാനസ്നാന മാതാപിതാ ക്കളുടെ (തലതൊട്ടപ്പൻ/തലതൊട്ടമ്മ) ഉത്തരവാദിത്വമാണ്. കുട്ടിയുടെ മാതാപിതാക്കൾ കുട്ടിയെ വിശ്വാസത്തിൽ വളർത്തി ക്കൊണ്ടുവരുമെന്ന അവരുടെ സ്വന്തം വാഗ്ദാനങ്ങൾ നിറവേറ്റുക യാണെങ്കിൽപ്പോലും ജ്ഞാനസ്നാന മാതാപിതാക്കൾക്ക് തങ്ങളുടെ പ്രാർത്ഥനയിലൂടെയും ജീവിതമാതൃകയിലൂടെയും ആ കർത്തവ്യം നിർവ്വഹിക്കാൻ സാധിക്കും. അതിനാൽ, കത്തോലിക്കാ വിശ്വാസത്തിൽ ജ്ഞാനസ്നാന മാതാപിതാ ക്കളുടെ വിശ്വാസം പ്രധാനമാണ്.

മാമോദീസ സ്വീകരിച്ചവർ ക്രിസ്തുവിന്റെതാണ്, സഭയിലെ മറ്റുള്ളവരെ സേവിക്കാനും സഭാ നേതാക്കളെ അനുസരിക്കാനും അവർക്ക് കടമയുണ്ട്. കൂദാശകൾക്കും ദൈവവചനത്തിന്റെ

www.malankaralibrary.com



പോഷണത്തിനും സഭയുടെ എല്ലാ ആത്മീയ സഹായങ്ങൾക്കും അവർക്ക് അവകാശമുണ്ട്. സഭയുടെ മിഷനറി പ്രവർത്തനങ്ങളിൽ അവർ പങ്കെടുക്കണം. മാമോദീസ എന്നത് ഐക്യത്തിന്റെ കൂദാശ ബന്ധമാണ്. വിശ്വാസത്താലും മാമോദീസയാലും, 'എല്ലാവരും ക്രിസ്തുവിലേക്ക് ലയിച്ചിരിക്കുന്നു, ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടാനും സഹോദരന്മാരായി അംഗീകരിക്കപ്പെടാനും അവർക്ക് അവകാശമുണ്ട്' (രണ്ടാം വത്തിക്കാൻ കൗൺസിൽ).

## മാമോദീസായുടെ സഭാപരമായ മാനത്തിന്റെ പ്രധാന വശങ്ങൾ

- **സഭയിലേക്കുള്ള സംയോജനം:** ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള പ്രവേശനത്തിന്റെ കൂദാശ എന്നാണ് മാമോദീസ പലപ്പോഴും വിശേഷിപ്പിക്കുന്നത്. ഇതിലൂടെ, വ്യക്തികൾക്ക് അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുക മാത്രമല്ല, സഭാ സമൂഹത്തിലേക്ക് സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുന്നു. അവർ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായിത്തീ രുന്നു.
- **വിശ്വാസികളുടെ സമൂഹം:** മാമോദീസ സ്വീകരിക്കുന്ന വ്യക്തി വിശ്വാസികളുടെ സമൂഹത്തിൽ അംഗമായി ചേരുന്നു. ഇത് കേവലം ഒരു സ്വകാര്യമോ വ്യക്തിഗതമോ ആയ അനുഭവമല്ല, മറിച്ച് വിശാലമായ സഭാസമൂഹത്തിന്റെ ഭാഗമാകാനുള്ള ഒരു പ്രവൃത്തിയാണ്.
- **കൂദാശ ബന്ധം:** വിശുദ്ധ കുർബാന പോലെയുള്ള മറ്റ് കൂദാശകൾക്കൊപ്പം സഭയുടെ കൂദാശകളിൽ ഒന്നാണ് മാമോദീസ. ഈ കൂദാശകൾ ദൈവകൃപയുടെ അവശ്യ മാധ്യമമായി കാണപ്പെടുകയും സഭ നിയന്ത്രിക്കുകയും ചെയ്യുന്നു.

മാമോദീസയുടെ സഭാപരമായ മാനം ഈ കൂദാശയുടെ സാമുദായികവും സമൂഹാത്മകവുമായ സ്വഭാവത്തെ അടിവര

www.malankaralibrary.com



യിടുന്നു. ഇത് ഒരു വ്യക്തിയുടെ വിശ്വാസത്തെയും പ്രതിബദ്ധത യെയും മാത്രമല്ല, ക്രിസ്തുവിന്റെ ശരീരത്തിൽ അവരുടെ അംഗത്വത്തെ പ്രതീകപ്പെടുത്തുന്ന വിശാലമായ ക്രിസ്ത്യൻ സമൂഹത്തിലേക്കുള്ള അവരുടെ സമന്വയത്തെയും പ്രതിനിധീ കരിക്കുന്നു. മാമോദീസായെക്കുറിച്ചുള്ള ഈ ധാരണ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലും സമ്പ്രദായത്തിലും അടിസ്ഥാനമിട്ടതാണ്.

## വിവിധ പേരുകൾ

മാമോദീസ സാധാരണയായി വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. ഇവയോരോന്നും ഈ കൂദാശയുടെ വിവിധ ആശയങ്ങൾ വെളിവാക്കുന്നു.

**1.1 മാമോദീസ:** സുറിയാനിയിൽ മാമോദീസാ എന്നാണ് എഴുതുകയും പറയുകയും ചെയ്യുക. വാക്യാന്തത്തിലുള്ള 'ത'കാരം 'സ'കാരമായി ഉച്ചരിക്കുന്നതു വഴി മാമോദീസ എന്നായി. 'ആമദ്' എന്ന സുറിയാനി പദത്തിൽ നിന്നാണ് മാമോദീസ എന്ന പദം രൂപമെടുത്തത്. 'കഴുകുക', 'മുങ്ങുക' എന്നാണ് ഈ സുറിയാനി വാക്കിന്റെ അർത്ഥം. മാമോദീസയുടെ ആഘോഷ ത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്ന ജലത്താലുള്ള കഴുകൽ കർമ്മത്തെയാണ് ഈ പദം സൂചിപ്പിക്കുക. 'ശുദ്ധിചെയ്യുക' എന്ന പ്രത്യേക അർത്ഥവും ഇവിടെയുണ്ട്. മനുഷ്യനെ പാപക്കറകളിൽ നിന്ന് കഴുകി ശുദ്ധിചെയ്ത് ദൈവികഛായയിലും സാദൃശ്യത്തി ലും പുനഃപ്രതിഷ്ഠിക്കുന്ന കൂദാശയാണ് മാമോദീസ.

**1.2 ജ്ഞാനസ്നാനം:** ഈ കൂദാശയിൽ പങ്കുപറ്റുന്നവർ ദൈവികജ്ഞാനത്താൽ പ്രകാശിതരായിത്തീരുന്നു എന്നതിനാ ലാണ് ഈ ദിവ്യരഹസ്യം ജ്ഞാനസ്നാനം എന്നറിയപ്പെടുക. ഈ കൂദാശയിലൂടെ 'എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചത്താൽ' (യോഹ.1:9) നാമും പ്രകാശിതരായി ത്തീരുന്നു (CCC 1216).

www.malankaralibrary.com



**1.3 ജീവന്റെ അടയാളം:** മാമോദീസയിലെ തൈലത്താലുള്ള മുദ്രവയ്ക്കൽ (റൂശ്മ) എന്ന പ്രതീകാത്മക കർമ്മത്തിൽ നിന്ന് ജീവന്റെ അടയാളമെന്ന് ഇത് അറിയപ്പെടുന്നു. റൂശ്മ ദൈവികത യുടെ അടയാളമാണെന്ന് നർസെ വിശദമാക്കുന്നു. 'കർത്താവിന്റെ അടയാളം കൊണ്ടു സ്നാനാർത്ഥികളാകുന്ന അജഗണത്തെ അടയാളപ്പെടുത്തുന്നു. ഈ അടയാളത്തിലൂടെ നിഗൂഢമായ അവിടുത്തെ നാമം മുദ്രിതമാകുന്നു.'

**1.4 പുനർജനനകൂദാശ:** 'ഒരുവൻ ജലത്താലും അരൂപിയാലും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവരാജ്യം കാണാൻ കഴിയുക യില്ല' (യോഹ.3:5). ജലത്താലും അരൂപിയാലുമുള്ള പുനർ ജനനമാണ് മാമോദീസ (CCC 1215). ഈ അടിസ്ഥാന ഉൾക്കാഴ്ച യിൽ നിന്നാണ് 'പുനർജനനകൂദാശ' എന്നു മാമോദീസ അറിയ പ്പെടുക. പുനരുജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനമെന്നാണ് വി. പൗലോസ് ഇതിനെ വിശേഷിപ്പിക്കുക. (തീത്തോസ് 3:5), മാമോദീസയിൽ പേരു സ്വീകരിക്കുന്നത് ഈ പുതുജനനത്തെ, പുതിയ വ്യക്തിയായിത്തീർന്നതിനെ സൂചി പ്പിക്കുന്നു.

## ഉപസംഹാരം

മാമോദീസ യഥാർത്ഥത്തിൽ ഒരുവനെ ക്രിസ്തുവിനോടും അവന്റെ പെസഹാ രഹസ്യങ്ങളോടും സവിശേഷമാംവിധം ചേർക്കുന്നു. ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിലേക്കാണ് ഈ കൂദാശ ഓരോ വ്യക്തിയെയും ക്ഷണിക്കുന്നത്. ഇപ്രകാരം പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകവഴി അവന്റെ രക്ഷയിൽ ആ വ്യക്തി പങ്കുകാരനാകുന്നു. ആയതിനാൽ മാമോദീസ, രക്ഷയിലേ ക്കുള്ള തുടക്കമായി വർത്തിക്കുന്നു. മനുഷ്യനെ ദൈവിക ജീവിത ത്തിലേക്ക് അടുപ്പിക്കുന്നു.

www.malankaralibrary.com

## അധ്യായം 4

# മാമോദീസ - മലങ്കര ക്രമത്തിൽ

### ആമുഖം

മാമോദീസ എന്ന കൂദാശയിലൂടെ ഒരുവൻ ദൈവരാജ്യത്തിലെ അംഗവും സഭയുടെ അംഗവുമായിത്തീരുന്നു. ഈ കൂദാശ ഒരു വ്യക്തി സ്വീകരിക്കുമ്പോൾ ക്രിസ്തു ശിരസ്സായ ശരീരത്തിന്റെ ഭാഗമായി മാറുകയാണ്. ആദിമകാലത്ത്, നീണ്ടുനിൽക്കുന്ന ഒരുക്കങ്ങൾക്കുശേഷം ആണ് ഒരു വ്യക്തി മാമോദീസ സ്വീകരിച്ചിരുന്നത്. വിശ്വാസം പഠിക്കുന്നതിനും ഏറ്റുപറയുന്നതിനും ആയി ഒരുക്കത്തിന്റെ കാലത്തിലൂടെ സ്നാനാർത്ഥികൾ കടന്ന് പോകുമായിരുന്നു. ഇങ്ങനെ വിശ്വാസം സ്വീകരിച്ചവർ ആണ് ആദിമകാലങ്ങളിൽ മാമോദീസ സ്വീകരിച്ചിരുന്നത്. എന്നാൽ ഈ വിശ്വാസികളുടെ പിൻതലമുറ ശൈശവത്തിൽ തന്നെ മാമോദീസ സ്വീകരിക്കുന്ന പതിവുണ്ടായി. ഇത്തരത്തിലുള്ള മാമോദീസ ആദിമസഭയിൽ നിലനിന്നിരുന്നതായി നമുക്ക് കാണാൻ സാധിക്കും. ഈ പതിവ്, ശൈശവ മാമോദീസയായി ഇന്നും സഭയിൽ തുടരുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭ പിൻതുടരുന്നതും ആദിമസഭയുടെ ഈ പതിവ് തന്നെയാണ്.

### മാമോദീസ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മാമോദീസ എന്ന കൂദാശയ്ക്ക് രണ്ടുഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ഭാഗത്ത് സ്നാനാർത്ഥിക്ക് ക്രിസ്തീയ നാമം നൽകുകയും, സാത്താനെ ഉപേ

www.malankaralibrary.com



ക്ഷിച്ച് മിശിഹായെ രക്ഷകനും നാഥനും ആയി സ്വീകരിക്കുകയും, സൈത്ത്കൊണ്ട് മുദ്ര കുത്തപ്പെടുകയും ചെയ്യുന്നു. രണ്ടാം ഭാഗത്ത് വെള്ളം വാഴ്ത്തുകയും, സ്നാനകർമ്മം നടത്തുകയും ചെയ്യുന്നു.

## ക്രിസ്തീയ നാമകരണം

പ്രാരംഭപ്രാർത്ഥന, കുക്കിലിയോൻ, എനിയോനോ, പ്രുമിയോൻ, സെദ്റാ, എത്രോ, എന്നീഘടന നമുക്ക് കാണുവാൻ സാധിക്കും. ഒന്നാം ഭാഗത്തെ ശുശ്രൂഷകൾ പ്രാർത്ഥനാ മേശയുടെ അരികിൽ നിന്നാണ് നടത്തുന്നത്. കൗമാ പ്രാർത്ഥനക്കു ശേഷം പ്രാരംഭ പ്രാർത്ഥന നടത്തുന്നു. ഇവിടെ സ്നാനം നൽകുന്ന വ്യക്തിക്കു വേണ്ടിയും സ്നാനാർത്ഥിക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു. അഗ്നിയാലും ആത്മാവിനാലും സ്നാനം നൽകുവാൻ വിശുദ്ധ ശ്ലീഹന്മാരെ നിയോഗിച്ച ദൈവംതമ്പുരാനോട് അതേ പൗരോഹിത്യ ശുശ്രൂഷയ്ക്ക് തന്നെ യോഗ്യനാക്കണമെന്നും സ്നാനത്തിനായി വന്നിരിക്കുന്ന ദാസന്റെ ആത്മാവിന് രക്ഷ ലഭിക്കണം എന്നും ഈ ദാസൻ/ദാസി അനുഗ്രഹങ്ങളും കരുണയും എന്നേക്കും പ്രാപിക്കുകയും ചെയ്യുമാറാകണമെന്നും പ്രാരംഭ പ്രാർത്ഥനയിൽ കാർമികൻ പ്രാർത്ഥിക്കുന്നു.

**കുക്കിലിയോൻ:** ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാമോദിസ നൽകുമ്പോൾ ചൊല്ലുന്ന കുക്കിലിയോൻ വ്യത്യസ്തങ്ങളാണ്. ആൺകുട്ടികളുടെ മാമോദീസ സമയത്ത് ചൊല്ലുന്ന കുക്കിലിയോൻ 29-ാം സങ്കീർത്തനത്തിൽ നിന്നും (സങ്കീ. 29:1-4) പെൺകുട്ടികളുടെ മാമോദിസ സമയത്ത് ചൊല്ലുന്ന കുക്കിലിയോൻ 49-ാം സങ്കീർത്തനത്തിൽ നിന്നും (സങ്കീ. 49:10-13) എടുത്തിട്ടുള്ളതാണ്. എന്നിരുന്നാലും ഈ രണ്ട് ഗീതങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നത് ക്രിസ്തുവിനുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ക്ഷണം ആയിട്ടാണ്.

**എനിയോനോ:** സുറിയാനി പാരമ്പര്യമനുസരിച്ച് ആരാധനക്രമത്തിൽ സങ്കീർത്തനങ്ങൾ ആലപിക്കുന്നതിന് മൂന്ന് വഴി

www.malankaralibrary.com



കളാണുള്ളത്. ഒന്നാമതായി ലളിതമായ പാരായണം, രണ്ടാമതായി സങ്കീർത്തനം ഒരു സ്തുതി ഗീതത്തോട് ചേർത്ത് പാരായണം ചെയ്യുന്ന രീതി, മൂന്നാമതായി കുക്കിലിയോൻ. ഇവിടെ ജോർദാനിലെ യേശുവിന്റെ സ്നാനത്തെ അനുസ്മരിക്കുന്ന സ്തുതിഗീതങ്ങൾ 23-ാം സങ്കീർത്തനത്തോട് ചേർത്തിരിക്കുന്നു.

**പ്രുമിയോൻ, സെദറ :** വിശുദ്ധ മാമോദിസ എന്ന കൂദാശയുടെ അർത്ഥത്തെക്കുറിച്ച് സെദറാ പ്രാർത്ഥന നമുക്ക് ഉൾക്കാഴ്ച നൽകുന്നു. ഈ പ്രാർത്ഥനയുടെ പ്രധാന പ്രമേയം 'സ്ഥാനാർത്ഥിയെ യഥാർത്ഥ നീതിയിലും വിശുദ്ധിയിലും ദൈവത്തിന്റെ സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒരു പുതിയ സൃഷ്ടിയാക്കണമേ, എന്നതാണ്. സെദറാ പ്രാർത്ഥന യേശുവിനെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തുന്ന പ്രാർത്ഥനയാണ്.

**കോലോ:** ഇവിടെയുള്ള ഗാനം വിശുദ്ധ സ്നാപകയോഹന്നാന്റെ സ്നാനത്തെയും യേശുവിന്റെ സ്നാനത്തെയും പരാമർശിക്കുന്നു. ജലംകൊണ്ടുള്ള സ്നാനവും ആത്മാവിന്റെ സ്നാനവും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

**എത്രോ:** ഇവിടെ നേരത്തെ ചൊല്ലിയ പ്രാർത്ഥനകൾ ആവർത്തിക്കുന്നു. എന്നാൽ സ്നാനാർത്ഥി നിത്യജീവൻകൊണ്ട് മുദ്രയിടപ്പെടണമേ, എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രാർത്ഥന അവസാനിക്കുന്നു.

മേൽപ്പറഞ്ഞ പ്രാരംഭപ്രാർത്ഥന കുക്കിലിയോൻ, എനിയോനൊ, പ്രുമിയോൻ, സെദറ, കോലോ, എത്രോ സുവിശേഷവായന എന്നിവയ്ക്കുശേഷം പുരോഹിതൻ തലകുനിച്ച് നിന്നുകൊണ്ട് രഹസ്യത്തിൽ സ്നാനാർത്ഥിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ജീവന്റെ പുസ്തകത്തിൽ സ്നാനാർത്ഥിയുടെ പേര് എഴുതിചേർക്കപ്പെടുവാനും മിശിഹായുടെ ഭക്തന്മാരുടെ ഗണത്തിൽ ചേർക്കപ്പെടുവാനും ക്രിസ്തുവിന്റെ മുഖശോഭ സ്നാനാർത്ഥിക്കു ലഭിക്കുന്നതിനും വേണ്ടി

www.malankaralibrary.com



പ്രാർത്ഥിക്കുന്നു. അതിനുശേഷം ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാരുടെ മേൽ ഊതിയ ദൈവിക ശ്വാസം സ്നാനാർത്ഥിക്ക് ലഭിക്കുന്നതിന് പ്രാർത്ഥിച്ചുകൊണ്ട് അർത്ഥിയുടെ നെറ്റിമുതൽ താടി വരെയും ഇടത്തെ കാത് മുതൽ വലത്തെ കാത് വരെയും കുരിശാക്രിതിയിൽ മൂന്നു പ്രാവശ്യം ഊതുന്നു.

തുടർന്ന് ക്രിസ്തീയ നാമം വിളിച്ചുകൊണ്ട് മുദ്രകുത്തുന്നു. ത്രിയേക ദൈവത്തിന്റെ നാമത്തിലാണ് ഒരാൾ മാമോദീസ സ്വീകരിച്ച് ക്രിസ്തീയ ജീവിതത്തിൽ പങ്കാളിയാകുന്നത്. അതിനാൽ നാം പിതാവായ ദൈവത്തിന്റെ മക്കളും ദൈവ പുത്രന്റെ സഹോദരങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ആയിത്തീരുന്നു. ക്രിസ്തീയ നാമം മാമോദീസായുടെ മുദ്ര പതിഞ്ഞ നമ്മുടെ ജീവിതത്തിന്റെ രഹസ്യാത്മകതയും മഹത്വവും വ്യക്തമാക്കുന്നതാണ്. ക്രിസ്തീയ നാമം ഉപയോഗിക്കുന്നതിൽ സാക്ഷ്യത്തിന്റെ മണവുമുണ്ട്. ക്രിസ്ത്യാനി എന്നനിലയിൽ നമ്മുടെ കടമയും ഉത്തവാദിത്വവും മാമോദീസായിൽ നാം സ്വീകരിച്ച നാമം വെളിപ്പെടുത്തുന്നു. മാത്രമല്ല ക്രിസ്തീയ നാമം സ്വീകരിക്കുന്നതിലൂടെ ഒരു സ്വർഗ്ഗീയ മാധ്യസ്ഥം കൂടിയാണ് നമുക്ക് ലഭിക്കുക. ഇങ്ങനെ ക്രിസ്തീയ നാമം വിളിച്ചുകൊണ്ട് അർത്ഥി മുദ്രകുത്തപ്പെടുന്നു.

ഈ മുദ്ര കുത്തൽ തൈലം കൂടാതെയാണ് പുരോഹിതൻ നിർവഹിക്കുക. 'മുദ്ര' എന്നത് കൊണ്ട് ഉദ്ദേശിക്കുക നെറ്റിയിൽ കുരിശ് വരയ്ക്കുന്നതിനെയാണ്. പൗരസ്ത്യ പിതാക്കന്മാർ ഇതിനെ വിശദീകരിക്കുന്നത് ഉടമസ്ഥതാ, സംരക്ഷണം എന്നി അർത്ഥതലങ്ങളിലാണ്. ഗ്രിഗറി നസിയാൻസൻ മാമോദീസായെ ഒരു മുദ്രയായി കണ്ടുകൊണ്ട് ഇപ്രകാരം പറയുന്നു. ഈ മുദ്ര നമ്മേ പരിപാലിക്കുകയും അതോടൊപ്പം അതിന് നമ്മുടെ മേലുള്ള ആധിപത്യത്തെ ചൂണ്ടികാണിക്കുകയും ചെയ്യുന്നു എന്ന

www.malankaralibrary.com



താണ്. മൊപ്സുസ്ത്യയിലെ തിയഡോർ പറയുന്നത്, മുദ്ര എന്നത് ഉടമസ്ഥാവകാശത്തിന്റെ അടയാളം എന്നാണ്. മാമോദീസ സ്വീകരിച്ച വ്യക്തി ക്രിസ്തുവിന് സ്വന്തമാണ്. അവിടുത്തെ രാജ്യത്തിലെ പൗരനുമാണ്.

കുരിശ് എപ്പോഴും തിന്മയുടെ ശക്തിക്ക് എതിരായ ആയുധമായിട്ടാണ് നിലകൊള്ളുന്നത്. അർത്ഥിയുടെ നെറ്റിയിൽ കുരിശടയാളത്താൽ മുദ്രകുത്തുമ്പോൾ തിന്മയുടെ ശക്തികളിൽ നിന്ന് കോട്ട കെട്ടി അർത്ഥിയെ സംരക്ഷിക്കുകയാണ്. അങ്ങനെ ഒരു ക്രിസ്തീയ നാമം നൽകി കുരിശടയാളത്താൽ മുദ്രകുത്തി അർത്ഥിയെ ക്രിസ്തുവിന്റെ ശരീരമായ തിരുസഭയുടെ അംഗമായി പ്രഖ്യാപിക്കുന്നു.

## 1.2 സാത്താനെ ഉപേക്ഷിക്കുന്നു

മലങ്കര ആരാധനാക്രമത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒരു ഭാഗമാണ് സാത്താനെ ഉപേക്ഷിക്കുന്നത്. പുരോഹിതൻ കിഴക്കോട്ട് തിരിഞ്ഞ് നിന്ന് രഹസ്യപ്രാർത്ഥന നടത്തിയശേഷം പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്ന് അർത്ഥിയുടെ ശിരസിൽ കൈവച്ചുകൊണ്ട് അർത്ഥിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അർത്ഥിയിൽ നിന്ന് സകല അശുദ്ധ ദുഷ്ടാത്മാക്കളെയും ബഹിഷ്ക്കരിക്കുകയും അശുദ്ധാത്മാക്കളോട് ദൈവത്തിന്റെ ആലയമായ, പുതിയ സൃഷ്ടിയായ ഈ ക്രിസ്തുശിഷ്യന്റെ ജീവിതത്തെ ഇനിയൊരിക്കലും സമീപിക്കരുതെന്ന് പറഞ്ഞുകൊണ്ട് ദൈവനാമത്തിൽ ശപഥത്തിൻകീഴെ അധീനപ്പെടുത്തുന്നു. ഇതിനെ സദൃശീകരിച്ചു കൊണ്ട് അർത്ഥിയെ അസ്തമയത്തിന്റെയും അന്ധകാരത്തിന്റെയും ദിക്കായ പടിഞ്ഞാറോട്ട് തിരിച്ച് നിർത്തി, പുരോഹിതൻ കിഴക്കോട്ട് തിരിഞ്ഞുനിന്ന് അർത്ഥിയെക്കൊണ്ട് മൂന്ന് പ്രാവശ്യം സാത്താനെ ഉപേക്ഷിച്ച് ഏറ്റ് പറയിപ്പിക്കുന്നു. തലതൊടുന്നയാൾ സ്നാനാർത്ഥിക്കുവേണ്ടി ഈ ഉപേക്ഷണ വാചകം മൂന്ന് പ്രാവശ്യം ഏറ്റുപറയുന്നു.

www.malankaralibrary.com



**മാമോദീസാ മുങ്ങുന്ന (ഇന്നാർ ആയ) ഞാൻ സാത്താനേ, നിന്നെയും നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ദൂതന്മാരെയും നിന്റെ എല്ലാ വഞ്ചനയെയും നിന്നെ ക്കുറിച്ചുള്ള എല്ലാ ഭയത്തെയും ഉപേക്ഷിക്കുന്നു**

ഈ കർമ്മത്തിലൂടെ സാത്താന് തന്റെ ജീവിതത്തിൽ സ്ഥാന മില്ലെന്നും ദൈവത്തിൽ ഒരു പുതിയ സ്രഷ്ടിയായി മാറുന്നുവെന്നും മനസിലാക്കുവാൻ സാധിക്കും.

## 1.3 മിശിഹായെ സ്വീകരിക്കുന്നു

മലങ്കര ആരാധനാ ക്രമത്തിൽ, മാമോദീസായുടെ ശുശ്രൂഷാ ക്രമത്തിൽ ഏറ്റവും പ്രാധാന്യമേറിയ മറ്റൊരു ഭാഗമാണ് സ്നാനാർത്ഥി മിശിഹായെ തന്റെ ജീവിതത്തിന്റെ രക്ഷകനും നാഥ നുമായി ഏറ്റുപറഞ്ഞ് സ്വീകരിക്കുന്ന ഈ ഭാഗം. നീതിസൂര്യനായ ക്രിസ്തുവിനെ (മലാക്കി 4:2) പ്രതീക്ഷിച്ചുകൊണ്ട് പ്രത്യാശയുടെ ദിക്കായ കിഴക്കോട്ടുതിരിഞ്ഞുനിന്ന് ക്രിസ്തുവിനെ സ്വീകരിച്ചുകൊണ്ട്, അർത്ഥിക്കുവേണ്ടി തലതൊടുന്നയാൾ ഈ പ്രാർത്ഥന മൂന്ന് പ്രാവശ്യം ഏറ്റുചൊല്ലുന്നു.

**മാമോദീസാ മുങ്ങുന്ന (ഇന്നാർ ആയ) ഞാൻ, മിശിഹാ തമ്പുരാനെ നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടെ ദൈവീക മായി നീ ഭരമേൽപ്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നു.**

തുടർന്ന് വിശ്വാസ ഗണം മുഴുവൻ ചേർന്ന് വിശ്വാസപ്രമാണം ഏറ്റ് ചൊല്ലുന്നു. അതിനുശേഷം കാർമ്മികൻ വിശുദ്ധ തൈലം കൊണ്ട് സ്നാനാർത്ഥിയുടെ നെറ്റിയിൽ കുരിശടയാളത്താൽ വീണ്ടും മുദ്ര ഇടുന്നു. ക്രിസ്തുവിലുള്ള വീണ്ടും ജനനത്തെയും

www.malankaralibrary.com



ജീവിത വിശുദ്ധീകരണത്തേയും ഈ മുദ്ര സൂചിപ്പിക്കുന്നു. അങ്ങനെ അർത്ഥി വിശുദ്ധ സഭയിലെക്ക് സ്വീകരിക്കപ്പെടുകയും നിത്യജീവനിലേക്ക് മുദ്രകുത്തപ്പെടുകയും ചെയ്യുന്നു.

## 2.1 വെള്ളം വാഴ്ത്തൽ

വെള്ളം വാഴ്ത്തലോടുകൂടെ മാമോദീസയുടെ രണ്ടാം ഭാഗ ശുശ്രൂഷകൾ ആരംഭിക്കുന്നു. ഈ ശുശ്രൂഷകൾ മാമോദീസാ തൊട്ടി യുടെ അടുക്കൽ വച്ചാണ് നടത്തുന്നത്. ഇവിടെ വച്ച് വൈദീകൻ ചൂടുവെള്ളവും പച്ചവെള്ളവും തന്റെ ഇരു കൈകളിലും എടുത്ത് കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് മാമോദീസാ തൊട്ടിയിലേക്ക് ഒഴിക്കുന്നു. ഈ സമ്പ്രദായത്തെക്കുറിച്ച് പറയപ്പെടുന്നത് യേശു മാമോദിസ സ്വീകരിച്ച യോർദാൻ നദിയിൽ രണ്ട് നീരുറവകൾ ഉണ്ടായിരുന്നുവെന്നും ഒന്ന് ചെറുചൂടുള്ള വെള്ളവും മറ്റൊന്ന് തണുത്ത വെള്ളവും ആയിരുന്നു എന്നുമാണ്. എന്നാൽ ആ പ്രദേശത്ത് ചെറുചൂടുള്ള വെള്ളമുള്ള ചില നീരുറവകൾ ഉണ്ടായിരുന്നുവെങ്കിലും ഇതിന് തെളിവുകളൊന്നു മില്ല. യേശുവിന്റെ കുത്തിതുളയ്ക്കപ്പെട്ട വിലാവിൽനിന്ന് ഒഴുകിയ രക്തവും വെള്ളവുമായി അർമേനിയക്കാർ ഇതിനെ കണക്കാ ക്കുന്നു. പെങ്കീസോ പ്രാർത്ഥനാ ക്രമത്തിലെ (പെരുന്നാൾ ക്രമം), കർത്താവിന്റെ മാമോദിസ പെരുന്നാളിൽ നാം ചൊല്ലുന്ന ചില പ്രാർത്ഥനകൾ യേശുവിന്റെ സാന്നിധ്യത്തിൽ, ജോർദാനിലെ വെള്ളം എങ്ങനെ ചൂടായി എന്നതിനെ പരാമർശിക്കുന്നു. ഈ വാദങ്ങളിൽ നിന്ന് ഇത് മാമോദിസജലത്തിലേക്ക് വരുന്ന ദൈവികതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രതീകാത്മക പ്രയോഗമാണെന്ന് നമുക്ക് അനുമാനിക്കാം.

ചൂടുവെള്ളവും പച്ചവെള്ളവും തമ്മിൽ കലർത്തുന്നതിനെ മാമോദീസാ ജലത്തിലേക്കുള്ള എരിയുന്ന ദൈവീകശക്തിയുടെ പ്രവാഹത്തെയാണ് സൂചിപ്പിക്കുന്നത്. മാമോദിസാ ജലത്തെ

www.malankaralibrary.com



ആദ്ധ്യാത്മിക ഉദരം, അനശ്വരതയുടെ മൂശ എന്നിങ്ങനെ വിശേഷിപ്പിക്കുന്നുണ്ട്. മാമോദീസ സ്വീകരിക്കുന്ന വ്യക്തി ക്രിസ്തുവിൽ പുതിയ ജീവൻ നേടുന്നതിന് ഇത് സൂചിപ്പിക്കുന്നു. സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നതുപോലെ ഒരു വ്യക്തി ആത്മീയ പാപത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നത് മാമോദീസ വഴിയാണ്. മാമോദീസ തൊട്ടിയിൽ വെള്ളമൊഴിച്ച ശേഷം ഒരു കുരിശ് മാമോദീസ തൊട്ടിയുടെ മുകളിൽ വയ്ക്കുകയും അതിനെ ശോശാപ്പാ കൊണ്ടു മൂടുകയും ചെയ്യുന്നു. തുടർന്ന് കിഴക്കോട്ട് അഭിമുഖമായി, നിന്നുകൊണ്ട് കാർമികൻ  കൂക്കോയോ പാടുന്നു. മൂന്നാമത്തെ ഭാഗം  പാടുമ്പോൾ, കാർമികൻ  കുർബാനയിലെന്നപോലെ നിഗൂഢ രഹസ്യങ്ങൾക്കു മുകളിൽ ശോശാപ്പ ആഘോഷിക്കുന്നു. തുടർന്ന് '**കർത്താവേ, പാപത്തിന്റെ സർവ്വവിധമായ മാലിന്യവും കഴുകിക്കളയുന്ന യഥാർത്ഥ ശുദ്ധീകരണത്തിന്റെ ഉറവ ഞങ്ങൾക്കു നീ നൽകിയിരിക്കുന്നു**' എന്ന പ്രാർത്ഥന ചൊല്ലുന്നു; ഈ സമയം ജനങ്ങൾ കുറിയേലായിസോൻ എന്ന് ഏറ്റു ചൊല്ലുന്നു.

തുടർന്ന് കുരിശടയാളത്തിൽ മൂന്ന് പ്രാവശ്യം ജലത്തിൽ ഊതുന്നു. തുടർന്ന് പ്രാർത്ഥനയ്ക്കും, ശോശാപ്പാ ആഘോഷത്തിനും ശേഷം കാർമ്മികൻ വെള്ളത്തിൽ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടും തെക്കുനിന്ന് വടക്കോട്ടും ഊതുകയും **'കർത്താവേ കൃപയുണ്ടായി ഈ വെള്ളത്തെ ശുദ്ധീകരിക്കണമേ'** എന്ന് ഉച്ചത്തിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 2.2 പരിശുദ്ധ റൂഹാക്ഷണം

**"കർത്താവേ, മനുഷ്യരെ കൊല്ലുന്നവനായ ആ മഹാസർപ്പത്തിന്റെ തല നിന്റെ സ്ലീബായുടെ അടയാളത്താൽ നീ തകർക്കണമേ"** എന്നാരംഭിക്കുന്ന പ്രാർത്ഥന രഹസ്യത്തിൽ

www.malankaralibrary.com



ചൊല്ലുന്നു. തുടർന്ന് കൈകൾ ഉയർത്തി **"കർത്താവേ, നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ട സഭയും അജഗണവും യോർദ്ദാൻ നദീ പ്രവാഹത്തിനരികെ നിന്നുകൊണ്ട് നിന്നോടപേക്ഷി ക്കുന്നു. നീ മുഖേനയും നിന്നോടുകൂടെയും നിന്റെ പിതാവിനോടും അനുതാപപൂർവ്വം അപേക്ഷിക്കുന്നു"** എന്ന പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലുന്നു. ഈ പ്രാർത്ഥനയ്ക്ക് **"സർവ്വ ശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ"** എന്ന് വിശ്വാസികൾ പ്രത്യുത്തരം പറയുന്നു. കാർമി കൻ വിശുദ്ധ കുർബാനയിലെന്നപ്പോലെ പരിശുദ്ധാത്മാവിന്റെ ആവാസത്തെ സൂചിപ്പിച്ചുകൊണ്ട്, കൈകൾ ആഘോഷിച്ചു കൊണ്ട് **"സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോട് കരുണ ചെയ്യണമേ. സജ്ജമായ നിന്റെ വാസസ്ഥലത്തുനിന്നും നിസ്സീമമായ നിന്റെ മടിയിൽനിന്നും ഞങ്ങളുടെമേലും ശുദ്ധീകരിക്കപ്പെടുന്ന ഈ വെള്ളത്തിന്മേലും നിന്റെ പരിശുദ്ധാത്മാവിനെ അയച്ചുതരണമേ"** എന്നാരംഭിക്കുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു.

ഈ സമയത്ത് ശുശ്രൂഷകൻ ബാറെക്മോർ വാത്സല്യ മുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ.... എന്ന പ്രസ്താവന ഉച്ചത്തിൽ ചൊല്ലുന്നു. തുടർന്ന് കാർമികൻ **'കർത്താവേ എന്നോട് കരുണ ചെയ്യണമേ'** (അനിൻ മൊറിയോ) എന്ന പ്രാർത്ഥന മൂന്നു പ്രാവശ്യം ചൊല്ലുന്നു.

തുടർന്ന് കാർമികൻ **"സർവ്വാധിപതിയായ ദൈവമായ കർത്താവേ, ഇതിനെ ആശ്വാസത്തിന്റെ ജലവും, സന്തോഷ ത്തിന്റെയും ആനന്ദത്തിന്റെയും നിന്റെ ഏകപുത്രന്റെ മരണത്തെയും ഉയിർപ്പിനെയും ദൃഷ്ടാന്തീകരിക്കുന്ന ജലവും ശുദ്ധീകരണ ത്തിന്റെ ജലവുമാക്കിത്തീർക്കണമേ",**

www.malankaralibrary.com



**“ഇതിനെ ആത്മശരീരങ്ങളുടെ മാലിന്യം നീക്കിക്കളയുന്നതും ബന്ധനങ്ങൾ അഴിക്കുന്നതും പിഴകൾ മോചിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതുമായ വെള്ളമാക്കിത്തീർക്കണമേ”,**

**“ഇതിനെ വീണ്ടും ജനനത്തിനുള്ള സ്നാനവും പുത്ര സ്വീകാര്യത്തിന്റെ നൽവരവും നാശമില്ലായ്മയുടെ വസ്ത്രവും പരിശുദ്ധാത്മാവിലുള്ള നവീകരണവും ആക്കിത്തീർ ക്കണമേ”,** എന്നാരംഭിക്കുന്ന പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് വെള്ളത്തിൻ മീതെ മൂന്നുപ്രാവശ്യം കുരിശടയാളം വരയ്ക്കുന്നു. ഈ സമയം മാമോദിസയുടെ കൃപകളാലും പരിശുദ്ധാത്മാവിന്റെ സാന്നിധ്യം കൊണ്ടും വെള്ളത്തിന്റെ സ്വഭാവം മാറ്റപ്പെടുന്നു.

## 2.3 വിശുദ്ധ മൂറോൻ മാമോദീസ ജലവുമായി കലർത്തുന്നു

കാർമികൻ മൂറോൻ കുപ്പിയെടുത്ത് കൈകളിൽ ഉയർത്തി സ്ലീബാ രൂപത്തിൽ മൂന്ന് പ്രാവശ്യം ആഘോഷിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു. തുടർന്ന് വിശുദ്ധ മൂറോനിൽ നിന്നും അല്പം മൂറോൻ വെള്ളത്തിൽ ഒഴിച്ചുകൊണ്ട് കാർമികൻ വെള്ളവുമായി കൂട്ടിക്കലർത്തുന്നു. വിശുദ്ധ കുരിശിന്റെ ആകൃതിയിലാണ് വിശുദ്ധ മൂറോൻ മാമോദിസ ജലത്തിലേക്ക് ഒഴിക്കുന്നത്. വിശുദ്ധ മൂറോൻ ഒഴിക്കുമ്പോൾ, കാർമികൻ പുരാതന മനുഷ്യൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പുതുക്കപ്പെടാൻ പ്രാർത്ഥിക്കുന്നു. ഇവിടെ കാർമികൻ രഹസ്യപ്രാർത്ഥനയും തുടർന്ന് കൈകൾ നീട്ടി ഉച്ചത്തിലുള്ള പ്രാർത്ഥനയും ചൊല്ലുന്നു. പ്രാർത്ഥന പുരോഗമിക്കുമ്പോൾ, കാർമികൻ വെള്ളത്തിന് മുകളിലൂടെ പരിശുദ്ധാത്മാവിന്റെ ആവാസത്തെ സൂചിപ്പിച്ചുകൊണ്ട് കൈകൾ ചലിപ്പിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലുള്ള അനുഗ്രഹത്തോടെയാണ് ഇത് അവസാനിക്കുന്നത്. മലങ്കര

www.malankaralibrary.com



പാരമ്പര്യത്തിലെ മറ്റേതൊരു സമർപ്പണത്തെയും പോലെ ഇതും രഹസ്യ പ്രാർത്ഥനയിലൂടെയാണ് ചെയ്യുന്നത്. ഈ അനുഷ്ഠാന ത്തിൽ പരിശുദ്ധാത്മാ വിനോട് പ്രത്യേക അഭ്യർത്ഥനയില്ല. അതേ സമയം, ഈ സമർപ്പണത്തോടുകൂടി ജലത്തിന്റെ സ്വഭാവം മാറുന്നു. സ്നാന ത്തിന്റെയും പരിശുദ്ധാത്മാവിന്റെയും എല്ലാ കൃപകളാലും ദാനങ്ങളാലും മാമോദീസ ജലം മാറ്റപ്പെടുന്നു. **കർത്താവിന്റെ ശബ്ദം വെള്ളത്തിൻ മീതെ** എന്ന ഭാഗം യേശുവിന്റെ യോർദാൻ നദിയിലെ മാമോദിസായെ അനുസ്മരിക്കുന്നു.

ഈ മാമോദിസാജലത്തെ പരിശുദ്ധ ത്രിത്വത്തിന്റ നാമത്തിൽ ഔദ്യോഗികമായി വൈദികൻ ആശീർവദിക്കുന്നതിലൂടെ വിശുദ്ധ മാമോദിസായിൽ പരിശുദ്ധ ത്രിത്വത്തിനുള്ള സ്ഥാനം പ്രത്യക്ഷ മായിട്ട് ഏറ്റു പറയുന്നു. ഇതേ തുടർന്ന് കാർമ്മികൻ മാമോദിസ തൊട്ടിയുടെ കിഴക്ക് വശത്തുനിന്ന്, വലതുകൈ സ്ഥാനാർത്ഥി യുടെ തലയിൽ വച്ച്, ഇടതുകൈ കൊണ്ട് മാമോദിസ തൊട്ടിയിൽ നിന്ന് വെള്ളംകോരി സ്നാനാർത്ഥിയുടെ തലയിൽ ഒഴിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു: **"പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ (പേര്) നിത്യജീവനായി മാമോദിസ മുക്കപ്പെടുന്നു".** വിശുദ്ധ മാമോ ദീസയുടെ മർമ്മപ്രധാനമായ ഈ ഭാഗത്തിലൂടെ സ്നാനാർത്ഥി നിത്യജീവന്റെ അവകാശിയായി തീരുന്നു. തുടർന്ന് മാമോദീസ സ്വീകരിച്ച വ്യക്തിയെ മധ്യസ്ഥനെ ഏൽപ്പിക്കുന്നു. ഇതോടുകൂടെ ദൈവാലയത്തിൽ വച്ച് നടത്തുന്ന ആഘോഷപൂർവ്വമായ മാമോ ദീസ പര്യവസാനിക്കുന്നു.

### 2.4 വീട്ടുമാമോദീസ

ആസന്നമരണാവസ്ഥയിൽ മരിച്ചുപോകുമെന്ന് ബലമായ സംശയമുള്ളപ്പോൾ നൽകുന്ന മാമോദീസയാണ് വീട്ടുമാമോദീസ എന്ന് അറിയപ്പെടുന്നത്. ഇതിനു ശുദ്ധജലം ഉപയോഗിച്ചാൽ

www.malankaralibrary.com



മതിയാകും. കൂദാശവചനം ഉച്ചരിച്ചുകൊണ്ട് തലയിൽ കുറെ വെള്ളം ഒഴിക്കണം. തലയോട്ടിയും നെറ്റിയും നനയുകയും വെള്ളം അല്പമെങ്കിലും നെറ്റിയിൽ കൂടി ഒഴുകുകയും വേണം.

ഇപ്രകാരം ചെയ്യുന്നതിനുമുമ്പ്, **"പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ നാമത്തിൽ ആമ്മീൻ", "ദൈവമേ, തിരുസഭയുടെ നിയോഗത്തിൽ ഈ കർമ്മം നിർവ്വഹിക്കാൻ എന്നെ യോഗ്യനാക്കണമേ."** എന്ന് രഹസ്യത്തിൽ പറയണം. സമയമുണ്ടെങ്കിൽ **'വിശ്വാസപ്രമാണം'** ചൊല്ലണം. അതിനു സമയമില്ലെങ്കിൽ മിശിഹായെ സ്വീകരിക്കുന്ന പ്രതിജ്ഞാ വാക്യമെങ്കിലും ഉച്ചരിക്കണം.

**"മാമോദീസാ മുങ്ങുന്ന (ഇന്നാരായ) ഞാൻ മിശിഹാ തമ്പുരാനെ, നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടി ദൈവികമായി നീ ഭരമേല്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണമായി വിശ്വസിക്കുന്നു".**

പട്ടക്കാരനാണ് കർമ്മംനടത്തുന്നതെങ്കിൽ, സമയമുള്ളപക്ഷം, സാത്താനെ വിലക്കുന്നക്രമവും, സാത്താനെ ഉപേക്ഷിക്കയും മിശിഹായെ സ്വീകരിക്കയും ചെയ്യുന്നക്രമവും സൈത്ത് പൂശുന്നക്രമവും കൂടി നടത്താവുന്നതാണ്. വീട്ടുമാമോദീസ സ്വീകരിച്ച ശിശു പൂർണ്ണസൗഖ്യം പ്രാപിക്കുന്നുവെങ്കിൽ ദൈവാലയത്തിൽവച്ച് ബാക്കികർമ്മങ്ങൾ താഴെപ്പറയുന്നപ്രകാരം നടത്തേണ്ടതാണ്.

കൗമാ പ്രാർത്ഥന, പ്രാരംഭപ്രാർത്ഥന, കുക്കിലിയോൻ, വേദവായനകൾ, ഉപേക്ഷണവാക്യം, പ്രതിജ്ഞാവാക്യം, വിശ്വാസപ്രമാണം, വിശുദ്ധ മുറോനഭിഷേകവും തുടർന്നുള്ള ക്രമങ്ങളും നടത്തണം. ഈ അവസരത്തിൽ സ്നാനകർമ്മം നടത്തേണ്ടതില്ല.

www.malankaralibrary.com



## 2.5 വ്യവസ്ഥയിൻകീഴ് മാമോദീസ

മറ്റ് സഹോദരിസഭകളിൽ നിന്ന് കത്തോലിക്കാസഭയിലേക്ക് വിശ്വാസം സ്വീകരിച്ച ഒരുവ്യക്തി കടന്നുവരുമ്പോൾ ആ വ്യക്തിക്ക് വീണ്ടും മാമോദീസ നൽകേണ്ടതില്ല. എന്നാൽ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണോ മാമോദീസ സ്വീകരിച്ചത് എന്ന സംശയം നിലനിൽക്കുന്ന അവസരങ്ങളിൽ ആ വിശ്വാസിക്ക് വ്യവസ്ഥയിൻകീഴ് മാമോദീസ കൊടുക്കാവുന്നതാണ്. ഈ അവസരങ്ങളിൽ ആഘോഷമായി മാമോദീസ നടത്തേണ്ടതില്ല.

## 3. മലങ്കര ദൈവശാസ്ത്രം

ക്രിസ്തുവിലുള്ള നവ ജീവിതത്തിന്റെ ഉറവിടമായ, വിശ്വാസ ത്തിന്റെ കൂദാശയായ മാമോദീസ, നമ്മുടെ രക്ഷയ്ക്ക് അത്യാവശ്യ മാണെന്ന് കർത്താവ് തന്നെ നമ്മോട് പറയുന്നുണ്ട് (യോഹ.3:5). അതിനാൽത്തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളി ലേക്കും കടന്നുചെന്ന് സകല ജനതകളോടും സുവിശേഷം പ്രസം ഗിക്കുവാനും അവരെ ജ്ഞാനസ്നാനപ്പെടുത്തുവാനും കർത്താവ് ശിഷ്യരോട് അരുളിച്ചെയ്യുന്നു. **“ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ”** (മത്താ. 28:19-20). ആത്മാവിൽ മായ്ക്കാനാവാത്ത ആദ്ധ്യാത്മിക മുദ്ര സമ്മാനിക്കുന്ന മാമോദീസ വഴി നാം ക്രിസ്തുവിന്റെ ശരീരത്തിലേക്ക് ചേർക്കപ്പെട്ട് ക്രിസ്തു വിനോട് അനുരൂപ്പെടുന്നു. ഈ മുദ്ര വഴി നാം ക്രിസ്തുവിന്റെ സ്വ ന്തമായി തീരുന്നു. ഒരുപക്ഷേ, പാപം മാമോദീസായുടെ രക്ഷാകര ഫലങ്ങൾ പുറപ്പെടുന്നതിനെ തടയുന്നുവെങ്കിലും ഒരു പാപത്തിനും ഈ മുദ്ര മായ്ക്കുവാൻ സാധിക്കുകയില്ല. പരിപാവനമായ ഈ കൂദാശവഴി നാം ക്രിസ്തുവിന്റെ അവയവവും അവിടുത്തെ സഹാ വകാശിയും പരിശുദ്ധാത്മാവിന്റെ ആലയവും ആകുന്നു. മാമോ ദീസ മുങ്ങിയവർ “ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു” (ഗലാ.3:27).

www.malankaralibrary.com

**ആത്മാവിൽ ജനനം**

പരിശുദ്ധാത്മാവിലൂടെ ഒരാളെ വിശുദ്ധീകരിക്കുകയും നവീകരിക്കുകയും നീതികരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്ന സ്നാനമാണ് മാമോദീസ.

ദൈവ-മനുഷ്യബന്ധമാണ് മാമോദീസ എന്ന കൂദാശയുടെ ഏറ്റവും അടിസ്ഥാനം. ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധത്തിന്റെ ആരംഭം കുറിക്കുന്നത് ഈ കൂദാശയിലൂടെയാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച്, അവന് സർവ്വസൗഭാഗ്യങ്ങളും നൽകിയപ്പോൾ, അവന്റെ അനുസരണക്കേടുമൂലം (പാപം) മനുഷ്യവംശത്തിന് മുഴുവൻ പരിശുദ്ധാത്മാവിനെ നഷ്ടപ്പെട്ടു. അപ്രകാരം, ദൈവാത്മാവ് നഷ്ടപ്പെട്ട അവൻ വെറും ഭൗതീകനായി, അഥവാ ജഡികനായി മാറി. എന്നാൽ കാരുണ്യവാനായ ദൈവം, നഷ്ടപ്പെട്ടുപോയ ദൈവിക സാന്നിധ്യത്തിലേക്കും സംസർഗത്തിലേക്കും മനുഷ്യനെ തിരികെ കൊണ്ടുവരാനായി തന്റെ ഏകപുത്രനെതന്നെ ഭൂമിയിലേക്ക് അയച്ചു. ഭൂമിയിലെ തന്റെ രക്ഷാകര പ്രവർത്തനങ്ങളിലൂടെ ആത്മാവ് നഷ്ടപ്പെട്ട ഭൗതീകമനുഷ്യനെ ശുദ്ധീകരിക്കുകയും പറുദീസായിൽവച്ച്, തന്റെ പാപത്തിന്റെ പരിണിത ഫലമായി നഷ്ടമായ ആത്മാവിനെ പെന്തിക്കോസ്തിയിൽ മനുഷ്യവംശത്തിന് തിരികെ നൽകുകയും ചെയ്തു. എന്നാൽ ഈ ആത്മാവിനെ ഓരോരുത്തരും വ്യക്തിപരമായി സ്വകരിക്കേണ്ടതുണ്ട്. ഇപ്രകാരം മാമോദീസാ എന്ന കൂദാശയിലൂടെ ഓരോ വ്യക്തിയും ദൈവത്തിന്റെ ആത്മാവിനെ വ്യക്തിപരമായി സ്വീകരിച്ച്, ദൈവവുമായുള്ള ബന്ധത്തിന് ആരംഭംകുറിച്ച് അതിൽ ആഴപ്പെടുന്നു. ദൈവം രക്ഷയെ മാമോദീസ എന്ന കൂദാശയോട് ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഇത് രക്ഷയുടെ അനുഭവം നമുക്ക് പ്രദാനം ചെയ്യുന്നു. മാമോദീസ അല്ലാതെ, ശാശ്വത സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം ഉറപ്പുവരുത്തുന്ന മറ്റൊരു ഉപാധിയെപ്പറ്റി സഭയ്ക്ക് അറിവില്ല.

www.malankaralibrary.com



മാമോദീസ ഒരു കുട്ടിയുടെ ഉത്ഭവപാപം അഥവാ ജന്മപാപം നീക്കികളയുന്നു എന്ന് പറയുമ്പോൾ ആ കുട്ടി, എന്തെങ്കിലും പാപം ചെയ്തു എന്നല്ല നാം അർത്ഥമാക്കേണ്ടത്. പിന്നയോ, ആത്മാവിന്റെ അഭിഷേകം ഇല്ലാത്ത, തീർത്തും ജഡികനും ഭൗതീകനുമായ ശിശുവിനെ, സാത്താന്റെ എല്ലാവിധമായ കുടിലതന്ത്രങ്ങളിൽ നിന്നും രക്ഷിച്ച്, സാത്താനെ ഉപേക്ഷിച്ച്, അവനിൽ ദൈവാത്മാവിനെ നൽകി അവനെ ആത്മാവിനാൽ നിറയ്ക്കുന്നു. ഇപ്രകാരം ജഡിക മനുഷ്യനിൽ നിന്നും സാത്താനെ പൂർണ്ണമായി ഉപേക്ഷിച്ച്, അവനെ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തി ദൈവവുമായുള്ള ബന്ധത്തിലേക്ക് അടുപ്പിക്കുന്ന കൂദാശയാണ് മാമോദീസാ.

ഒരു വ്യക്തിയെ ജലത്താലും, ആത്മാവിനാലും വിശുദ്ധീകരിച്ച് അവനിൽ ദൈവാത്മാവിന്റെ പ്രസാദം നൽകി, ദൈവവുമായുള്ള ബന്ധത്തിലേക്ക് മാമോദീസയെന്ന കൂദാശ അടുപ്പിക്കുന്നു. ആദ്യ മനുഷ്യനെ സൃഷ്ടിച്ച് അവന്റെ നാസാരന്ധ്രങ്ങളിലേക്ക് ദൈവീക ശ്വാസം ഊതിയതുപോലെയും ശ്ലീഹന്മാരിലേക്ക് ദൈവീക ശ്വാസം ഊതിയതുപോലെയും, മാമോദീസ എന്ന കൂദാശയുടെ സമയത്ത് യേശുക്രിസ്തുവിന്റെ പ്രതിനിധിയായ വൈദീകൻ ദൈവീകശ്വാസം ഊതുന്നത് വഴിയായി പരിശുദ്ധാത്മാവ് അർത്ഥിക്ക് നൽകപ്പെടുന്നു.

മാമോദീസ മുങ്ങുന്നവർ ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നു. പിശാചിന്റെ എല്ലാവിധമായ ബന്ധനങ്ങളിൽ നിന്നും മോചിച്ച്, അവനെ ദൈവത്തിന്റെ ആലയമാക്കി തീർക്കുന്നതിനായി, മാമോദീസാ വഴി ആ വ്യക്തിയെ ശുദ്ധീകരിച്ച് ദൈവാത്മാവിനെ നൽകുന്നു. അപ്രകാരം അവൻ ദൈവത്തിന്റെ പുത്രനും പുത്രിയുമായി മാറുന്നു. ജലത്തിൽ മുക്കുന്നത് മരണത്തേയും വിശുദ്ധീകരണത്തേയും മാത്രമല്ല, പുനർജനനത്തേയും നവീകരിക്കലിനേയും കൂടി സൂചിപ്പിക്കുന്നു. അപ്രകാരം പാപങ്ങളിൽ നിന്നുള്ള

www.malankaralibrary.com

**ആത്മാവിൽ ജനനം**

ശുദ്ധീകരണവും പരിശുദ്ധാത്മാവിലുള്ള പുതിയ ജനനവുമാണ് മാമോദീസായുടെ സുപ്രധാന ഫലങ്ങൾ (CCC 1262).

മാമോദീസായിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നത് വഴിയായി ഒരു വ്യക്തി, പരിശുദ്ധാത്മാവിനെ സ്വീകരിച്ച എല്ലാവ രുമായും സംസർഗത്തിലും കൂട്ടായ്മയിലും ആകുന്നു. അപ്രകാരം ക്രിസ്തുവമായും സഭയുമായും ഐക്യത്തിലും കൂട്ടായ്മയിലും ആകുന്ന കൂദാശയാണ് മാമോദീസ. ഈ കൂദാശയിലൂടെ നാം ഒരു നവ സൃഷ്ടിയായി തീരുന്നുവെന്ന് ആദിമ സഭ പഠിപ്പിക്കുന്നു. കാരണം പരി. ത്രിത്വത്തിന്റെ നാമത്തിൽ മാമോദീസാ സ്വീകരി ക്കുന്ന വ്യക്തി പരി. ത്രിത്വത്തിന്റെയും സഭയുടേയും മഹത്തായ രഹസ്യത്തിലേക്ക് പ്രവേശിക്കുകയും പരിശുദ്ധാത്മാവിനെ സ്വീകരിച്ച സമൂഹത്തിലെ അംഗമായി തിരുകയും ചെയ്യുന്നു.

മാമോദീസാ എല്ലാ പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുക മാത്രമല്ല, വിശ്വാസത്തിലെ നവ ജാതനെ ഒരു ‘പുതിയ സൃഷ്ടി’ ആക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദത്തുപുത്രനും തത്ഫല മായി ദൈവീക സ്വഭാവത്തിൽ പങ്കുകാരനും ക്രിസ്തുവിന്റെ അവയവവും അവിടുത്തെ സഹാവകാശിയും പരിദ്ധാത്മാവിന്റെ ആലയവും ആക്കുന്നു (CCC 1265). ഈ കൂദാശയിലൂടെ പഴയ മനുഷ്യനെ പൂർണ്ണമായി പരിത്യജിച്ച് പുതിയ മനുഷ്യനെ ധരി ക്കുന്നു. ഇപ്രകാരം അവൻ അന്ധകാരത്തിൽ നിന്ന് പ്രകാശത്തി ലേക്കും അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കും പൈശാ ചിക ബന്ധനത്തിൽ നിന്ന് ദൈവീക സംസർഗ്ഗത്തിലേക്കും കടന്നു വരുന്നു.

മാമോദീസാ സ്വീകരണം വഴി ഒരു വ്യക്തി ക്രിസ്തുവിനെ എന്നെന്നേക്കുമായി പിൻചെല്ലുന്നതിന് കടപ്പെട്ടിരിക്കുന്നു. ക്രിസ്തു വിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളോടെല്ലാം (പെസ ഹാരഹസ്യങ്ങൾ) അനുരൂപപ്പെട്ട് ജീവിക്കാൻ അവൻ പ്രത്യേക

www.malankaralibrary.com



മായി വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ ദൈവീക വിളി യോടുള്ള പ്രതികരണത്തിന്റെ അടയാളം കൂടിയാണ് വിശുദ്ധ മാമോ ദീസ. യേശു തന്റെ പരസ്യജീവിതം ആരംഭി ക്കുന്നത് ആത്മീയ പരിവർത്തനത്തിലേക്കുള്ള സുവിശേഷത്താൽ ജനങ്ങളെ വിശ്വാസത്തിലേക്ക് വിളിച്ചുകൊണ്ടാണ്. പരിവർത്തനം എന്നത് തെറ്റിൽ നിന്ന് അകന്നുനിൽക്കുക മാത്രമല്ല, ദൈവത്തിങ്ക ലേക്ക് തിരികെവരികയും ചെയ്യുക എന്നതാണ്. അങ്ങനെ പരിവർ ത്തനത്തിൽ മനുഷ്യ സഹകരണം ഉൾക്കൊള്ളുന്നു. ദൈവവുമാ യുള്ള ഒരാളുടെ ബന്ധത്തെ തടയുന്ന പാപത്തിന് എതിരേയുള്ള അനുതാപവുമായി പരിവർത്തനം ബന്ധപ്പെട്ടിരിക്കുന്നു. മാമോദീസ യുടെ കൂദാശയാൽ, നാം പഴയ വ്യക്തിത്വത്തിന് മരിച്ചവരാകു കയും യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ഒരു പുതിയ വ്യക്തി ത്വവും (2കോരി.5:17) ഒരു പുതിയ നാമവും സ്വീകരിക്കു കയും ചെയ്യുന്നു. മാമോദീസ ഒരു വ്യക്തിയുടെ പ്രതികരണത്തിന്റെ അട യാളമായി അനസ്യൂതം തുടരുന്ന ബന്ധം പങ്കുവയ് ക്കുന്നു. അങ്ങനെ നമുക്ക് ദൈവത്തെ 'അബ്ബാ' എന്ന് വിളിക്കാൻ കഴിയും (റോമ.8:15). അങ്ങനെ മാമോദീസായെ ദൈവിക പുത്രത്വത്തിന്റെ കൂദാശയായി മാറുന്നു.

"മിശിഹായിൽ മാമോദീസ സ്വീകരിച്ച നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു" എന്ന് വി. പൗലോസ് പറയുന്നുണ്ട്. മാമോദീ സായിൽ ഒരുവൻ പാപം നിറഞ്ഞ പഴയ മനുഷ്യനെ സംസ്കരി ക്കുകയും ക്രിസ്തുവിന്റെ പുതിയ വ്യക്തിത്വത്തെ ധരിക്കുകയും ചെയ്യുന്നു. മാമോദീസായുടെ കൃപാവരം സമ്പന്നമായ ഒരു യാഥാർത്ഥ്യമാണ്. ഉത്ഭവ പാപത്തിന്റെയും കർമ്മാനുഷ്ഠാനങ്ങ ളിലൂടെ വന്നുപോയ സകലപാപങ്ങളുടെ മോചനവും ഒരു പുതിയ ജീവനിലേക്കുള്ള ജനനവും അതിൽ ഉൾകൊള്ളുന്നു. നിത്യ ജീവന്റെ മുദ്രയായ മാമോദീസാ നമ്മെ ദൈവദർശനത്തിന്റെ

www.malankaralibrary.com



പ്രതീക്ഷയിലേക്കും പുനരുത്ഥാനത്തിന്റെ പ്രത്യാശയിലേക്കും നയിക്കുന്നു.

മാനസാന്തരത്തിനു യോജിച്ച് ഫലം പുറപ്പെടുവിക്കുമ്പോൾ മാത്രമാണ് ഒരാൾ ദൈവപുത്രന്റെ സ്ഥാനം അലങ്കരിക്കുകയുള്ളു. വീണ്ടും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കു കയില്ല (യോഹ 3:5), അവിടുന്ന് മക്കളെന്ന് വിളിക്കുക മാത്രമല്ല, നാം മക്കൾ തന്നെയാണ് (1 യോഹ 3:1), ഏകജാതനും ആദ്യജാതനുമായ ക്രിസ്തുവിൽ ഐക്യപ്പെടുന്നതുവഴി നാം ദൈവമക്കളായിത്തീരുന്നു (യോഹ. 3:18; ഗലാ. 4:5), യോഹ 20:31-ൽ നാം വായിക്കുന്നു: "അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്കു അവന്റെ നാമത്തിൽ ജീവനുണ്ടാകാൻ വേണ്ടിയാണ് ഞാൻ ഇതെഴുതുന്നത്." ദൈവത്തിന്റെ ജീവൻ പങ്കുവച്ചു കിട്ടുകയാണ് (2 പത്രോ. 1:4) അഥവാ ദൈവമക്കളായി വളരാൻ സഹായിക്കുകയാണ് മാമ്മോദീസ.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരനുള്ള വിളികൂടിയാണ് മാമോദീസ. എല്ലാ ക്രിസ്ത്യാനികൾക്കും മാമോദീസാ വഴിയായി പൗരോഹിത്യം ലഭിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യമാണിത്. 1 പത്രോ 2:5-ൽ പറയുന്നതുപോലെ ഒരു ക്രിസ്ത്യാനി മാമോദീസാവഴിയായി വിശുദ്ധമായ പുരോഹിത ജനമായി മാറുകയാണ്. പൗരോഹിത്യം ബലിയർപ്പണത്തിനുള്ള താണ്. മുൻ അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, രാജകീയ പൗരോഹിത്യം സ്വീകരിച്ച വ്യക്തികളും ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചവരും ക്രിസ്തുവിനോട് ചേർന്നു അവിടുത്തെ ഏക ബലി നിത്യപിതാവിന് അർപ്പിക്കുന്ന ആരാധനയാണ് വിശുദ്ധ കുർബ്ബാന. അതിനാൽ മാമോദിസ ക്രിസ്തുവിന്റെ പൗരോഹിത്യ ത്തിൽ പങ്കുചേരാനുള്ള വിളികുടിയാണ്.

ഒരു വ്യക്തി മാമോദിസ സ്വീകരിക്കുമ്പോൾ എല്ലാ പാപങ്ങ ളിൽ നിന്നും വിശുദ്ധീകരിക്കപ്പെടുകയും യഥാർത്ഥമായി ക്രിസ്തീയ

www.malankaralibrary.com



ജീവിതത്തിലേക്ക് ജനിക്കുകയും ചെയ്യുന്നു. ദൈവികകൃപ നമ്മുടെ ആത്മാവിലേക്ക് സന്നിവേശിക്കപ്പെടുകയും നമ്മുടെ ആത്മാവിന്റെ കുറവുകളെ ദൈവകൃപയാൽ പരിഹരിക്കുകയും ചെയ്യുന്നു.

**മാമോദീസ മലങ്കര ക്രമത്തിൽ : വ്യക്തികളും പ്രതീകങ്ങളും**

**കാർമ്മികൻ :** സാധാരണയായി വൈദികൻ ആണ് മാമോദീസായുടെ കാർമ്മികൻ. ഇടവക വികാരിയോ അദ്ദേഹത്തിന്റെ അനുവാദത്തോടെ മറ്റൊരു വൈദികനോ മാമോദീസ പരികർമ്മം ചെയ്യാവുന്നതാണ്. എന്നാൽ അത്യാവശ്യസാഹചര്യങ്ങളിൽ ഏതൊരു വൈദികനും അനുവാദം ലഭിക്കുമെന്ന വിശ്വാസത്തിൽ മാമോദീസ നൽകാവുന്നതാണ്. അത്യപൂർവ്വസാഹചര്യങ്ങളിൽ ഉദാഹരണത്തിന് മരണസന്നനായ ഒരു വ്യക്തിക്ക് മാമോദീസ നൽകേണ്ടിവരുമ്പോഴോ, ജനിച്ചുവീണ ഒരു കുഞ്ഞ് ഉടനെ മരിക്കുമെന്ന ഒരു അവസ്ഥ ഉണ്ടാകുന്നു എന്ന അവസ്ഥ ഉണ്ടാകുമ്പോഴോ, ഒരു വൈദികന്റെ അഭാവത്തിൽ ഒരു ശെമ്മാശനോ, സമർപ്പണ ജീവിതം നയിക്കുന്ന ഒരു വ്യക്തിക്കോ ഏതെങ്കിലും ഒരു ക്രൈസ്തവ വിശ്വാസിക്കോ, സ്വന്തം മാതാപിതാക്കൾക്കു പോലുമോ സ്നാനാർത്ഥിക്ക് **"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ"** മാമോദീസ നൽകാവുന്നതാണ് (CCEO - 677). അകാലത്തിൽ പുറത്തായ ഭ്രൂണത്തിന് ജീവനുണ്ടെങ്കിൽ മാമോദീസ നൽകണമെന്ന് സഭപഠിപ്പിക്കുന്നു (CCEO - 679). ഇത്തരം സാഹചര്യങ്ങളിൽ ഡോക്ടർമാർക്കോ, നേഴ്സുമാർക്കോ, മാതാപിതാക്കൾക്കോ ആ കുഞ്ഞിന് മാമോദീസ നൽകാവുന്നതാണ്. കാരണം ജീവന്റെ ആദ്യനിമിഷം മുതൽ അണ്ഡവും ബീജവും ഒന്നാകുന്ന നിമിഷം മുതൽ അത് ഒരു വ്യക്തിയാണെന്ന് സഭപഠിപ്പിക്കുന്നു. അതിനാൽ തന്നെ മാമോദീസ സ്വീകരിക്കാൻ അവകാശവും ഉണ്ട്.

www.malankaralibrary.com



**മാമോദീസാ തൊട്ടി:** മലങ്കര ആരാധനക്രമമനുസരിച്ച് പരിശുദ്ധ ദൈവാലയത്തെ ക്രിസ്തുവിന്റെ ശരീരത്തോടാണ് ഉപമിക്കുന്നത്. മദ്ബഹയാണ് ക്രിസ്തുവിന്റെ ശിരസ്സായി ഉപമിക്കുന്നത്. അതിനാലാണ് വിശുദ്ധ ഏവൻഗേലിയോൻ മദ്ബഹായുടെ മുൻഭാഗത്ത് നിന്നുകൊണ്ട് വൈദികൻ വായിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് ക്രിസ്തു നമ്മോട് നേരിട്ട് സംസാരിക്കുന്നു എന്നതാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ വിലാപുറം ആയിട്ടാണ് പരിശുദ്ധ ദൈവാലയത്തിൽ മാമോദീസത്തൊട്ടിയുടെ സ്ഥാനം ഉപമിക്കുക. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്, ക്രിസ്തുവിന്റെ വിലാപുറം കുത്തിതുളയ്ക്കപ്പെട്ടപ്പോൾ അവിടെനിന്നും ഒഴുകിയ രക്തവും വെള്ളവും വിശുദ്ധ മാമോദീസായെയും വിശുദ്ധ കുർബാനയേയും സദൃശീകരിക്കുന്നു എന്നാണ്. ഒരു വ്യക്തി സഭയിലെ അംഗമാകുന്ന മാമോദീസായെന്ന കൂദാശ സ്വീകരിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തോട് ചേർക്കപ്പെടുന്നുവെന്നും അവനിൽ നിന്ന് ഒഴുകിയ രക്തത്താലും വെള്ളത്താലും കഴുകി പുതിയ സൃഷ്ടിയായി മാറുന്നുവെന്നും ഇത് സൂചിപ്പിക്കുന്നു. അതുപോലെ തന്നെ മാമോദീസത്തൊട്ടിയെ സഭാമാതാവിന്റെ ഉദരമെന്നും വിളിക്കാറുണ്ട്. കാരണം, ഒരു വ്യക്തി സഭയിൽ ജന്മംപ്രാപിക്കുന്നത് മാമോദീസ സ്വീകരിക്കുമ്പോഴാണ്.

**വിശുദ്ധ മൂറോൻ:** സുഗന്ധതൈലം എന്നർഥമുള്ള വിശുദ്ധ മൂറോൻ പരിശുദ്ധാത്മാവിന്റെയും മിശിഹായുടെ പരിമള വാസനയുടെയും പ്രതീകമാണ്. മാമോദീസയ്ക്ക് വെള്ളം വിശുദ്ധീകരിക്കുന്നതിനും മാമോദീസായ്ക്കുശേഷമുള്ള അഭിഷേകത്തിനും ദൈവാലയങ്ങളുടെയും കുർബാനയർപ്പണ വേളയിൽ വിശുദ്ധ ത്രോണോസിൽ പൂജാപാത്രങ്ങൾ വയ്ക്കുന്ന തബലീത്താ കൂദാശയ്ക്കും മാത്രമാണു വിശുദ്ധ മൂറോൻ ഉപയോഗിക്കുന്നത്. സുഗന്ധദ്രവ്യങ്ങളും മേൽത്തരം ഒലിവെണ്ണയും ബാലസ്മോൻ എന്ന സുഗന്ധ വസ്തുവും

www.malankaralibrary.com



പ്രത്യേക അനുപാത്തിൽ ചേർത്ത് തയാറാക്കിയ തൈലക്കൂട്ട് ഒട്ടേറെ ശുശ്രൂഷാ ക്രമങ്ങളിലൂടെയും പ്രാർഥനയോടെയുമാണു കൂദാശ ചെയ്യുന്നത്.

ദൈവത്തിന്റെ അദൃശ്യ സാന്നിധ്യം നിറയുന്ന നിരവധി പ്രാർഥനകൾ ഉൾപ്പെടുന്നതാണ് ഇതിലെ ഓരോ ശുശ്രൂഷയും. സഭയുടെ തലവനോടൊപ്പം സഭയിലെ എല്ലാ പിതാക്കന്മാരും സഹകാർമികരായി മൂറോൻ കൂദാശ ചെയ്യുന്ന തിരുകർമ്മങ്ങളിൽ പങ്കെടുക്കുന്നു. പെന്തിക്കോസ്ത് ശേഷം വരുന്ന തിങ്കളാഴ്ച പത്രോസും മറ്റ് ശിഷ്യന്മാരും കൂടി കർത്താവിന്റെ കല്ലറയിൽ പോവുകയും കർത്താവിന്റെ കബറടക്ക സമയത്ത് ഉപയോഗി ച്ചിരുന്ന സുഗന്ധദ്രവ്യങ്ങൾ, കർത്താവിന്റെ തിരുരക്തവുമായി അലിഞ്ഞു ചേർന്നിരുന്ന സുഗന്ധദ്രവ്യങ്ങൾ എടുത്തുകൊണ്ടു വരികയും മൂറോൻ തൈലം ഉണ്ടാക്കുകയും ചെയ്തു എന്നതാണ് സഭയുടെ പാരമ്പര്യം. ഈ മൂറോൻ തൈലത്തിൽ ഉപയോഗിച്ച സുഗന്ധദ്രവ്യങ്ങളിൽ കർത്താവിന്റെ തിരുരക്തം അലിഞ്ഞു ചേർന്നിരുന്നുവെന്നും അതിനാൽ ഈ തൈലത്തിൽ കർത്താ വിന്റെ രക്തത്തിന്റെ സാന്നിധ്യം ഉണ്ട് എന്നും അവർ വിശ്വസി ച്ചിരുന്നു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഞായറാഴ്ച സന്ധ്യാനമസ്ക്കാരത്തിന്റെ കോലോയിൽ നാം ഇപ്രകാരം പാടുക. **'നിൻ മുറിവുകളിൽനിന്നേറ്റൻ മൂറോൻ മണമെൻ നാഥാ'**.

ആദ്യം കൂദാശ ചെയ്തിരുന്ന വിശുദ്ധ മൂറോൻ തൈലത്തിൽ നിന്ന് അല്പം മൂറോൻ തൈലം പുതുതായി മൂറോൻ തൈലം കൂദാശ ചെയ്യുമ്പോൾ അതിനോടൊപ്പം ചേർക്കും. തലമുറകൾ കൈമാറ്റം ചെയ്യപ്പെട്ട മൂറോൻ തൈലമാണ് ഇപ്പോഴും നാം ഉപയോഗിക്കുന്നത് എന്നത് ഇത് സദൃശീകരിക്കുന്നു. വിശുദ്ധ കുർബാന പോലെ വിശുദ്ധ മൂറോനും വിശുദ്ധവും പരിപാവനവുമായി കരുതുന്നു. കാരണം അതിൽ യേശുവിന്റെ തിരുരക്ത ത്തിന്റെ സാന്നിധ്യം ഉണ്ടെന്ന് സഭ വിശ്വസിക്കുന്നു. അതിനാൽ തന്നെ വിശുദ്ധ മൂറോൻ

www.malankaralibrary.com



കൊണ്ട് മാമോദിസ സമയത്ത് അർത്ഥിയുടെ നെറ്റിയിൽ കുരിശു വരയ്ക്കുമ്പോൾ യേശുവിന്റെ തിരുരക്തം കൊണ്ടാണ് മുദ്രയിടുന്നത്. ക്രിസ്തീയ പാരമ്പര്യ ത്തിൽ വിശുദ്ധ മൂറോൻ നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി ആദിമ ക്രിസ്ത്യാനികൾ രക്തസാക്ഷിത്വംവരെ വരച്ചതായി സഭ പാരമ്പര്യ ത്തിൽ നാം കാണുന്നു.

**തലതൊടുന്ന വ്യക്തി:** സഭയുടെ പരമ്പരാഗതമായ നിയമം അനുസരിച്ച് വിശുദ്ധ മാമോദിസ പരികർമ്മം ചെയ്യുമ്പോൾ ഒരു വ്യക്തിയെങ്കിലും തലതൊടുവാൻ ഉണ്ടായിരിക്കണം. മുതിർന്ന വരുടെ മാമോദീസയിൽപോലും തലതൊടുന്ന വ്യക്തിയുടെ സാന്നിധ്യം സഭ പ്രത്യേകം നിഷ്കർഷിക്കുന്നു. തിരിച്ചറിവ് വന്ന വ്യക്തിയുടെ മാമോദിസായ സംബന്ധിച്ചിടത്തോളം തല തൊടുന്ന വരുടെ ഉത്തരവാദിത്വം സ്ഥാനാർത്ഥിയെ മാമോദിസ യിക്കുവേണ്ടി ഒരുക്കുന്നതിലും വിശ്വാസത്തിൽ വളരുവാൻ സഹായിക്കുന്ന തിലുമാണ് അടങ്ങിയിരിക്കുന്നത്. എന്നാൽ കുഞ്ഞുങ്ങളുടെ മാമോദിസയിൽ സ്നാനാർത്ഥിയുടെ ആധ്യാ ത്മിക വളർച്ചയ്ക്ക് അർത്ഥിയെ പ്രാപ്തനാക്കുവാനുള്ള വലിയ കടമ തലതൊടുന്ന വ്യക്തിക്ക് ഉണ്ട്. തലതൊടുന്ന വ്യക്തി വിശുദ്ധ മാമോദിസ, മൂറോനഭിഷേകം, വിശുദ്ധ കുർബാന എന്നീ പ്രവേശക കൂദാശകൾ സ്വീകരിച്ചിട്ടുള്ളവരും മാതൃകാപരമായ കത്തോലിക്കാ വിശ്വാസ ജീവിതം നയിക്കുന്ന വ്യക്തിയും സഭാ പരമായ ശിക്ഷണ നടപടിക്ക് വിധേയനാകാത്തവനും ആയിരി ക്കണം. തല തൊടുന്ന വ്യക്തി സ്നാനാർത്ഥിയുടെ മാതാപിതാ ക്കളോ ജീവിതപങ്കാളിയോ ആകുവാൻ പാടുള്ളതല്ല.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമമനുസരിച്ച് തല തൊടുന്ന വ്യക്തി 18 വയസ്സ് പൂർത്തിയായ

www.malankaralibrary.com



ഒരു വ്യക്തിക്കു മാത്രമേ തലതൊട്ടപ്പൻ ആകുവാൻ സാധിക്കുകയുള്ളൂ. തലതൊടുന്ന വ്യക്തി അർത്ഥിയുടെ ഇടവകയ്ക്ക് പുറത്തുള്ള വ്യക്തി ആണ് എങ്കിൽ അവരുടെ സ്വന്തം ഇടവക വൈദികനിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണം. ദത്തെടുത്ത കുട്ടിയുടെ കാര്യത്തിൽ, കുട്ടിയെ ദത്തെടുത്ത മാതാപിതാക്കളുടെ പേരുകൾ മാമോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തണം. മാമോദീസ ആഘോഷിക്കുന്ന സ്ഥലത്തെ ഇടവക വികാരി അത് കൃത്യമായും കാലതാമസമില്ലാതെയും മാമോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തണം. സീറോ മലങ്കര കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച്, പുരുഷന്റെ തല തൊടുന്ന വ്യക്തി പുരുഷനും സ്ത്രീയുടേത് സ്ത്രീയുമായിരിക്കണം (CPCSMCC 471-477).

ശിശുക്കൾക്ക് കഴിയുന്നതും നേരത്തെ മാമോദീസ നൽകുവാൻ മാതാപിതാക്കൾ കടപ്പെട്ടിരിക്കുന്നു. ജനിച്ച് ഏഴുദിവസത്തിനുശേഷം മാമോദീസ നല്കുന്ന പതിവു പല സഭകളിലും നിലനിൽക്കുന്നു. ശിശുക്കൾക്കു മാമോദീസ നല്കുമ്പോൾ, മാതാപിതാക്കളെയും തലതൊടുന്നവരെയും മാമോദീസയുടെ അർത്ഥത്തെ സംബന്ധിച്ചും അവരുടെ ഉത്തരവാദിത്വങ്ങളെ കുറിച്ചും പഠിപ്പിക്കണം. മുതിർന്നവർക്കു മാമോദീസ നല്കുന്നതിനു മുമ്പ് സ്നാനാർത്ഥിയെ വിശ്വാസം പഠിപ്പിക്കുകയും കൂദാശ സ്വീകരണത്തിനുവേണ്ടി ഒരുക്കുകയും ചെയ്യണം. അതിനു സമാനമായി ശിശുക്കളുടെ കാര്യത്തിൽ മാതാപിതാക്കളും തലതൊടുന്നവരും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. കാരണം അവരുടെ വിശ്വാസത്തിന്റെ ഉറപ്പിലാണ് ശിശുക്കൾക്ക് മാമോദീസ നല്കപ്പെടുന്നത്. മാമോദീസാവഴി വിശ്വാസസമൂഹ ത്തിലേക്ക് ശിശു സ്വീകരിക്കപ്പെടുന്നു.

www.malankaralibrary.com



**മാമോദിസ പരികർമ്മം ചെയ്യുന്ന സ്ഥലം:** സാധാരണയായി ഇടവക ദൈവാലയത്തിൽ വച്ചാണ് മാമോദിസ പരികർമ്മം ചെയ്യേണ്ടത് എന്നാൽ ഓരോ സ്ഥലത്തെയും പാരമ്പര്യങ്ങളെയും പ്രത്യേകമായ ആവശ്യങ്ങളും അനുസരിച്ച് രൂപതാ അധ്യക്ഷന്റെ അനുവാദത്തോടുകൂടി ഏറ്റവും അനുയോജ്യമായ ഇടത്തുവച്ച് മാമോദിസ പരികർമ്മം ചെയ്യാവുന്നതാണ്.

**വിശുദ്ധ കുരിശ് – കുരിശടയാളം:** ക്രൈസ്തവജീവിതത്തിന്റെ എല്ലാ അവസരത്തിലും ഉപയോഗിക്കുന്ന ഏറ്റവും ചെറിയൊരു പ്രാർത്ഥനയാണ് കുരിശുവര. കുരിശടയാളം വരയ്ക്കുന്നതുവഴി നമ്മുടെ പാപങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നതിനുവേണ്ടി കാൽവരിയിലെ മരക്കുരിശിൽ രക്തം ചിന്തിയ നമ്മുടെ കർത്താവായ ഈശോയെയാണ് നാം സ്മരിക്കുന്നത്. ആദിമസഭ യുടെ കാലം മുതൽ സഭയിൽ വിശ്വാസികൾ കുരിശടയാളം വരയ്ക്കുന്ന പതിവുണ്ടായിരുന്നുവെന്ന് സഭാപിതാക്കന്മാരുടെ രചനകളിൽ നിന്ന് വ്യക്തമാണ്. “എല്ലാ പ്രവർത്തനവും കുരിശുവരയോടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യണം”എന്ന് തെർത്തുല്ല്യൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധ അമ്പ്രോസ്, വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ അപ്രേം, വിശുദ്ധ സിറിൾ, വിശുദ്ധ ജോൺ ക്രിസോസ്റ്റോം തുടങ്ങിയ സഭാപിതാക്കന്മാർ കുരിശടയാളം ക്രൈസ്തവവിശ്വാസത്തിന്റെയും ജീവിതത്തിന്റെയും അവിഭാജ്യഘടകമാണെന്ന് പ്രസ്താവിക്കുന്നു.

നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്ന എല്ലാവർക്കും രക്ഷലഭിക്കും എന്ന് വിശുദ്ധ സിപ്രിയാൻ പഠിപ്പിക്കുന്നു. വിശുദ്ധ അമ്പ്രോസിന്റെ വീക്ഷണത്തിൽ കത്തോലിക്കരാകാൻ ആഗ്രഹിക്കുന്നവർ കുരിശടയാളത്തിൽ വിശ്വസിക്കണം. ഈശോയുടെ കുരിശിന്റെ അടയാളത്തിൽ നാം മുദ്രിതരാകണമെന്ന് വിശുദ്ധ

www.malankaralibrary.com



ആഗസ്തീനോസ് പഠിപ്പിക്കുന്നു. ജറുസലേമിലെ വിശുദ്ധ സിറിൾ പഠിപ്പിക്കുന്നതനുസരിച്ച് വിശ്വാസികളുടെ അടയാളമായ കുരിശ് പിശാചുക്കളുടെ ഭീതികാരണമാണ്. നാം ഏതുകാര്യം ചെയ്യുന്ന തിനു മുമ്പും ശേഷവും കുരിശു വരയ്ക്കണം. വിജയകരമായ കുരിശടയാളത്താലെ നമ്മുടെ ശരീരത്തിലെ ഓരോ അവയവ ത്തേയും മുദ്രകുത്തുകയും അലങ്കരിക്കുകയും ചെയ്താൽ യാതൊന്നിനും നമ്മെ ഉപദ്രവിക്കാൻ സാധിക്കില്ല എന്ന് വിശുദ്ധ അപ്രേം പഠിപ്പിക്കുന്നു. ഏറ്റവും ചുരുക്കമായി പറഞ്ഞാൽ വിശുദ്ധ സ്ലീബ നമ്മുടെ കർത്താവിനെ തന്നെയാണ് സൂചിപ്പിക്കുക.

**മാമോദീസ സ്വീകരിക്കുന്ന വ്യക്തി:** തിരിച്ചറിവുവന്ന വ്യക്തിയാണ് മാമോദീസ സ്വീകരിക്കുന്നതെങ്കിൽ വിശ്വാസ സത്യങ്ങളെക്കുറിച്ച് യഥാർത്ഥമായ അറിവും മാമോദീസ സ്വീകരിക്കുവാനുള്ള പ്രകടമായ ആഗ്രഹവും ഉണ്ടായിരിക്കണം. ശിശുവാണെങ്കിൽ മാതാപിതാക്കളിൽ ഒരാളെങ്കിലും അഥവാ അവരുടെ സ്ഥാനത്തു നിൽക്കുന്ന രക്ഷാകർത്താവോ അതിനായി സമ്മതിക്കണം. കൂടാതെ ശിശുവിനെ കത്തോലിക്കാ വിശ്വാസ ത്തിൽ വളർ ത്തിക്കൊണ്ടുവരാനുള്ള സാധ്യതയുണ്ടായിരിക്കണം. അകത്തോലിക്കർക്ക് മാമോദീസ നൽകണമെങ്കിൽ മാതാപിതാ ക്കളിൽ ഒരാളെങ്കിലും അതിനായി ആവശ്യപ്പെടണം.

## ഉപസംഹാരം

മലങ്കര സുറിയാനി ആരാധനാക്രമ പ്രകാരം വിശുദ്ധ മാമോ ദീസ ഒരുവന് നഷ്ടപ്പെട്ട കൃപയുടെ വസ്ത്രം വീണ്ടെടുക്കുവാ നുള്ള വീണ്ടെടുപ്പിന്റെ അനശ്വര കൂദാശയാണ്. ഇതുവഴി ആ വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവവും സഭയിലെ അംഗവും ദൈവരാജ്യത്തിന് അവകാശിയുമാകുന്നു. ഈ സ്ഥാല ലപ്തി അവരെ സ്വാതന്ത്ര്യത്തിന്റെ പറുദീസായിൽ വികരിക്കുന്ന

www.malankaralibrary.com



തിന് വിശ്വസ്ഥതയോടെ ഇഹലോകജീവിതം പൂർത്തീകരിക്കുന്നതിനും ക്ഷണിക്കുന്നു. കർത്താവിന്റെ ചങ്കിൽ നിന്ന് ഒഴുകി ഇറങ്ങിയ രക്തവും ജലവും മാമോദീസ തൊട്ടിയിൽ വച്ച് അവനെ പുതിയ സൃഷ്ടി ആക്കുമ്പോൾ അവൻ ക്രിസ്തുവിന്റേത് മാത്രമായിത്തീരുന്നു. ഇപ്രകാരമുള്ള മാമോദീസയുടെ ആഴമേറിയ ദൈവശാസ്ത്രത്തെയും അർത്ഥതലങ്ങളെയും വളരെ മനോഹരമായ രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇവിടെ ഓരോ പ്രാർത്ഥനയ്ക്കും ആംഗ്യത്തിനും വസ്തുക്കൾക്കും ഗഹനമേറിയ അർത്ഥതലങ്ങൾ ഉണ്ട്. ഇപ്രകാരം മലങ്കര സുറിയാനി ആരാധനാക്രമത്തിൽ മാമോദീസ എന്ന കൂദാശ വളരെ ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു.

www.malankaralibrary.com



## അധ്യായം 5

# സഭാനിയമങ്ങൾ: പൗരസ്ത്യസഭകളുടെ കാനോനകൾ (CCEO)

**കാനോന 675 :** §1. മാമോദീസയിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം വിളിച്ചപേക്ഷിച്ചു കൊണ്ട് സ്വാഭാവികജലത്താൽ കഴുകപ്പെടുന്ന വ്യക്തി പാപത്തിൽ നിന്ന് മോചിക്കപ്പെടുകയും പുതിയ ജീവനിലേക്ക് വീണ്ടും ജനിക്കുകയും ക്രിസ്തുവിനെ ധരിക്കുകയും അവിടുത്തെ ശരീരമായ സഭയിലേക്ക് കൂട്ടിചേർക്കപ്പെടുകയും ചെയ്യുന്നു.

§2. മാമോദീസയുടെ യഥാർത്ഥമായ സ്വീകരണംവഴി മാത്രമാണ് ഒരു വ്യക്തി മറ്റു കൂദാശകൾ സ്വീകരിക്കുവാൻ യോഗ്യനായിത്തീരുന്നത്.

**കാനോന 676 :** സാധുതയ്ക്ക് ആവശ്യമായിരിക്കുന്ന കാര്യങ്ങൾ മാത്രം അനുഷ്ഠിച്ചുകൊണ്ട് അത്യാവശ്യ സന്ദർഭങ്ങളിൽ മാമോദീസ നിയമാനുസൃതം പരികർമ്മം ചെയ്യാവുന്നതാണ്.

**കാനോന 677 :** §1. സാധാരണയായി ഒരു വൈദികനാണ് മാമോദീസ പരികർമ്മം ചെയ്യുന്നത്. എന്നാൽ പ്രത്യേകനിയമം പരിഗണിച്ചു കൊണ്ടുതന്നെ സ്നാനാർത്ഥിയുടെ ഇടവകവികാരിക്കോ പ്രസ്തുത വികാരിയുടെയോ സ്ഥലമേലദ്ധ്യക്ഷന്റെയോ അനുവാദത്തോടെ മറ്റൊരു വൈദികനോ മാമോദീസ പരികർമ്മം ചെയ്യാനാവും. ഗൗരവമായ ഒരു കാരണമുള്ളപ്പോൾ അനുവാദം തനിക്ക് ലഭിച്ചിട്ടുണ്ട് എന്ന് വൈദികൻ കരുതുന്നത് (presume) നിയമാനുസൃതമാണ്.

www.malankaralibrary.com



§2. അത്യാവശ്യസന്ദർഭങ്ങളിൽ മ്ശംശോനയ്ക്ക് മാമോദീസ പരികർമ്മം ചെയ്യാവുന്നതാണ്. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലോ അദ്ദേഹത്തിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിലോ ഏതെങ്കിലും ശെമ്മാശ്ശനോ സമർപ്പിതജീവിത സമൂഹത്തിലെ ഒരംഗത്തിനോ മറ്റേതെങ്കിലും ക്രൈസ്തവവിശ്വാസിക്കോ മാമോദീസ പരികർമ്മം ചെയ്യാവുന്നതാണ്. മാമോദീസ നല്കുവാനറിയാവുന്ന മറ്റൊരുവ്യക്തി ലഭ്യമല്ലാത്തപ്പോൾ അപ്പനോ അമ്മയ്ക്കോ മാമോദീസ പരികർമ്മം ചെയ്യാവുന്നതാണ്.

**കാനോന 678 :** §1. ആവശ്യമായ അനുവാദം കൂടാതെ മറ്റൊരാളുടെ അധികാരസീമയിൽ മാമോദീസ നിയമാനുസൃതം പരികർമ്മം ചെയ്യുവാൻ ആർക്കും പാടുള്ളതല്ല. മാമോദീസ സ്വീകരിക്കുന്ന വ്യക്തി അംഗമായി ചേർക്കപ്പെടേണ്ട സ്വയാധികാരസഭയിലെ ഒരു വൈദികന് ഈ അനുവാദം മറ്റൊരു സ്വയാധികാരസഭയിലെ ഇടവകവികാരി നിഷേധിക്കുവാൻ പാടുള്ളതല്ല.

§2. തങ്ങൾ അംഗങ്ങളായിരിക്കുന്ന സ്വയാധികാര സഭയിൽപ്പെട്ട ഇടവകവികാരി ഇല്ലാത്ത കുറെയേറെ വിശ്വാസികൾ ഉള്ള സ്ഥലങ്ങളിൽ രൂപതാമെത്രാൻ, സാധ്യമെങ്കിൽ, അതേ സഭയിലെ ഒരു വൈദികനെ മാമോദീസ നല്കുവാനായി നിയോഗിക്കേണ്ടതാണ്.

**കാനോന 679 :** മാമോദീസ സ്വീകരിക്കാത്ത ഒരു വ്യക്തിക്കു മാത്രമേ മാമോദീസ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കാനോന 680 :** ഗർഭഛിദ്രത്തിനു വിധേയമായ ഭ്രൂണത്തിന് (aborted fetus) ജീവനുണ്ടായിരിക്കുകയും അതിന് മാമോദീസ നൽകുവാൻ സാധിക്കുകയും ചെയ്യുകയാണെങ്കിൽ മാമോദീസ നൽകപ്പെടേണ്ടതാണ്.

**കാനോന 681 :** §1. ഒരു ശിശുവിന് നിയമാനുസൃതം മാമോദിസ നല്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യമാണ്

www.malankaralibrary.com



1. §5-ന് അർഹമായ പരിഗണന കൊടുത്തുകൊണ്ടുതന്നെ ശിശു കത്തോലിക്കാസഭയിൽ വളർത്തപ്പെടുമെന്ന് ന്യായമായ പ്രതീക്ഷയുണ്ടായിരിക്കണം,

2. മാതാപിതാക്കളോ അവരിൽ ഒരാളെങ്കിലുമോ, അല്ലെങ്കിൽ നിയമാനുസൃതം അവരുടെ സ്ഥാനത്തുള്ള വ്യക്തിയോ സമ്മതിക്കണം.

§2. ഉപേക്ഷിക്കപ്പെട്ടതോ കളഞ്ഞുകിട്ടിയതോ ആയ ശിശുവിന്റെ മാമോദീസ തീർച്ചയായും സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ അതിന് മാമോദീസ നല്കേണ്ടതാണ്.

§3. ശൈശവം മുതലേ ബുദ്ധിവൈകല്യം ഉള്ളവർക്ക് ശിശുക്കളെന്ന നിലയിലാണ് മാമോദീസ നൽകേണ്ടത്.

§4. കത്തോലിക്കാ മാതാപിതാക്കളുടെയോ അകത്തോലിക്കാ മാതാപിതാക്കളുടെയോ ഒരു ശിശു തിരിച്ചറിവാകുന്നതിനു മുമ്പ് മരിച്ചുപോകാവുന്ന ഗുരുതരാവസ്ഥയിലാണെങ്കിൽ, ആ ശിശുവിന് നിയമാനുസൃതം മാമോദീസ നൽകാവുന്നതാണ്.

§5. അകത്തോലിക്കരായ മാതാപിതാക്കളോ അവരിൽ ആരെങ്കിലുമൊരാളോ അല്ലെങ്കിൽ നിയമാനുസൃതം അവരുടെ സ്ഥാനത്തുള്ള വ്യക്തിയോ ആവശ്യപ്പെടുകയും, തങ്ങളുടെ തന്നെ ശുശ്രൂഷിയെ സമീപിക്കുവാൻ ശാരീരികമായും ധാർമ്മികമായും അവർക്ക് സാധിക്കാതെവരികയും ചെയ്യുകയാണെങ്കിൽ അകത്തോലിക്കാ മാതാപിതാക്കളുടെ ശിശുവിന് നിയമാനുസൃതം മാമോദീസ നല്കപ്പെടുന്നു.

**കാനോന 682 :** §1. ശൈശവം കഴിഞ്ഞ ഒരു വ്യക്തിക്ക് മാമോദീസ നൽകുന്നതിന് ആ വ്യക്തി മാമോദീസ സ്വീകരിക്കുന്നതിനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിക്കുകയും വിശ്വാസസത്യങ്ങളിൽ മതിയായ ശിക്ഷണം നേടിയിരിക്കുകയും ക്രിസ്തീയജീവിതം നയിക്കുവാൻ പ്രാപ്തനാണെന്ന് തെളിയിക്കപ്പെടുകയും

www.malankaralibrary.com



ചെയ്യേണ്ടതാണ്. വ്യക്തിപരമായ പാപങ്ങളെക്കുറിച്ച് പശ്ചാത്ത പിക്കുവാൻ പ്രസ്തുത വ്യക്തിയെ ഉദ്ബോധിപ്പിക്കണം.

§2. ശൈശവം കഴിഞ്ഞതും മരണാസന്നാവസ്ഥയിലുള്ളതുമായ ഒരു വ്യക്തിക്ക് അടിസ്ഥാന വിശ്വാസസത്യങ്ങളെപ്പറ്റി അറിവുണ്ടായിരിക്കുകയും മാമോദീസ സ്വീകരിക്കുവാനുള്ള ഉദ്ദേശ്യം അയാൾ ഏതെങ്കിലും രീതിയിൽ പ്രകടമാക്കുകയും ചെയ്താൽ മാമോദീസ നല്കാവുന്നതാണ്.

**കാനോന 683 :** മാമോദീസ സ്വീകരിക്കുന്ന വ്യക്തിനിയമാനുസൃതം അംഗമായിത്തീരേണ്ട സ്വയാധികാരസഭയിലെ ആരാധനക്രമവിധിപ്രകാരമാണ് മാമോദീസ പരികർമ്മം ചെയ്യേണ്ടത്.

**കാനോന 684 :** §1. മാമോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ തലതൊടുവാനായി ഒരാളെങ്കിലും സഭകളുടെ അതിപുരാതന-രീതി അനുസരിച്ച് ഉണ്ടായിരിക്കേണ്ടതാണ്.

§2. ശൈശവം പിന്നിട്ട വ്യക്തിയുടെ ക്രിസ്തീയജീവിത പ്രവേശനത്തിൽ സഹായിച്ചുകൊണ്ട് തലതൊടുന്ന വ്യക്തി തന്റെ ഉത്തരവാദിത്വം പൂർത്തിയാക്കേണ്ടതാണ്. ശിശുവിനെ മാമോദീസയ്ക്കായി കൊണ്ടുവരികയും മാമോദീസയ്ക്കനുസൃതം ക്രിസ്തീയജീവിതം നയിക്കുവാനും അതുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ വിശ്വസ്തതാപൂർവ്വം നിറവേറ്റുവാനും അയാളെ സഹായിക്കുകയും ചെയ്യുന്നതിലൂടെയാണ് ശിശുസ്നാനത്തിൽ തലതൊടുന്നവ്യക്തി തന്റെ ഉത്തരവാദിത്വം പൂർത്തിയാക്കേണ്ടത്.

**കാനോന 685 :** §1. തന്റെ ഉത്തരവാദിത്വം സാധുവായി നിർവ്വഹിക്കുന്നതിന് തലതൊടുന്നയാൾ

www.malankaralibrary.com



1. മാമോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബാന എന്നീ മൂന്ന് കൂദാശകളാൽ ക്രിസ്തീയജീവിതത്തിൽ പ്രവേശിച്ചി രിക്കണം,

2. §3. പരിഗണിച്ചുകൊണ്ടുതന്നെ കത്തോലിക്കാസഭയിലെ അംഗമായിരിക്കണം.

3. തലതൊടുന്നതിന്റെ ഉത്തരവാദിത്വം നിറവേറ്റുവാനുള്ള ഉദ്ദേശ്യമുണ്ടായിരിക്കണം.

4. സ്നാനാർത്ഥിയാലോ,അദ്ദേഹത്തിന്റെ മാതാപിതാക്കളാലോ രക്ഷകർത്താക്കളാലോ, ഇങ്ങനെയാരുമില്ലെങ്കിൽ ശുശ്രൂഷി (minister)യാലോ നിയോഗിക്കപ്പെട്ടിരിക്കണം.

5. മാമോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ പിതാവോ, ജീവിതപങ്കാളിയോ ആയിരിക്കരുത്.

6. മഹറോൻ ശിക്ഷ (ചെറുതായതുപോലും) യിലോ സസ്പെൻഷ നിലോ നീക്കം ചെയ്യലിലോ (deposition) പെടാത്തവനും തലതൊടുന്നതിനുള്ള അവകാശം എടുത്തുകളയപ്പെടാത്ത വനും ആയിരിക്കണം.

§2. തലതൊടുന്നയാളുടെ ഉത്തരവാദിത്വം നിയമാനുസൃതം ഏറ്റെടുക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ഉണ്ടായിരിക്കുന്നതി നോടൊപ്പം, തലതൊടുന്നയാൾ പ്രത്യേക നിയമം ആവശ്യപ്പെടു ന്നത്ര പ്രായമുള്ള വ്യക്തിയായിരിക്കുകയും വിശ്വാസത്തിനും ഏറ്റെ ടുക്കേണ്ട ദൗത്യത്തിനും അനുസൃതമായ ജീവിതം നയിക്കുന്ന ആളായിരിക്കേണ്ടതുമാണ്.

§3. ന്യായമായ കാരണം ഉള്ളപ്പോൾ പൗരസ്ത്യ അകത്തോ ലിക്കാസഭയിലെ ഒരു ക്രൈസ്തവ വിശ്വാസിയെ തലതൊടുന്നയാ ളുടെ കർത്തവ്യം അനുഷ്ഠിക്കാൻ അനുവദിക്കാവുന്നതാണ്; എന്നാൽ എല്ലായിപ്പോഴും ഇത് തലതൊടുന്ന കത്തോലിക്കനായ ഒരാളോടൊപ്പമായിരിക്കണം.

www.malankaralibrary.com



**കാനോന 686 :** §1. നിയമാനുസൃത ആചാരമനുസരിച്ച് ശിശുവിനെ എത്രയും പെട്ടെന്ന് മാമോദീസ മുക്കുവാനുള്ള കടമ മാതാപിതാക്കൾക്കുണ്ട്.

§2. മാമോദീസ സ്വീകരിക്കുന്ന ശിശുവിന്റെ മാതാപിതാക്കൾക്കും തലതൊടാനുള്ളവർക്കും ഈ കൂദാശയുടെ അർത്ഥത്തെയും ഇതുമായി ബന്ധപ്പെട്ട കടമകളെയുംപറ്റി ശിക്ഷണം ലഭിച്ചിട്ടുണ്ടെന്നും, കൂദാശ പരികർമ്മം ചെയ്യുവാൻ അവർ വേണ്ട വിധം ഒരുങ്ങിയിട്ടുള്ള വരാണെന്നും ഇടവക വികാരി ഉറപ്പു വരുത്തണം.

**കാനോന 687 :** §1. നിയമാനുസൃതമായ ആചാരങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെ, അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ മാമോദീസ പരികർമ്മം ചെയ്യപ്പെടേണ്ടത് ഇടവക ദൈവാലയ ത്തിൽ വച്ചാണ്.

§2. പ്രത്യേകനിയമത്തിന്റെ അനുശാസനപ്രകാരമോ, അല്ലെങ്കിൽ സ്ഥലമേലദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടിയോ സ്വകാര്യ ഭവനങ്ങളിൽവച്ച് മാമോദീസ പരികർമ്മം ചെയ്യാവുന്നതാണ്.

**കാനോന 688 :** തലതൊടുന്നയാൾ ഇല്ലാത്തപക്ഷം, മാമോദീസ നടന്നുവെന്ന് തെളിയിക്കുന്ന ഒരു സാക്ഷിയെങ്കിലുമുണ്ടായിരിക്കുവാൻ മാമോദീസ പരികർമ്മം ചെയ്യുന്നയാൾ ശ്രദ്ധിക്കേണ്ടതാണ്.

**കാനോന 689 :** §1. മാമോദീസ സ്വീകരിക്കുന്ന വ്യക്തികൾ, കാർമികൻ, മാതാപിതാക്കൾ, തലതൊടുന്നവർ എന്നിവരുടെ പേരുകൾ, സാക്ഷികളുണ്ടെങ്കിൽ അവരുടെ പേര്, മാമോദീസ യുടെ സ്ഥലവും തീയതിയും, അതുപോലെതന്നെ മാമോദീസ സ്വീകരിച്ചവരുടെ ജന്മസ്ഥലം, അവർ അംഗമായിത്തീർന്നിരിക്കുന്ന സ്വയാധികാരസഭ എന്നീ കാര്യങ്ങൾ മാമോദീസ പരികർമ്മം ചെയ്യപ്പെടുന്നസ്ഥലത്തെ ഇടവകവികാരി മാമോദീസ രജിസ്റ്ററിൽ ശ്രദ്ധാപൂർവ്വം താമസംവിനാ രേഖപ്പെടുത്തേണ്ടതാണ്.

www.malankaralibrary.com



§2. അവിവാഹിതയായ ഒരു അമ്മയുടെ കുഞ്ഞിന്റെ കാര്യത്തിൽ, അവളുടെ മാതൃത്വം പരസ്യമായി സ്ഥാപിക്കപ്പെടുകയോ അല്ലെങ്കിൽ അവൾ സ്വയം രേഖാമൂലമോ രണ്ടു സാക്ഷികളുടെ മുമ്പാകെയോ ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം, അമ്മയുടെ പേര് സൂചിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ ഏതെങ്കിലും പരസ്യരേഖമൂലമോ വികാരിയുടെയും രണ്ട് സാക്ഷികളുടെയും മുമ്പാകെയുള്ള പ്രഖ്യാപനംവഴിയോ പിതൃത്വം തെളിയിക്കപ്പെടുകയാണെങ്കിൽ പിതാവിന്റെ പേരും സൂചിപ്പിക്കേണ്ടതാണ്. മറ്റു സാഹചര്യങ്ങളിൽ പിതാവിന്റെയോ മാതാപിതാക്കളുടെയോ പേരിനെപ്പറ്റി സൂചനയൊന്നും നല്കാതെ, മാമോദീസ സ്വീകരിച്ചയാളുടെ പേര് രേഖപ്പെടുത്തേ ണ്ടതാണ്.

§3. ദത്തെടുക്കപ്പെട്ട കുട്ടിയുടെ കാര്യത്തിൽ, ദത്തുമാതാപിതാക്കളുടെ പേരുകൾ രേഖപ്പെടുത്തുന്നു. സ്വാഭാവികമാതാപിതാക്കളുടെ പേരുകൾ സിവിൽ രേഖകളിലെങ്കിലും ഉണ്ടെങ്കിൽ §1-ലെയും §2-ലെയും മാനദണ്ഡങ്ങൾ അനുസരിച്ചും പ്രത്യേകനിയമം പരിഗണിച്ചുകൊണ്ടും അവരുടെ പേരുകൾ രേഖപ്പെടു ത്തുന്നു.

**കാനോന 690 :** ഇടവകവികാരിയാലോ, അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലോ അല്ല മാമോദീസ പരികർമ്മം ചെയ്യപ്പെട്ടതെങ്കിൽ പരികർമ്മം ചെയ്തയാൾ സ്ഥലത്തെ ഇടവകവികാരിയെ അക്കാര്യം അറിയിക്കേണ്ടതാണ്.

**കാനോന 691 :** മറ്റാർക്കും ഹാനികരമല്ലെങ്കിൽ മാമോദീസ തെളിയിക്കുന്നതിന് സംശയാതീതനായ ഏകസാക്ഷിയുടെമാത്രം, പ്രഖ്യാപനം, അല്ലെങ്കിൽ മാമോദീസ സ്വീകരിച്ച വ്യക്തിയുടെ അസന്ദിഗ്ധവാദമുഖാധിഷ്ഠിതമായ പ്രഖ്യാപനം - പ്രത്യേകിച്ച്, അയാൾ മാമേദീസ സ്വീകരിച്ചത് ശിശുപ്രായം കഴിഞ്ഞാണെങ്കിൽ - മതിയാകുന്നതാണ്.

www.malankaralibrary.com



## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങൾ (CPCSMCC)

**കാനോന 471 :** പൗരസ്ത്യ സഭകളുടെ കാനോന 685 §2. പരിഗണിച്ചുകൊണ്ടുതന്നെ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ തലതൊടുന്ന വ്യക്തിക്ക് 18 വയസ് പൂർത്തിയായിരിക്കണം.

**കാനോന 472:** ഇടവകയ്ക്ക് പുറത്തുള്ള ജ്ഞാനസ്നാന മാതാപിതാക്കൾ അവരുടെ സ്വന്തം ഇടവക വൈദികനിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ ഹാജരാക്കണം. കാനോന 473. ദത്തെടുക്കപ്പെട്ട കുട്ടിയുടെ കാര്യത്തിൽ, കുട്ടിയെ ദത്തെടുത്ത മാതാപിതാക്കളുടെ പേരുകൾ മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തണം. ദത്തെടുക്കുന്ന മാതാപിതാക്കൾ പേരുകൾ അറിയുകയും അവ രേഖപ്പെടുത്താൻ സമ്മതിക്കുകയും ചെയ്താൽ സ്വാഭാവിക മാതാപിതാക്കളുടെ പേരുകൾ രേഖപ്പെടുത്തുന്നു.

**കാനോന 474:** മാമ്മോദീസ നടത്തപ്പെടുന്ന സ്ഥലത്തെ ഇടവക വികാരി അത് കൃത്യമായും കാലതാമസമില്ലാതെയും മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

**കാനോന. 475:** മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പാരമ്പര്യമനുസരിച്ച്, ആൺകുട്ടികളുടെ തലതൊടുന്ന വ്യക്തി പുരുഷനും പെൺകുട്ടികളുടെത് സ്ത്രീയുമായിരിക്കും.

**കനോന 476:** സാധാരണയായി, മാമ്മോദീസ സമയത്ത് ഒരു കുട്ടിക്ക് ഒരു ക്രിസ്ത്യൻ പേര് നൽകണം.

**കാനോന 477:** സ്നാനമേറ്റ കുട്ടിയെ പരിശുദ്ധ മദ്ബഹായിലേക്ക് കൊണ്ടുവരികയും കുട്ടിയെ ബലിപീഠത്തിൽ ചുംബിക്കുകയും ചെയ്യുന്ന പാരമ്പര്യം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലുണ്ട്. ഇത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബാധകമാണ്.

www.malankaralibrary.com



## ഉപസംഹാരം

മനുഷ്യൻ ഒരു സത്യാന്വേഷികനാണ്. അതേസമയംത്തന്നെ ഏറെ പരിമിതികൾ ഉള്ളവനാണവൻ. ദൈവത്തിന്റെ അപരിമേയത, സർവ്വശക്തി എന്നിവ ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യണമെങ്കിൽ അവൻ തന്നിൽനിന്ന്, അതായത് തന്റെ പരിമിതി കളിൽ നിന്ന്, സ്വയം പുറത്തുകടക്കണം. എന്നാൽ ദൈവമാകട്ടെ, മനുഷ്യന്റെ സംസ്കാരം, സാഹചര്യം ഇങ്ങനെ നിരവധിയായ പരിമിതികൾക്കുള്ളിൽ ഒരുക്കി സ്വയം ആവിഷ്കരിക്കുകയാണ്. ഈ ദൈവമനുഷ്യബന്ധത്തിന്റെ സമാഗമമാണ് രക്ഷാകരചരിത്രം. ഇപ്രകാരമുള്ള രക്ഷാകരചരിത്ര ത്തിന്റെ അടിസ്ഥാനവും പൂർത്തീകരണവുമാണ് യേശുവിൽ സമാഗമിക്കുന്നത്. മനുഷ്യൻ ദൈവത്തോട് സംവദിക്കുന്നതും ദൈവം മനുഷ്യന്റെ മുമ്പിൽ തന്നെത്തന്നെ വെളിപ്പെടുന്നതും ക്രിസ്തുവിലൂടെയാണ്.

കൂദാശകൾ യേശുക്രിസ്തു സ്ഥാപിച്ചവയാണ്. യേശു ക്രിസ്തുവാണ് യഥാർത്ഥവും അടിസ്ഥാനപരവുമായ കൂദാശ. ഈ കൂദാശയുടെ തുടർച്ചയാണ് സഭ. മാമോദീസ അടക്കമുള്ള കൂദാശകൾ സഭയിലാണ് പരികർമ്മം ചെയ്യപ്പെടുക. അതിനാൽ തന്നെ കൂദാശകൾ നിലനിൽക്കുന്നത് സഭയിലാണ്. ക്രിസ്തു വിന്റെ രക്ഷാകരരഹസ്യം നമുക്ക് കൈമാറുന്നതിനായി അവിടുന്ന് തന്നെ ക്രമീകരിച്ചതും, രൂപം കൊടുത്തതും സ്ഥാപിച്ചതുമാണ് കൂദാശകൾ. സഭാചരിത്രം പരിശോധിച്ചാൽ ഏഴു കൂദാശകളെ ക്കുറിച്ചു സഭയ്ക്കു ബോധ്യമുണ്ടാവുകയും അവ അനുഷ്ഠിച്ചു തുടങ്ങുകയും ചെയ്തത് വളരെ നീണ്ട ഒരു കാലയളവിലൂടെയാ ണെന്ന് നമുക്ക് കാണാം. യേശുവിന്റെ ഉത്ഥാനാന്തരം തൊട്ടടുത്ത കാലത്തു സഭയ്ക്ക് ബോധ്യമുണ്ടായിരുന്നതും അനുഷ്ഠിച്ചു പോന്നതുമായ കൂദാശകൾ രണ്ടെണ്ണം-അവയാണ് മാമോദീസയും, വി. കുർബാനയും. ഇതിനാൽത്തന്നെ ഈ കൂദാശകളുടെ

www.malankaralibrary.com



പ്രാധാന്യം വ്യക്തവും സ്പഷ്ടവുമാണ്. വിശുദ്ധ ഗ്രന്ഥം ഉടനീളം പരിശോധിക്കുമ്പോൾ ഇത് നമുക്ക് വ്യക്തമാണ്.

ആദിയിൽ, പറുദീസായിൽ, കൃപയുടെ അവസ്ഥയിൽ ജീവിച്ചിരുന്ന മനുഷ്യൻ പാപം മൂലം തന്റെ ദൈവീക ഉടയാട നഷ്ടമാക്കി, ദൈവസംസർഗ്ഗത്തിൽ നിന്നും പുറത്തായി. ഇപ്രകാരം പാപത്താൽ നഷ്ടപ്പെട്ട തന്റെ മക്കളുടെ വീണ്ടെടുപ്പിനായി ദൈവം കാലത്തിന്റെ തികവിൽ തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു. അവൻ തന്റെ പെസഹാ രഹസ്യങ്ങളാൽ അവരെ നേടി. കുരിശിലെ തന്റെ ബലിയാൽ അവൻ അവരെ പിതാവിനോട് രഞ്ജിപ്പിച്ചു. പടയാളികളുടെ കുന്തത്താൽ തുറക്കപ്പെട്ട അവന്റെ വിലാവിൽ നിന്നും ഒഴുകിയിറങ്ങിയ ജലവും നിണവുംകൊണ്ട് വിശുദ്ധ മാമോദീസയും പരിശുദ്ധ കുർബാനയും സ്ഥാപിച്ചുകൊണ്ട് പറുദീസ അനുഭവത്തിലേക്ക് മാനവരെ തിരിച്ചുവിളിച്ചു. അങ്ങനെ ആദിയിൽ നഷ്ടപ്പെട്ട കൃപയുടെ വസ്ത്രവും പറുദീസാ യിൽ രുചിക്കാത്ത ജീവന്റെ ഫലവും നൽകിക്കൊണ്ട് അവൻ അവർക്ക് രക്ഷയുടെ സന്തോഷം നൽകി.

ഇപ്രകാരം മനുഷ്യരെ രക്ഷയിലേക്ക് ആനയിക്കാൻ തന്റെ സഭയെ സ്ഥാപിക്കുകയും അതിൽ അണയാത്ത ദീപങ്ങളായ് കൂദാശകൾ സ്ഥാപിക്കുകയും ചെയ്തു. 'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം അവകാശമാക്കുകയില്ല എന്നുരചെയ്തുകൊണ്ട് തന്റെ സഭയിലൂടെ അവൻ വിഭാവനം ചെയ്ത രക്ഷയുടെ കവാടമായി മാമോദീസയെ സ്ഥാപിക്കുകയും ചെയ്തു. ഇതിനാൽ, മനുഷ്യർ ദൈവമക്കളും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളും, തിരുസഭയിലെ അംഗങ്ങളും, ദൈവരാജ്യത്തിന് അവകാശികളുമായി ഭവിക്കുന്നു.

അനാദിയിലെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമായ ഈ കൂദാശ ഒരുവനെ പഴയ മനുഷ്യന്റെ എല്ലാ ചെയ്തിക

www.malankaralibrary.com



ളോടുംകൂടെ നിഷ്കാസനം ചെയ്യുവാനും ക്രിസ്തുവിനെ ധരിക്കുവാനും പ്രേരിപ്പിക്കുന്നു. ഇപ്രകാരം, ആത്മീയ കഴുവലിലൂടെ രാജകീയ പുരോഹിതനാകുന്ന വ്യക്തി ശുശ്രൂഷാ പൗരോഹിത്യത്തോടുചേർന്ന് ബലി അർപ്പിക്കുകയും ആദിയിൽ ആദം രുചി നോക്കാത്ത ജീവന്റെ ഫലം ഭക്ഷിക്കുവാൻ യോഗ്യനാവുകയും ചെയ്യുന്നു. ഇങ്ങനെ കൂദാശാ ജീവിതത്തിലേക്ക് ഒരുവനെ യോഗ്യനാക്കുന്ന ഈ കൂദാശ അടിസ്ഥാന കൂദാശയായും പ്രവേശക കൂദാശയായും സഭയിൽ നിലകൊള്ളുന്നു.

ഒരുവനെ രക്ഷയുടെ ഭാഗമാക്കുന്ന ഈ കൂദാശ ആദിമ നൂറ്റാണ്ടുമുതൽ തന്നെ സഭ അനുഷ്ഠിച്ചുപോരുന്ന കൂദാശയായിരുന്നു. എങ്കിലും ഇതിന് നിയതമായ രൂപം സിദ്ധിക്കുവാൻ നൂറ്റാണ്ടുകളെടുത്തു. ഈ കൂദാശയുടെ ദൈവശാസ്ത്രപരമായ മാനങ്ങൾ ശക്തമായ രീതിയിൽ പ്രചരിക്കുവാൻ കാലങ്ങൾ എടുത്തു എന്നത് സഭാചരിത്രത്തിൽ നിന്ന് വ്യക്തമാണല്ലോ. വേദഗ്രന്ഥ അടിസ്ഥാനത്തിലുള്ള ഈ കൂദാശ വിശുദ്ധ ഗ്രന്ഥം ജീവിക്കുന്നതിനും ഒരുവനെ ഒരുക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിനാൽ ഒരാൾ ദൈവരാജ്യത്തിലെ അംഗവും ദൈവപുത്രസ്ഥാനവും അലങ്കരിക്കുന്നു.

മലങ്കര ആരാധനാക്രമം അനുസരിച്ച് പ്രവേശക കൂദാശയായി നിലകൊള്ളുന്ന ഈ കൂദാശ ദൈവസ്നേഹത്തിന്റെയും പരിപാലനയുടെയും കരം വ്യക്തമാക്കുന്നതാണ്. ഇതിനാൽത്തന്നെ മനോഹരമായ ആചാരാനുഷ്ഠാടനങ്ങളിലൂടെയും അർത്ഥസംബുഷ്ഠമായ പ്രാർത്ഥനകളിലൂടെയും ചിന്തയുണർത്തുന്ന പ്രതീകങ്ങളിലൂടെയുമാണ് മലങ്കര ആരാധനാക്രമത്തിൽ വിശുദ്ധ മാമോദീസ എന്ന കൂദാശ ക്രമീകരിച്ചിരിക്കുന്നത്. ഈ കൂദാശ ഒരുവന് പറുദീസാനുഭവം നൽകുന്നു.

www.malankaralibrary.com

**ആത്മാവിൽ ജനനം**

ഹ്രസ്വമായി, മാമോദീസ എന്നത് അടിസ്ഥാന കൂദാശയും പ്രവേശക കൂദാശയുമാകുന്നു. ഇതിനാൽ ഒരു വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവവും സഭയിലെ അംഗവും ദൈവരാജ്യത്തിന് അവകാശിയുമായി ഭവിക്കുന്നു. ഇതിനാൽ നഷ്ടപ്പെട്ട കൃപയുടെ വസ്ത്രം ആത്മാവ് ധരിക്കുകയും ക്രിസ്തുവിന്റേത് മാത്രമായി തീരുകയും ചെയ്യുന്നു. ഇത് അവനെ അന്ത്യത്തോളം യേശുവിന്റെ സഹോദരനായി പിതാവിന്റെ പുത്രനായി പരിശുദ്ധാത്മാവിന്റെ സ്നേഹിതനായി ജീവിക്കുവാൻ ക്ഷണിക്കുകയും പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു.